# ദീപനാളം

സത്യപ്രകാശമേ നയിച്ചാലും

ESTD-1968

കലാസാംസ്കാരിക ദേശീയവാരിക

2020 ഓഗസ്റ്റ് 20 | ദീപം 53 | നാളം 16 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.com




## ഇന്ത്യയുടെ വിദ്യാഭ്യാസ ഉദാരവത്കരണനയം

# ഗുണമേന്മയ്ക്കും സുസ്ഥിരവികസനത്തിനും

ഡോ. ബാബു സെബാസ്റ്റ്യൻ

2020 ജൂൺ 24 ന് വാഷിംഗ്ടണിൽ നടന്ന ഡയറക്ടർ ബോർഡ് യോഗത്തിൽ ഇന്ത്യയുടെ മനുഷ്യമൂലധനവികസനത്തിനായി വിപുലമായ ഒരു പദ്ധതിക്ക് അംഗീകാരം നല്കിക്കൊണ്ട് ലോകബാങ്കിന്റെ ഇന്ത്യൻ ഡയറക്ടർ ജുവനൈദ് അഹമ്മദ് ഇപ്രകാരമെഴുതി: "India recognize the need to significantly improve its learning outcomes to fuel future growth and meet the demands of the labour market... Investing more in early years of education will equip children with the skills required to compete for the jobs of the future."

2020 ജൂലൈ 29 ന് പുതിയ ദേശീയവിദ്യാഭ്യാസനയത്തിന് അംഗീകാരം നല്കുമ്പോൾ കേന്ദ്രഗവൺമെന്റ് ലക്ഷ്യംവച്ചതും ഇതുതന്നെയാണ്. പോരായ്മകൾ തിരിച്ചറിയുന്നു, കാതലായ മാറ്റത്തിന് തുടക്കം കുറിക്കുന്നു, ഗുണപരമായ വളർച്ച ലക്ഷ്യംവയ്ക്കുന്നു, തൊഴിൽകമ്പോളത്തിന്റെ ആവശ്യങ്ങൾക്കു മുൻഗണന നല്കുന്നു, പ്രാഥമികവിദ്യാഭ്യാസത്തിനു ശ്രദ്ധ കൊടുക്കുന്നു, പുതിയ മുതൽമുടക്ക് ഉറപ്പുവരുത്തുന്നു, വിദ്യാർത്ഥികളുടെ കഴിവിന് ഊന്നൽ നല്കുന്നു, മത്സരക്ഷമത വർദ്ധിപ്പിക്കുന്നു, രാജ്യത്തിന്റെ ഭാവിവളർച്ച ഉറപ്പുവരുത്തുന്നു. മൂന്നരപതിറ്റാണ്ടിനുശേഷം നിലവിൽവന്ന പുതിയ വിദ്യാഭ്യാസനയം അടുത്ത മൂന്നു പതിറ്റാണ്ടുകാലത്തെ ഇന്ത്യയുടെ വളർച്ചയാണ് ലക്ഷ്യംവയ്ക്കുന്നത്.

ലോകമെമ്പാടും 2030 ഓടുകൂടി ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം മുൻനിർത്തി യുനെസ്കോ 2015 ൽ പ്രഖ്യാപിച്ച SDG4 Education 2030 നയരേഖയുടെ കാതലായ ലക്ഷ്യവും ഇതുതന്നെയായിരുന്നു.

2018 ൽ ലോകബാങ്ക് തയ്യാറാക്കിയ മനുഷ്യമൂലധനസൂചികയിൽ ഇന്ത്യയുടെ സ്ഥാനം താരതമ്യേന പിന്നിലാണ്. 157 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ 115-ാമതാണ്. ജനസംഖ്യയുടെ 65 ശതമാനത്തിലധികം തൊഴിൽപ്രായത്തിലുള്ള ഇന്ത്യ തൊഴിലധിഷ്ഠിതപഠനരീതിയിലും തൊഴിൽകഴിവുകളിൽ ഊന്നിയുള്ള ബോധനശാസ്ത്രത്തിലും ചുവടുറപ്പിക്കുന്നു എന്നത് പുതിയ പ്രതീക്ഷ നല്കുന്നു.

20-ാം നൂറ്റാണ്ടിൽനിന്ന് 21-ാം നൂറ്റാണ്ടിലെത്തിയപ്പോൾ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം, ഘടന, ഉള്ളടക്കം, പ്രയോഗം, പ്രയോജനം എന്നീ തലങ്ങളിലെല്ലാം നിരവധി മാറ്റങ്ങളും പുതുമകളും വന്നുചേർന്നിരിക്കുന്നു. ശാസ്ത്രത്തിൽനിന്നു സാങ്കേതികവിദ്യയിലേക്കും, അറിവിൽനിന്നു കഴിവിലേക്കും, വിജ്ഞാനത്തിൽനിന്നു തൊഴിലിലേക്കും, അധ്യാപകനിൽനിന്നു വിഭവത്തിലേക്കും, ശ്രവണത്തിൽനിന്നു കാഴ്ചയിലേക്കും, യാഥാർത്ഥ്യത്തിൽനിന്നു സാങ്കല്പികതയിലേക്കും, പേപ്പറിൽനിന്നു ഡിജിറ്റലിലേക്കും എല്ലാം ആഗോളതലത്തിൽ വിദ്യാഭ്യാസം മാറിക്കഴിഞ്ഞിരിക്കുന്നു.

10



# മഹാമാരികൾ വേട്ടയാടുമ്പോൾ

കൊഴുവനാൽ ജോസ്

പോയ തലമുറയിൽ 'ശീമ' എന്നറിയപ്പെട്ടിരുന്ന ഒരു വൻകരയുണ്ടല്ലോ ആർഷഭാരതത്തിനും ഹിമവൽസാനുക്കൾക്കും വടക്ക്. അയൽക്കാരന്റെ അതിരിൽ തോണ്ടിയും ചൊറിഞ്ഞും സ്വന്തം പുരയിടത്തിനു വിസ്തൃതി കൂട്ടുന്ന അത്യാഗ്രഹിയെപ്പോലെ ശീമക്കാരും അയലത്തെ അതിരുകളിൽ തോണ്ടാൻ തുടങ്ങിയിട്ടു ദശകങ്ങളായി. അതിനിടെ അവിടെ ബുഹെ എന്നൊരു പ്രവിശ്യയും അതിൽ വുഹാൻ എന്ന പ്രദേശവും ഭൂതക്കണ്ണാടിനോക്കി കണ്ടുപിടിച്ച മലയാളിയെ വെല്ലാൻ ഭൂമിയിലാർക്കും നാളിതുവരെ കഴിഞ്ഞിട്ടില്ല. മഷിനോട്ടത്തിൽ മറ്റൊന്നുകൂടി അവനു ബോധ്യപ്പെട്ടു. വുഹാനിൽ ഭിഷഗ്വരം പഠിക്കാൻ സാധ്യത കൂടുതലാണത്രേ. കെട്ടുംകെട്ടി പോയി പഠനം തുടങ്ങി. അപ്പോഴാണ് എട്ടിന്റെ പണി. ഭൂതക്കണ്ണാടിയിൽപ്പോലും കണ്ടുപിടിക്കാൻ കഴിയാത്ത ഒരു സൂക്ഷ്മഭൂതം വന്ന് പഠിതാക്കളെ ചവിട്ടിപ്പുറത്താക്കിയിട്ട് അകത്തുനിന്നു വാതിലടച്ചു കുറ്റിയിട്ടു. ആ കൊടുംഭീകരൻ ഊതിവിട്ട വിഷവിത്തുകളെ അറിയാതെ തൂത്തുവാരി മാറാപ്പിലാക്കി തോളിലേറ്റിയ പഠിതാക്കൾ തിരിച്ചുപോന്നു. അവർ ഇവിടെയും ആ വിത്തു പാകി. പിന്നാലെ മറ്റു പലരും.

ക്രമേണ ആ വിഷവിത്തുകൾ ഭൂതലമാകെ നിറഞ്ഞു മുളച്ചു. വാതിലുകൾ ഒന്നൊന്നായി അടഞ്ഞു. രാജ്യങ്ങളും ഭൂഖണ്ഡങ്ങളും അടഞ്ഞു. ചലനമില്ല. ശബ്ദമില്ല. നട്ടുച്ചയെപ്പോലും പാതിരാവാക്കുന്ന കട്ടപിടിച്ച കാർമേഘം പടർത്തുന്ന അന്ധകാരംപോലെ ഭീതിയുടെ കറുകറുത്ത നിഴൽ ഭൂഗോളത്തെ ഒന്നടങ്കം വലയത്തിലാക്കി. മകരക്കാറ്റിൽ റബർത്തോട്ടത്തിൽ ഇല കൊഴിയുമ്പോലെ ലോകമാസകലം മനുഷ്യർ മരിച്ചുവീഴുന്നു. അവരുടെ മൃതദേഹങ്ങൾ ഉൾക്കൊള്ളാൻ ഇടമില്ലാതെ ഭൂമി നിലവിളിക്കുന്നു. പ്രോട്ടോക്കോളിൽ പൊതിഞ്ഞുകെട്ടിയ പിതാവിന്റെ ശവശരീരം ഒന്നുകാണാൻപോലുമാകാതെ വിദേശത്തു കിടന്ന് ചങ്കുപൊട്ടി കരയുന്ന മകൾ ഒരിടത്ത്. നൊന്തുപ്രസവിച്ചു മാതൃസ്നേഹമൂട്ടി വളർത്തിയെടുത്ത പൊന്നുമോനു ചുംബനം കൊടുക്കാൻ കഴിയാതെ വാവിട്ടുകരയുന്ന പെറ്റമ്മ മറ്റൊരിടത്ത്. അനാഥമായ ശവശരീരങ്ങൾ ഏതോ മണൽക്കാട്ടിലെ ആഴക്കുഴിയിൽ തള്ളുന്നത് വീഡിയോയിൽ കണ്ട് മാറത്തടിച്ചുകരയുന്ന ബന്ധുജനങ്ങൾ വേറൊരിടത്ത്. ഉള്ളവനും ഇല്ലാത്തവനും ബാലനും വൃദ്ധനും സായിപ്പും നീഗ്രോയും ഒരുപോലെ. ഇതു തുല്യതയുടെ ഭൂമി. സർവ്വോത്കൃഷ്ടമായ പാഠശാല.

05

# വിദ്യയുടെ വിളക്കുമരം

## പാലാ സെന്റ് തോമസ് കോളജിന് സപ്തതി



ഡോ. സിറിയക് തോമസ്

**പാ**ലാ സെന്റ് തോമസ് കോളജ് സമാരംഭിച്ചിട്ട് എഴുപതു വർഷം പൂർത്തിയാവുന്നു.

പാലായിൽ ഒരു കോളജിനുള്ള പരിശ്രമങ്ങൾ ആദ്യമാരംഭിച്ചത് 1937 ലായിരുന്നു. പ്രൊഫ. എ.ഒ. ജോസഫ്, കെ.സി. സെബാസ്റ്റ്യൻ, എം.എൽ.സി. ആയിരുന്ന എ.സി. കുര്യാക്കോസ് തുടങ്ങിയവരായിരുന്നു അന്നതിനു മുന്നിൽ നിന്നത്. എന്തുകൊണ്ടോ അത് അത്ര മുന്നോട്ടുപോയില്ല. വീണ്ടും കോളജിനുള്ള പരിശ്രമങ്ങൾ വന്നത് 1947 നു ശേഷമാണ്. പാലാ വലിയപള്ളിയുടെ ചുമതലയിൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയത് അന്നു വികാരിയായിരുന്ന ഫാദർ എമ്മാനുവൽ മേച്ചേരിക്കുന്നേലും പാലായിലെ ട്രെയിനിങ് സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ഫാദർ സെബാസ്റ്റ്യൻ വയലിൽ എന്ന മാണിക്കുട്ടിയച്ചനും പിന്നെ, ജോർജ് തോമസ് കൊട്ടുകാപ്പള്ളി, ആർ.വി. തോമസ്, കെ.എം. ചാണ്ടി, ചെറിയാൻ കാപ്പൻ, തോമസ് ചെറിയതു മേനാംപറമ്പിൽ, കെ.സി. സെബാസ്റ്റ്യൻ, എ.ഒ. ജോസഫ്, നെച്ചികാട്ടു ജോൺ വൈദ്യൻ, എം.എ. സഖറിയാസ് തുടങ്ങിയവരായിരുന്നു. അന്നു മുനിസിപ്പൽ ചെയർമാൻ ആയിരുന്ന ജോർജ് തോമസ് കൊട്ടുകാപ്പള്ളിയുടെ അധ്യക്ഷതയിൽ ചേർന്ന പൗരയോഗത്തിൽ നിയമസഭാ സ്പീക്കർ ആയിരുന്ന ആർ.വി. തോമസാണ് പാലായിൽ ഒരു കോളജ് ആരംഭിക്കണമെന്ന പ്രമേയം അവതരിപ്പിച്ചത്. സർവസമ്മതമായി അതു പാസ്സാവുകയും ചെയ്തു. തുടർന്നാണ് കോളജ് നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയത്. മാണിക്കുട്ടിയച്ചനാണ് കോളജ് കമ്മിറ്റിയുടെ പ്രസിഡന്റായത്. കോളജിനുള്ള അപേക്ഷ സമർപ്പിക്കാനുള്ള ഫീസ് 300 ക. സാഹിത്യതിലകൻ ഷെവലിയർ ഡോ. സി.കെ. മറ്റത്തിലച്ചനാണ് സംഭാവന ചെയ്തത്. അതും അദ്ദേഹത്തിന്റെ ആകെ സമ്പാദ്യമായി പാലാ സെൻട്രൽ ബാങ്കിലുണ്ടായിരുന്ന 1000 കയിൽനിന്ന്.

സർക്കാർ-സർവ്വകലാശാലാ അനുമതിക്കായി അന്ന് എം.എൽ.എ.മാർ ആയിരുന്ന കെ. എം.ചാണ്ടി, ചെറിയാൻ കാപ്പൻ എന്നിവരെയും ചുമതലപ്പെടുത്തി. അനുമതി ആയതോടെ പണിതുടങ്ങി. 1950 ഓഗസ്റ്റ് ഏഴിന് അന്നത്തെ കോട്ടയം ബിഷപ് മാർ തോമസ് തറയിലാണ് ആദ്യമന്ദിരം കൂദാശ ചെയ്ത് കോളജിന്റെ ഉദ്ഘാടനം നിർവ്വഹിച്ചനുഗ്രഹിച്ചത്. അന്നുതന്നെയാണ് പാലാ രൂപത സ്ഥാപിച്ചുകൊണ്ടും കോളജ് കമ്മിറ്റി പ്രസിഡന്റായിരുന്ന മാണിക്കുട്ടിയച്ചനെ മാർ സെബാസ്റ്റ്യൻ വയലിൽ എന്ന പേരിൽ പാലായുടെ ആദ്യബിഷപ്പായി നിയമിച്ചു കൊണ്ടുമുള്ള മാർപാപ്പയുടെ കല്പന ഉണ്ടായതും. ആദ്യത്തെ പ്രിൻസിപ്പലായി വന്നത് കേന്ദ്ര ഗവൺമെന്റിൽ ഇക്കണോമിക് അഡ്വൈസർ ആയിരുന്ന ഡോ പി. ജെ. തോമസ് ആയിരുന്നു. തുടർന്ന്, ഫാ. ജോസഫ് കുരീത്തടം. പിന്നീട് ഡോ. എൻ.എം. തോമസച്ചനും പ്രഫ. പി. എം. ചാക്കോസാറും ജെയിംസ് വെള്ളാങ്കലച്ചനും ഫാ. ഈനാസും ഫിലിപ് ഞരളക്കാട്ടച്ചനും കുര്യൻ മറ്റത്തിലച്ചനും പ്രിൻസിപ്പൽമാരായി. ഇപ്പോഴത്തെ പ്രിൻസിപ്പൽ ചരിത്രപണ്ഡിതനായ ഡോ. ജെയിംസ് മംഗലത്തച്ചനാണ്.

ഒട്ടേറെ പ്രഗല്ഭരായ അധ്യാപകരും അതിലും പ്രശസ്തരായ വിദ്യാർത്ഥികളും കോളജിന്റെ ചരിത്രത്തെ സമ്പന്നമാക്കിയവരായുണ്ട്. പ്രഫ. ആരുവാ മുദായ്യങ്കാർ, പ്രഫ. പി.സി. ജോസഫ്, ഷെവലിയർ വി.ജെ. ജോസഫ്, ഫാ. ജോൺ മറ്റം, ഫാ. കുര്യാസ്, പ്രഫ. പി.കെ. മാണി, പ്രഫ. എ.വി. വർക്കി, പ്രഫ. കെ. രാമകൃഷ്ണപിള്ള, പ്രഫ. വി. ജെ. മത്തായി, പ്രഫ. എം. ടി. തര്യൻ, പ്രഫ. പി. കൊച്ചുണ്ണിപ്പണിക്കർ, പ്രഫ. ഡി. ഔസേപ്പ്, പ്രഫ. സി. ജെ. സെബാസ്റ്റ്യൻ, മന്ത്രിയായിരുന്ന പ്രഫ. എൻ. എം. ജോസഫ്, എം.എൽ.എ. ആയിരുന്ന പ്രഫ. വി. ജെ. ജോസഫ്, എം.ജി യിൽ ആദ്യ വി.സി. ആയ ഡോ. എ.റ്റി. ദേവസ്യ, കേരളയിൽ വി.സി. ആയിരുന്ന ഡോ. എ.വി. വർഗീസ്, കൊച്ചിയിൽ വി.സി.ആയ ഡോ.എൻ ഉണ്ണികൃഷ്ണൻ നായർ, കാലടി വി.സി. ആയ ഡോ.എം.സി. ദിലീപ് കുമാർ, പിന്നെ എം.ജി.യിൽ തന്നെ വി. സി.മാരായ ഞാനും ഡോ. ബാബു സെബാസ്റ്റ്യനും ഇവിടെത്തന്നെ പഠിപ്പിച്ചിരുന്ന ഡോ. സിബി മാത്യു ഐ.പി.എസ്, ഇപ്പോൾ എംജിയിൽ രജിസ്ട്രാർ ആയിട്ടുള്ള ഡോ. പ്രകാശ് കുമാർ, ഇപ്പോഴത്തെ കോളജ് വൈസ് പ്രിൻസിപ്പൽ ഡോ. സണ്ണി കുര്യാക്കോസ്... പറഞ്ഞുപോയാൽ തീരാത്ത ലിസ്റ്റാണ് മനസ്സിൽ.



**മാർ സെബാസ്റ്റ്യൻ വയലിൽ**
കോളജ് സ്ഥാപകൻ

വിദ്യാർഥികളുടെ നിരയും ഇതുപോലെതന്നെ തിളക്കമുള്ളതാണ്. സുപ്രീംകോടതി ചീഫ് ജസ്റ്റീസ് ആയിരുന്ന കെ. ജി. ബാലകൃഷ്ണൻ, അവിടെത്തന്നെ ജഡ്ജിയായ സിറിയക് ജോസഫ്, അവിടെ പ്രമുഖ അഭിഭാഷകനായ വിൽസ് മാത്യൂസ്, രാജ്യസഭയുടെ ഡെപ്യൂട്ടി സെക്രട്ടറി ജനറൽ പദവിയിലെത്തിയ ജോൺ ജോസഫ്, ദി വീക് എഡിറ്റർ ആർ. പ്രസന്നൻ, ദീപികയുടെ ഡൽഹി എഡിറ്റർ ജോർജ് കള്ളിവയലിൽ,



**മാർ ജോസഫ് കല്ലറങ്ങാട്ട്**
രക്ഷാധികാരി



**മാർ ജേക്കബ് മുരിക്കൻ**
മാനേജർ



**മാർ ജോസഫ് പള്ളിക്കാപറമ്പിൽ**
മുൻ രക്ഷാധികാരി

കേന്ദ്രപ്ലാനിംഗ് കമ്മീഷൻ ഡയറക്ടർമാരായിരുന്ന ഡോ. കുര്യൻ മണ്ണനാലും ഡോ. അഗസ്റ്റിൻ പീറ്ററും, അംബാസഡർ സിബി ജോർജ്, ചീഫ് ഇൻകംടാക്സ് കമ്മീഷണർ സക്കിർ തോമസ്, ഗ്രേറ്റ് ബ്രിട്ടനിലെ ബിഷപ്



**ഡോ. പി.ജെ. തോമസ്**
പ്രഥമ പ്രിൻസിപ്പൽ



**ഡോ. ജയിംസ് മംഗലത്ത്**
പ്രിൻസിപ്പൽ

മാർ ജോസഫ് സ്രാമ്പിക്കൽ, ചീഫ് സെക്രട്ടറിമാരായിരുന്ന കെ. ജെ. മാത്യു, ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറിയും ഹോം സെക്രട്ടറിയുമായ ടി.കെ.ജോസ്, കായിക പ്രതിഭകളായിരുന്ന ജിമ്മി ജോർജ്, അനുജൻ ജോസ് ജോർജ്, ഇവിടെയും വ്യത്യസ്ത സ്ഥലങ്ങളിലും കോളജ് പ്രിൻസിപ്പൽമാരായവർ. ഇങ്ങനെ നീണ്ടുപോകുന്ന ലിസ്റ്റാണ് ഓർമ്മയിലേക്കു വരുന്നത്.

കഥാസാഹിത്യത്തിലെ നിത്യഹരിതൻ പ്രിയ സതീർഥ്യൻ സക്കറിയ, കവി ഏഴാച്ചേരി രാമചന്ദ്രൻ. പ്രശസ്ത ഹൃദ്രോഗ വിദഗ്ദ്ധൻ ഡോ. ജോസ് പെരിയപ്പുറം, പൾമിനോളജിസ്റ്റ് ഡോ. അഭിലാഷ്, എം.പി. മാരായിരുന്ന ജോയ് നടുക്കര, ജോയി എബ്രാഹം, എം.എൽ.എ. റോഷി അഗസ്റ്റിൻ ഇനിയും എത്രയോ എത്രയോ ശിഷ്യർ! ലിസ്റ്റിന് അവസാനമില്ല. സാധ്യവുമല്ല. പാലാ കോളേജിലെ വിദ്യാർഥികൾ ചെന്നെത്താത്ത സ്ഥലങ്ങളോ സേവനമേഖലകളോ ഉദ്യോഗപദവികളോ സാഹസികരംഗങ്ങളോ ഇല്ല എന്നതാണ് യാഥാർഥ്യം. ഈ കലാലയത്തിന്റെ എക്കാലത്തെയും ലോകമെമ്പാടുമുള്ള അംബാസഡർമാരും അവർതന്നെ.

മൂവായിരത്തോളം വിദ്യാർത്ഥികളും 154 അദ്ധ്യാപകരും 44 അനദ്ധ്യാപകരും ഉൾപ്പെടുന്നതാണ് ഇന്ന് സെന്റ് തോമസ് കുടുംബം. 18 ബിരുദപ്രോഗ്രാമുകൾ, 15 ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ, പത്ത് ഗവേഷണപ്രോഗ്രാമുകൾ, കൂടാതെ, ആഡ് ഓൺ കോഴ്സുകൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ, വാല്യൂ ആഡഡ് കോഴ്സുകൾ, വൊക്കേഷണൽ എഡ്യുക്കേഷൻ ആൻഡ് ട്രെയ്നിങ് കോഴ്സുകൾ തുടങ്ങി വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളും ഒരുമിച്ചുചേരുന്ന വിദ്യയുടെ മഹാക്ഷേത്രമാണ് സെന്റ് തോമസ് കോളജ്. എയ്ഡഡ് വിഭാഗത്തിൽ പതിന്നാല് പഠനവകുപ്പുകളും സ്വാശ്രയവിഭാഗത്തിൽ ആറ് പഠനവകുപ്പുകളുമുള്ള വിശാലവും സുന്ദരവുമായ കാമ്പസ്. ഒരു ലക്ഷത്തോളം പുസ്തകങ്ങളും മറ്റ് അനുബന്ധ പഠനസങ്കേതങ്ങളുമുള്ള ബൃഹത്തായ ലൈബ്രറി, അന്താരാഷ്ട്ര നിലവാരമുള്ള അത്യാധുനിക സ്പോർട്സ് കോംപ്ലക്സ്, ഒളിംപിക് നിലവാരത്തിലുള്ള സ്വിമ്മിങ് പൂൾ തുടങ്ങിയവ കോളജിന്റെ പ്രത്യേകതകളാണ്. കൂടാതെ, അതിവിശാലമായ മൈതാനം, ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ്ബോൾ, ഷട്ടിൽ കോർട്ടുകൾ, ഹെൽത്ത് ക്ലബ്, ജിംനേഷ്യം, ഓപ്പൺ ജിംനേഷ്യം, പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്ന വാക്കേഴ്സ് ലെയിൻ, ഇതെല്ലാമടങ്ങുന്ന അതിവിപുലമായ കായിക, വിനോദ, ഫിറ്റ്നസ് സൗകര്യങ്ങൾ. അത്യാധുനിക ലബോറട്ടറികളും ഗവേഷണസൗകര്യങ്ങളും ഇവിടെയുണ്ട്. പാലാ കോളജ് ഇപ്പോൾ മികവിന്റെ കേന്ദ്രമാണ്. യുജിസിയുടെ അംഗീകാരങ്ങൾ നാകിന്റെ ഉയർന്ന ഗ്രേഡിംഗുകൾ തുടക്കകാലം മുതൽ ഇന്നുവരെ തുടർച്ചയായി എല്ലാവിഷയങ്ങളിലുംതന്നെ റാങ്കുകളും ക്ലാസ്സുകളും.

1950 ൽ തുടങ്ങിയ കോളജിന് ഇപ്പോൾ 2020 ൽ സപ്തതിയാകുന്നു. ആ എഴുപതു വർഷങ്ങളിൽ 7 വർഷം വിദ്യാർഥിയായിട്ടും പിന്നെ 33 വർഷത്തോളം അധ്യാപകനായിട്ടും ജീവിതത്തിലെ പകുതിയിൽ കൂടുതൽ കാലവും ഞാൻ ഇവിടെത്തന്നെ ആയിരുന്നുവെന്നത് അഭിമാനത്തോടെ ഓർമ്മിക്കട്ടെ. കടന്നുപോന്ന വഴികളെ ഓർമ്മിക്കുന്നവർ ആ വഴികളിൽ ലഭിച്ച ദൈവകൃപകളെയും ഓർമ്മിക്കുന്നുവെന്നാണല്ലോ പ്രമാണം.

ഇവിടെത്തന്നെ അധ്യാപകനാവാനും പിൽക്കാലത്തു പാലാ കോളജുകൂടി ഉൾപ്പെടുന്ന സർവകലാശാലയുടെ വൈസ് ചാൻസലർ ആവാനും ദൈവാനുഗ്രഹമുണ്ടായി. ദൈവം തന്നതല്ലാതെ ഒന്നുമില്ലെന്നു വിശ്വസിക്കുവാനാണ് എനിക്കിഷ്ടം. അതാണു സത്യവും. കോളജ് സ്ഥാപകനായിരുന്ന ബിഷപ് മാർ സെബാസ്റ്റ്യൻ വയലിൽ പിതാവ് ആത്മകഥയിൽ പറഞ്ഞതെത്ര ശരിയാണെന്ന് എനിക്കും തോന്നുന്നു: 'ദൈവമേ, നിന്റെ വഴികൾ എത്ര സുന്ദരം!' പാലാ സെന്റ് തോമസ് കോളജിന് സപ്തതിയുടെ പ്രാർഥനാപ്രണാമം.

□

# മുല്ലപ്പെരിയാർ ഒരു പുരാണകഥയല്ല





റ്റോം ജോസ് തഴുവംകുന്ന്

പ്രളയക്കെടുതിയുമായി മറ്റൊരു ഓഗസ്റ്റ് വന്നെത്തിയിട്ടും മാറ്റങ്ങളെക്കാൾ മറവിയാണ് നമുക്കു കൂടുതലെന്നു തോന്നുന്നു. ദുരന്തഭീതിയുടെ വക്കിൽ വാചാലരാകുന്ന ‘അതിവിദഗ്ധരെ’ല്ലാം ദുരന്തമൊഴിയുന്നതോടെ രംഗം വിടുകയാണോ? മുല്ലപ്പെരിയാർ എല്ലാവരും വിസ്മരിച്ചുവോ? ആശങ്കപ്പെട്ടിരുന്ന നാളുകളൊഴിഞ്ഞ് മുല്ലപ്പെരിയാർ ‘അരോഗദൃഢഗാത്ര’നായോ? വാതോരാതെ മുല്ലപ്പെരിയാറിന്റെ ദുരവസ്ഥയെക്കുറിച്ചു സംസാരിച്ചിരുന്നവരുടെ നാവിൽനിന്ന് ‘തൊണ്ടയിൽ കുടുങ്ങിയ സത്യ’മായി മുല്ലപ്പെരിയാർ മാറിയോ? വെറും കടംകഥയോ പുരാണമോ ആയി മുല്ലപ്പെരിയാറിന്റെ ദുരന്തഭീഷണി ഒതുങ്ങിയോ? നാമെല്ലാം ഒരു കാര്യം ഓർമ്മിക്കുന്നതു നന്ന്. മുല്ലപ്പെരിയാർ ‘മൗന’മെങ്കിലും ‘വാചാല’മാണ്. തീർത്തും വിസ്മരിക്കേണ്ട ഒന്നല്ല, വലിയൊരു ജനസമൂഹത്തിന്റെ ജീവന്റെമേൽ കരിനിഴൽ വീഴ്ത്തിനിൽക്കുന്ന ഒരു യാഥാർത്ഥ്യമാണ് മുല്ലപ്പെരിയാർ.

ദുരന്തമിങ്ങെത്തുമ്പോൾ മാത്രമുള്ള ഞെട്ടലും ദുരന്തനിവാരണവും നഷ്ടപരിഹാരവുമല്ല, മനുഷ്യജീവനു വില നൽകുന്ന പ്രായോഗികതയാണാവശ്യം. ‘ഒറ്റ രാജ്യം ഒരു ജനത’യെന്ന ചിന്ത രാജ്യത്തിന്റെ ശക്തിയെങ്കിൽ രണ്ടു സംസ്ഥാനങ്ങൾതമ്മിൽ മനുഷ്യരെ മറന്നുള്ള സാങ്കേതികത്തർക്കം ഒഴിവാക്കി, സ്ഥിരം പ്രസംഗിക്കുന്ന ജനക്ഷേമം എന്ന ചിന്താപദ്ധതിയിൽ മുല്ലപ്പെരിയാർ എന്ന വെള്ളക്കെട്ടിനെ അടിയന്തരവിഷയമായി സ്വീകരിച്ചുകൂടേ? വയസ്സാകുന്തോറും ആരോഗ്യം കുറയുമെന്ന സാമാന്യശാസ്ത്രം മുല്ലപ്പെരിയാർ ഡാമിനു മാത്രം ബാധകമാകാത്തതിലെ സ്വാർത്ഥത ആരുടേതാണ്? ജനങ്ങളുടെ ജീവൻ വച്ചാണോ രാഷ്ട്രീയം പറയുന്നത്? ഉടമസ്ഥാവകാശത്തർക്കമല്ല നടക്കേണ്ടത്; മുല്ലപ്പെരിയാർ ഒരു ദുരന്തമുഖത്താണോയെന്നു പഠിച്ചു യുക്തമായ തീരുമാനമാണെടുക്കേണ്ടത്. മുല്ലപ്പെരിയാർ എന്ന ജലശേഖരത്തിനു താഴേക്കുള്ള ‘പാതയിലെ’ ജീവിതങ്ങളുടെ ചങ്കിടിപ്പ് ഭരണാധികാരികൾക്കു കേൾക്കാനാകുന്നുണ്ടോ? വെള്ളം പാഞ്ഞുവരുമ്പോൾ ചാലുകീറാമെന്നുള്ള നിസംഗതയുണ്ടല്ലോ, അതാപത്താണ്. അതിതീവ്രമഴ ഒരു പാഠമായി മാറ്റാനായോ? ജനക്ഷേമമാണ് അജണ്ടയെങ്കിൽ കൂട്ടുത്തരവാദിത്വം ഉണ്ടാകണം. ആക്ഷേപമുന്നയിക്കുന്നതിനെക്കാൾ തങ്ങളിൽ നിക്ഷിപ്തമായ കർത്തവ്യം അനുഷ്ഠിക്കാൻ അധികാരികൾ പഠിക്കണം.

ദുരന്തമുഖത്തുകൂടി സാങ്കേതികത്വം പറഞ്ഞ് ഉലാത്തരുത്. മുല്ലപ്പെരിയാറും അനുബന്ധചിന്തകളും ഉടൻ പരിഹാരം കണ്ടെത്തേണ്ട യാഥാർത്ഥ്യമാണ്. മനുഷ്യജീവൻ അമൂല്യമാണ്. ചരിത്രവും പഴക്കവും ഉഭയസമ്മതവും ശാസ്ത്രീയതയും പറഞ്ഞ് മുല്ലപ്പെരിയാറിന്റെ അപകടസാധ്യതയെ അവഗണിക്കരുത്. സംഭരണശേഷി കുറച്ചുകൊണ്ടുവന്ന് പുതിയ ഡാം നിർമ്മിക്കുക തന്നെവേണം. ജലനിരപ്പുയർത്തിനിറുത്തി ‘വിധി’യെ വെല്ലുവിളിക്കരുത്. അപകടത്തിന്റെ മുന്നറിയിപ്പുകൾ ഡാമിന്റെ ചോർച്ചകളായി പ്രത്യക്ഷപ്പെടുമ്പോഴും സുരക്ഷിതമാണെന്ന് വിദഗ്ധസമിതി അഭിപ്രായപ്പെട്ടുവെന്നു പറയുന്ന വിഡ്ഢിത്തം ആവർത്തിക്കരുത്. പാവം മനുഷ്യരുടെ സാമാന്യബുദ്ധിയെപ്പോലും പരിഗണിക്കാത്ത ശാസ്ത്രീയവീക്ഷണവും വിലയിരുത്തലും എത്രയോ പരിഹാസ്യമാണ്! ‘വരുന്നതു വരുന്നിടത്തു കാണാ’മെന്ന അതിബുദ്ധി ആപത്താണ്. വിചിന്തനവും തിരുത്തലും പരിഹാരവും ഉണ്ടാകേണ്ടത് നാടിന്റെ ആവശ്യമാണ്. മറക്കരുത്, സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട.

■

# അട്ടിമറിക്കപ്പെടുന്ന പരിസ്ഥിതിനിയമങ്ങളും തകരുന്ന ഫെഡറൽ സംവിധാനവും



വൈഖരി പി. രാജൻ

ഭോപ്പാൽ വാതകദുരന്തവും (1984) തുടർന്നുണ്ടായ പരിസ്ഥിതിസംരക്ഷണനിയമവും (Environmental Protection Act 1986) അതുവരെ നിലനിന്നിരുന്ന പരിസ്ഥിതിനിയമങ്ങളിലെ എല്ലാത്തരം ന്യൂനതകളെയും ഒരുവിധം തിരുത്തിയാണ് നിലവിൽവന്നത്. ചെറുതും വലുതുമായ ഒട്ടനവധി പരിസ്ഥിതി നിയമങ്ങൾ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും നിലവിലിരുന്നിട്ടും അതിനെയെല്ലാം കാറ്റിൽ പറത്തി ദേശീയ ഹരിത ട്രിബ്യൂണലും പരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയവും വിദേശനിക്ഷേപകർക്കും വൻകിട കോർപ്പറേറ്റുകൾക്കും യഥേഷ്ടം വിഹരിക്കുവാൻ അവസരം നല്കിയ ഇടത്തിലേക്ക് അവസാന ആണി എന്നോണമാണ് പരിസ്ഥിതി ആഘാതപഠനം 2020 (Environment Impact Assessment) എത്തുന്നത്.



This has been done in the 'interest of the environment' എന്ന ആമുഖത്തോടുകൂടി തുടങ്ങുന്ന വിജ്ഞാപനത്തിൽ വേണ്ടുവോളം ഭേദഗതി വരുത്തി നിക്ഷേപസൗഹൃദ സ്റ്റേറ്റ് ആക്കി മാറ്റുവാൻ ആവോളം കഷ്ടപ്പെടുന്ന സർക്കാരിനു വീണുകിട്ടിയ മികച്ച അവസരം തന്നെയായിരുന്നു കൊവിഡ് കാലം. നിലവിൽ വ്യവസായികളെ പരിസ്ഥിതി ഉത്തരവാദിത്വത്തിൽനിന്നു വിട്ടുനിൽക്കുവാൻ സഹായിക്കുന്ന ഒന്നായി മാർച്ച് 12 ന് പരിസ്ഥിതിവകുപ്പുമന്ത്രി പ്രകാശ് ജാവദേക്കർ പുറത്തുവിട്ട ഈ കരടുനിയമത്തെ കാണേണ്ടതുണ്ട്. 'Polluter pays' എന്ന തത്ത്വത്തെ തീർത്തും 'Pollute and pay' എന്ന നിലയിൽ എത്തിക്കാൻ ശ്രമിക്കുമ്പോൾ പൊതുജനങ്ങൾക്ക് നിശ്ശബ്ദരായി നോക്കിനിൽക്കാനുള്ള അനുമതിമാത്രമേ നിയമം നല്കുന്നുള്ളൂ. ഏതൊരു പദ്ധതിയുടെയും ഉപഭോക്താക്കൾ പൊതുജനങ്ങളാണെന്നിരിക്കെത്തന്നെ അവരുടെ അഭിപ്രായം ആരായുന്നതിനുള്ള കാലാവധി 30 ൽനിന്ന് 20 ദിവസമായി കുറച്ചിരിക്കുന്നു. മാത്രമല്ല, പ്രതിരോധത്തിന്റെ (defence, strategic exemptions) പേരിലുള്ള പദ്ധതികൾക്ക് ഒന്നും തന്നെ ജനാഭിപ്രായം തേടേണ്ടതില്ല എന്നുള്ളതും ഇതിനൊപ്പം ചേർത്തുവായിക്കേണ്ടതാണ്. രാജ്യാതിർത്തികളിൽനിന്ന് 100 കിലോമീറ്റർ ഉള്ളിൽ ഈ പ്രതിരോധത്തിന്റെ കോട്ടമതിലുകൾ തീർക്കുന്നതിന്റെ പേരിൽ നിക്ഷേപകർക്ക് എന്തും ചെയ്യാം എന്നുള്ള അവസ്ഥ ഉണ്ടാവുമ്പോൾ സ്വാഭാവികമായി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഇത് എത്രത്തോളം ഭീതി പടർത്തുമെന്നുള്ളത് ആശങ്കാവഹമാണ്.

ഇരുപത്തിരണ്ടോളം ഔദ്യോഗികഭാഷകൾ നിലനിൽക്കുന്ന രാജ്യത്ത് ഇംഗ്ലീഷിലും ഹിന്ദിയിലും മാത്രമായി രാജ്യത്തിന്റെ സുപ്രധാന നിയമത്തെ സംബന്ധിച്ചുള്ള വിജ്ഞാപനം പുറത്തിറങ്ങുമ്പോൾ, കൊവിഡ് പ്രതിസന്ധിയിൽപെട്ടു കിടക്കുന്ന ഒരു ജനതയെ മറ്റൊരു പ്രഹരം നൽകിക്കൊണ്ട് തങ്ങളുടെ അഭിപ്രായം രേഖപ്പെടുത്താനുള്ള സമയംപോലും നൽകാതെ; ഓഗസ്റ്റ് 11 ന് പൊതു അഭിപ്രായം രേഖപ്പെടുത്തുവാൻ ഉള്ള കാലാവധി കഴിയുമ്പോൾ, തങ്ങളുടെ ഇടങ്ങളിൽ ഇരുന്നുകൊണ്ടുതന്നെ അഭിപ്രായസർവേ നടത്തിയ, വിജ്ഞാപനത്തിലെ പോരായ്മകൾ ചൂണ്ടിക്കാട്ടിയ Friday for Future, Let India Breathe, There is no Earth B എന്നീ ചാനലുകൾക്കെതിരേ UAPA ചുമത്തുകയും വെബ്സൈറ്റ് പൂട്ടിക്കുകയും അതു വിവാദമായപ്പോൾ UAPA പിൻവലിച്ച് IT ആക്റ്റ് ചുമത്തി അഭിപ്രായസ്വാതന്ത്ര്യത്തിനും രാജ്യത്തിന്റെ ഫെഡറലിസത്തിനും ശവക്കുഴി തോണ്ടുകയും ചെയ്ത സർക്കാർ വീണ്ടും മാതൃകയായി.

തെർമൽ പ്ലാന്റ്, കെമിക്കൽ ഫെർട്ടിലൈസർ കമ്പനി, മരുന്നു വ്യവസായശാലകൾ, വലിയ അണക്കെട്ടുകൾ തുടങ്ങി നാല്പതോളംതരം വ്യവസായശാലകൾ മുൻപരിസ്ഥിതി അനുമതി (Prior environment clearance) ഇല്ലാതെയും മുൻകാല പ്രാബല്യത്തോടെയും പ്രവർത്തിക്കുവാൻ അനുമതി കൊടുക്കുന്ന സർക്കാർ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെ മുഖവിലയ്ക്കെടുക്കുന്നില്ല എന്നുള്ളത് ഭയപ്പെടുത്തുന്നതാണ്. പരിസ്ഥിതി നിർവഹണപദ്ധതിപ്രകാരം നിക്ഷേപകൻ സ്വയം തയ്യാറാക്കുന്ന പ്ലാൻ മാത്രം മതിയാകും ഇനിയൊരു പദ്ധതി തുടങ്ങാൻ. നിക്ഷേപകൻ സ്വയം മുൻപോട്ടു വന്നു താൻ പരിസ്ഥിതിയെ നശിപ്പിച്ചു എന്നു പറയാത്തിടത്തോളം കാലം അയാളെ കുറ്റക്കാരനാക്കാൻ നിയമത്തിൽ ഇടമില്ല എന്നു ചുരുക്കം. ഭരണഘടന വിഭാവനം ചെയ്ത അധികാര വികേന്ദ്രീകരണം നിലനിൽക്കുന്ന ഒരു ഫെഡറൽ സ്റ്റേറ്റിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെയും സംസ്ഥാനങ്ങളെത്തന്നെയും നോക്കുകുത്തികളാക്കി പൊതുസ്ഥാപനങ്ങളെയൊക്കെ സ്വകാര്യവത്കരിച്ചും വിദ്യാഭ്യാസമേഖലയെയും നാടിനെത്തന്നെയും തീറെഴുതിയും ഒറ്റുകൊടുത്തും അവർ തീവ്രദേശീയതയുടെ വക്താക്കളാകും. അന്നും മനുഷ്യത്വത്തെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും സംസാരിക്കുന്ന എതിർശബ്ദങ്ങളെ ദേശദ്രോഹികളായി മുദ്രകുത്തി നാടുകടത്തും.

■

# ഒന്നിനും കൊള്ളാത്തവർ



അഡ്വ. ചാർളി പോൾ

ആൽബർട്ട് ഐൻസ്റ്റീനെ 'ഒന്നിനും കൊള്ളാത്തവൻ' എന്നാണ് ക്ലാസ് ടീച്ചർ വിശേഷിപ്പിച്ചിരുന്നത്. നാലു വയസിനു ശേഷമാണ് ഐൻസ്റ്റീൻ സംസാരിക്കാൻ തുടങ്ങിയത്. പതിനേഴാമത്തെ വയസിൽ സ്വിറ്റ്സർലണ്ടിലെ സൂറിച്ച് പോളിടെക്നിലേക്കുള്ള പ്രവേശനപ്പരീക്ഷയിൽ തോറ്റയാളാണ്. ഏവരും എഴുതിത്തള്ളിയ ആൽബർട്ട് ഐൻസ്റ്റീൻ ആധുനിക ഫിസിക്സിന്റെ പിതാവായിമാറി. 1921 ൽ നോബൽ സമ്മാനം ലഭിച്ചു. രക്ഷിതാക്കളും അധ്യാപകരും 'നിന്നെ ഒന്നിനും കൊള്ളില്ല' എന്ന ശകാരം ഉയർത്തിയ പലരും പ്രഗല്ഭരും പ്രശസ്തരുമായി മാറിയിട്ടുണ്ട്. ചിലരൊക്കെ ആത്മാഭിമാനം നഷ്ടപ്പെട്ട്, ആത്മവിശ്വാസം ആർജ്ജിക്കാനാകാതെ പിന്തള്ളപ്പെട്ടുപോയിട്ടുമുണ്ട്. ഒരിക്കൽപ്പോലും കുട്ടികളുടെ ആത്മാഭിമാനം നഷ്ടപ്പെടുത്തുന്ന പദപ്രയോഗങ്ങൾ ആരും പറയരുത്. ആത്മാഭിമാനവും ആത്മവിശ്വാസവുമാണ് വിജയത്തിന്റെ കാതൽ. അതു തകർന്നിട്ടും വിജയികളായവർ ധാരാളമുണ്ട്.



'മരമണ്ട'നെന്നു പറഞ്ഞ് അധ്യാപകർ തള്ളിക്കളഞ്ഞയാളാണ് തോമസ് ആൽവ എഡിസൺ. നിങ്ങളുടെ മകൻ കഴിവില്ലാത്തവനാണെന്നും സ്കൂളിൽനിന്നു കൊണ്ടുപൊയ്ക്കോളാനും പറഞ്ഞ് ക്ലാസ്സ് ടീച്ചർ എഡിസന്റെ അമ്മയ്ക്കു കത്തു നൽകി. 'കാര്യക്ഷമതയില്ല' എന്നുപറഞ്ഞ് ജോലികളിൽനിന്നു പിരിച്ചുവിട്ടു. അദ്ദേഹം പിന്നീട് 1,093 കണ്ടുപിടിത്തങ്ങൾ നടത്തി, ശാസ്ത്രപ്രതിഭയായിമാറി. ജനറൽ ഇലക്ട്രിക് ഉൾപ്പെടെ 14 കമ്പനികൾ സ്ഥാപിച്ചു. എഡിസനെ പുറത്താക്കിയവർതന്നെ പിന്നീട് എഡിസന്റെ കണ്ടുപിടിത്തങ്ങൾ ക്ലാസിൽ പഠിപ്പിച്ചു. അഭിനയംകൊണ്ടും ശബ്ദഗാംഭീര്യംകൊണ്ടും ശ്രദ്ധേയനായ അമിതാഭ് ബച്ചനോട്, 'താങ്കളുടെ ശബ്ദം നല്ലതല്ല' എന്നുപറഞ്ഞ് ഓൾ ഇന്ത്യ റേഡിയോയിലെ അനൗൺസർ തസ്തികയിലേക്കുള്ള അപേക്ഷ തള്ളിക്കളഞ്ഞിരുന്നു. 1999 ൽ ബി.ബി.സി. നടത്തിയ ഓൺലൈൻ തിരഞ്ഞെടുപ്പിൽ ഈ നൂറ്റാണ്ടിലെ സൂപ്പർ സ്റ്റാറായി തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയോടാണ്, ഇന്ത്യയിലെ എക്കാലത്തെയും സൂപ്പർസ്റ്റാറിനോടാണ് ഇങ്ങനെ പറഞ്ഞതെന്നോർക്കുക.

'ഒന്നിലും ശ്രദ്ധിക്കാൻ പറ്റാത്ത ഈ കുട്ടിക്ക് ഒരിക്കലും വിജയിക്കാൻ പറ്റില്ലെന്ന്' മൈക്കിൾ ഫെൽപ്സിന്റെ അമ്മയോട് ടീച്ചർ പറഞ്ഞു. തല വെള്ളത്തിൽ മുക്കാൻ മൈക്കിളിനു പേടിയായിരുന്നു. അതുകൊണ്ട് മൈക്കിൾ പിറകോട്ടു നീന്തി പരിശീലിച്ചു. ലോകത്തിലെ ഏറ്റവും മികച്ച നീന്തൽ താരമായി മാറിയ മൈക്കിൾ ഫെൽപ്സ്, 39 ലോകറിക്കാർഡുകൾ നീന്തലിൽ നേടി. ഒളിംപിക്സിൽ 16 മെഡലുകൾ നീന്തലിനു ലഭിച്ചു. 1999 ൽ ഈ നൂറ്റാണ്ടിലെ ഏറ്റവും വശ്യസുന്ദരിയായി പീപ്പിൾ മാസിക തിരഞ്ഞെടുത്ത മർലിൻ മൺറോയ്ക്ക് 1947ൽ ഒരു വർഷത്തെ മോഡലിംഗ് കോൺട്രാക്ടിനുശേഷം 'സുന്ദരിയല്ല' എന്ന കാരണത്താൽ കരാർ പുതുക്കിനൽകിയില്ല. കുട്ടിക്കാലത്ത് അനാഥാലയത്തിലാണ് മർലിൻ വളർന്നത്. അമ്മ മാനസികരോഗിയും വിധവയുമായിരുന്നു. അമേരിക്കൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് സിനിമാചരിത്രത്തിലെ ഏറ്റവും പ്രഗല്ഭയായ താരമായി മർലിൻ മൺറോ പിന്നീട് അറിയപ്പെട്ടു.

'റോക് എൻ റോൾ' അതികായനായ എൽവിസ് പ്രിസ്ലിക്ക് ഹൈസ്കൂളിൽ പഠിക്കുമ്പോൾ സംഗീതത്തിന് 'സി' ഗ്രേഡാണ് ടീച്ചർ നൽകിയത്. 1977 ൽ പ്രിസ്ലി മരിച്ചപ്പോൾ അദ്ദേഹത്തിന്റെ 600 മില്യൺ കോപ്പി ആൽബങ്ങൾ വിറ്റുകഴിഞ്ഞിരുന്നു. 36ാമത്തെ വയസിൽ 'ഗ്രാമി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡും' ലഭിച്ചു. ബാൾട്ടിമോറിലെ ടിവി ചാനലിൽ അവതാരകയായി ചേർന്ന ഓപ്ര വിൻഫ്രിയെ ചാനൽ മേധാവി വൈകാതെ പുറത്താക്കി. 'അവതരണം കൊള്ളില്ല' എന്നതായിരുന്നു കാരണം. വർഷങ്ങൾക്കുശേഷം ചരിത്രത്തിലെ എക്കാലത്തെയും പ്രശസ്തയായ ടിവി അവതാരികയും ചാനൽ ഉടമയുമായി അവർ മാറി. 144 രാജ്യങ്ങളിൽ ആരാധകരുള്ള ഓപ്ര വിൻഫ്രി ഷോയ്ക്ക് ആഴ്ചയിൽ 44 ദശലക്ഷം അമേരിക്കൻ കാഴ്ചക്കാരുണ്ട്. ഏറ്റവും ധനികയായ കറുത്ത അമേരിക്കക്കാരിയാണവർ. ഭാവനാശേഷിയും പുതിയ ആശയങ്ങളുമില്ലെന്ന ന്യായത്തിൽ വാൾട്ട് ഡിസ്നിയെ 'ഒന്നിനും കൊള്ളില്ലെന്നു'പറഞ്ഞ് അദ്ദേഹം ജോലി ചെയ്തിരുന്ന പത്രസ്ഥാപനത്തിൽനിന്നു പറഞ്ഞുവിട്ടു. ലോകത്തെ മാറ്റിമറിച്ച ഡിസ്നി കാർട്ടൂൺ പിറവിക്ക് അതു കാരണമായി. ദക്ഷിണ കാലിഫോർണിയായിൽ സർവകലാശാലയിലെ സ്കൂൾ ഓഫ് സിനിമാറ്റിക് ആർട്ട്സിൽ പ്രവേശനം നേടാൻ അപേക്ഷ അയച്ച് രണ്ടു തവണ പിന്തള്ളപ്പെട്ടയാളാണ് സ്റ്റീവൻ സ്പിൽബർഗ് എന്ന ഹോളിവുഡിലെ ഏറ്റവും വലിയ സംവിധായകൻ. മൂന്ന് ഓസ്കാർ അക്കാദമി പുരസ്കാരങ്ങൾ നേടിയ സ്റ്റീവൻ സ്പിൽബർഗിന്റെ പേരിൽ ഒരു കെട്ടിടംതന്നെ സർവകലാശാല അദ്ദേഹത്തോടുള്ള ആദരസൂചകമായി അവിടെ പണിതു. പഠിക്കാൻ കഴിവില്ലെന്നുപറഞ്ഞ് മിക്കദിവസവും ബഞ്ചിൽ കയറ്റിനിർത്തി ശിക്ഷിക്കപ്പെട്ടയാളാണ് ലോകപ്രശസ്ത ചിത്രകാരൻ പാബ്ലോ പിക്കാസോ.

പോരായ്മകളും ചെറിയ പരാജയങ്ങളുംവച്ച് കുഞ്ഞുങ്ങളെയെന്നല്ല ആരെയും അളക്കരുത്. മോശം മാർക്ക് ഷീറ്റോ പരീക്ഷകളിലെ പരാജയങ്ങളോ ഒന്നുമല്ല ജീവിതവിജയം നിർണയിക്കുന്നത്. തളർത്താതെ, തകർക്കാതെ കൂടുതൽ ഉയരങ്ങളിലേക്കു പറക്കാൻ കുഞ്ഞുങ്ങൾക്കു താങ്ങാകുക. തണലാകുക. 'എന്തില്ല' എന്നു നോക്കാതെ 'എന്തുണ്ട്' എന്നു തിരിച്ചറിയുക; വളർത്തുക. മക്കൾ പ്രതിഭകളാണ്, അനശ്വരപ്രതിഭകൾ.

□

കവിത

പ്രഫ. തോമസ് കണയംപ്ലാവൻ

## വിമലം സഫലം വാർദ്ധക്യം

വൃദ്ധജനങ്ങളൊരാശീർവാദം
മർത്ത്യസമൂഹമതറിയേണം.
അനുപമ,സുന്ദര,മതിഗംഭീരം,
അനുഭവഖനിയാം വാർദ്ധക്യം!
പല്ലില്ലാത്ത ചിരിക്കില്ലേയൊരു
മുല്ലപ്പൂവിൻ സൗഭാഗ്യം!
വെള്ളിനിലാവിൻ രശ്മികൾപോലെ
വെൺമതിളങ്ങും മുടിയിഴയിൽ
മാനവജീവിത സത്വവിശുദ്ധികൾ
കാണാൻ കണ്ണിനു കഴിയേണം.
തേനൊഴുകുന്നൊരു പൂങ്കനിയല്ലോ
ജ്ഞാനം കിനിയും വാർദ്ധക്യം!
രണ്ടാം ശൈശവമെന്നോതുന്നു
പണ്ഡിതരതിനെ സാർത്ഥകമായ്
അറിവില്ലാത്തൊരു ബാല്യം, ചഞ്ചല-
ഹൃദയം പേറും കൗമാരം,
ഉത്കടമായ വികാരപരമ്പര
ദുർഘടമാക്കും യൗവനവും
ഇല്ല, കൊതിക്കില്ലാരും വാർദ്ധക-
വല്ലിക്കുടിലിലിലണഞ്ഞെന്നാൽ!
ഇവിടെ വിരിഞ്ഞു വിരാജിക്കുകയാ-
ണവികല ശാന്തി സ്ഫുരണങ്ങൾ
ഇവിടെ ധ്യാനനിദിധ്യാസങ്ങൾ
പവിഴച്ചിറകുവിടർത്തുന്നു!
ചിന്മയനേകുമനുഗ്രഹമല്ലോ
നന്മകൾ നിറയും വാർദ്ധക്യം!
വാർദ്ധകമാകും കവിതയിലുള്ളതു
വാത്സല്യത്തിൻ രസമല്ലോ!
മുത്തവുമായിട്ടുണ്ണികളെത്തും
മുത്തച്ഛന്റെ മടിത്തട്ടിൽ
മുത്തശ്ശിക്കഥ പാൽപ്പായസമായ്
നിത്യവുമിമ്പം പകരുന്നു!
അമലം ശൈശവ, മതുപോലേറ്റം
വിമലം സഫലം വാർദ്ധക്യം.
ഇവ രണ്ടിന്നുമടുത്താണല്ലോ
മരണമെഴാത്തൊരു പറുദീസ!

## വായന

### ചെപ്പിലൊതുങ്ങാത്ത ഓർമകൾ

ചീഫ് എഡിറ്റർ : ഡോ. തോമസ് മൂലയിൽ
പ്രസാധനം : സ്മൃതി സമിതി, പാലാ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 200 രൂപ




പുരോഹിതനും പത്രാധിപരുമെന്ന നിലയിൽ ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച യശഃശരീരനായ റവ. ഫാ. ജെയിംസ് കൈപ്പൻപ്ലാക്കലച്ചനെക്കുറിച്ചുള്ള ഓർമക്കുറിപ്പുകളുടെ സമാഹാരം. സാഹിത്യവും കലയും എഴുത്തും അന്യവസ്തുക്കളായി കാണാതെ പൗരോഹിത്യത്തിന്റെ കൂടപ്പിറപ്പുകളായി ഉൾക്കൊണ്ട അദ്ദേഹത്തെക്കുറിച്ച് സഹപ്രവർത്തകരും സുഹൃത്തുക്കളും തയ്യാറാക്കിയ സ്മൃതിചിത്രങ്ങൾ. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അവതാരിക.

### ഓൺലൈൻ ലോകം അവസരങ്ങളുടെ അദ്ഭുതപ്രപഞ്ചം

ഗ്രന്ഥകർത്താവ് : അപർണ എം.
പ്രസാധനം : ഐ-വിൻ ബുക്സ്, ഇടപ്പള്ളി
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 100 രൂപ




ഓൺലൈൻ പഠനം അനിവാര്യമാകുന്ന ഇക്കാലഘട്ടത്തിൽ അതിന്റെ അനന്തസാധ്യതകൾ വെളിപ്പെടുത്തുന്ന ഗ്രന്ഥം.

ഒട്ടനേകം സർവ്വകലാശാലകളുടെ വിശദവിവരങ്ങളും നൽകിയിട്ടുണ്ട്. സൗജന്യമായി ലഭിക്കുന്ന കോഴ്സുകളെക്കുറിച്ച് പ്രത്യേകം പരാമർശിക്കുന്നു.

ദീപനാളം

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

**കണ്ടാലും! എത്ര വലിയ സ്നേഹമാണ് പിതാവു നമ്മോടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണുതാനും.**

1 യോഹന്നാൻ 3:1

**എഡിറ്റോറിയൽ**

# പുതിയ കരടുവിജ്ഞാപനം പരിസ്ഥിതിക്ക് ആഘാതമാവരുത്

പ്രകൃതിസംരക്ഷണത്തിനായി ഒട്ടേറെ സമരാധ്യായങ്ങൾ രചിച്ച കേരളമണ്ണിൽ, കേന്ദ്രസർക്കാരിന്റെ പുതിയ പരിസ്ഥിതി ആഘാതനിർണയവിജ്ഞാപനം (ഇ.ഐ.എ. കരട്) പുതുവിചാരണയ്ക്കിട നല്കിയിരിക്കുന്നു.

1994 ലാണ് ആദ്യത്തെ പരിസ്ഥിതിസംരക്ഷണനിയമത്തിനുള്ള വിജ്ഞാപനം പുറത്തുവന്നത്. 2006 ലും തുടർന്നും ചില ഭേദഗതികൾ ഈ ചട്ടത്തിലുണ്ടായി. പ്രസ്തുത നിയമഭേദഗതികളും കോടതിയുത്തരവുകളും ഉൾപ്പെടുത്തി പുതിയ നിയമം കൊണ്ടുവരുന്നതിനുള്ള കരടുവിജ്ഞാപനത്തെച്ചൊല്ലിയാണ് ഇപ്പോൾ വിവാദങ്ങൾ പുറപ്പെട്ടിരിക്കുന്നത്.

വ്യാപ്തിയും വലുപ്പവും അനുസരിച്ച് പദ്ധതികളെ എ, ബി എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായാണു തരംതിരിക്കുന്നത്. എ വിഭാഗത്തിനുള്ള അനുമതി കേന്ദ്രതലത്തിലും ബി വിഭാഗത്തിലുള്ള ഭൂരിഭാഗം പദ്ധതികളുടെയും അനുമതി സംസ്ഥാനതലത്തിലും പരിഗണിക്കുകയാണു നിലവിലുള്ള ചട്ടം. ഇതിൽ ബി വിഭാഗത്തെ ബി-ഒന്ന്, ബി-രണ്ട് എന്നു വീണ്ടും തരംതിരിക്കാറുണ്ട്. ബി-രണ്ട് വിഭാഗത്തെ കരടുവിജ്ഞാപനം പരിസ്ഥിതിയാഘാതപഠനത്തിൽനിന്നും പൊതുജനാഭിപ്രായമാരായലിൽനിന്നും ഒഴിവാക്കി. മാത്രമല്ല, നിലവിലുള്ള പരിസ്ഥിതിസംരക്ഷണനിയമപ്രകാരം, പരിസ്ഥിതിയാഘാതപഠനം അനിവാര്യമായിരുന്ന ഒട്ടേറെ പദ്ധതികളെ പുതിയ വിജ്ഞാപനപ്രകാരം പരിസ്ഥിതിയാഘാതപഠനം ആവശ്യമില്ലാത്ത ബി-രണ്ട് വിഭാഗത്തിലേക്കു മാറ്റിച്ചേർത്തിരിക്കുന്നു. ഇതു രാജ്യത്തെ ഏറെ പദ്ധതികളെയും വ്യവസായങ്ങളെയും ദോഷകരമായി ബാധിക്കുകയും ദുരുപയോഗത്തിനു കാരണമാവുകയും ചെയ്യുമെന്നാണ് നിരീക്ഷണവും വിമർശനവും.

പരിസ്ഥിതിയാഘാതവിജ്ഞാപനത്തിന്റെ കരട് ദൂരവ്യാപകവും വിപരീതവുമായ പ്രത്യാഘാതങ്ങൾക്കിടയാക്കുന്നതാകയാൽ, പല നിർദ്ദേശങ്ങളോടും യോജിക്കാനാവില്ലെന്നാണ് കേരള സർക്കാരിന്റെ പൊതുനിലപാട്. പ്രധാനമായും ഖനനാനുമതിയുമായി ബന്ധപ്പെട്ട നിയമഭേദഗതിയാണ് സംസ്ഥാനം ഉയർത്തുന്നത്. ഖനനവുമായി ബന്ധപ്പെട്ട് ഇടത്തരം വിഭാഗത്തിലെ ബി-ഒന്നിൽ അഞ്ചു ഹെക്ടറിനും നൂറു ഹെക്ടറിനുമിടയിലുള്ള ഖനനപ്രവർത്തനങ്ങൾക്ക് അനുമതി നല്കുമ്പോൾ പരിസ്ഥിതിക്ലിയറൻസ് നിലവിൽ ആവശ്യമാണ്. ഇതിൽ അഞ്ചു ഹെക്ടർ എന്നത് രണ്ടു ഹെക്ടർ എന്നാക്കി ഭേദഗതി ചെയ്യണമെന്നാണ് സംസ്ഥാനത്തിന്റെ ആവശ്യം.

പദ്ധതികളുടെ അനുമതിക്കുമുമ്പ് പൊതുജനാഭിപ്രായം കേൾക്കുന്നതിന് അനുവദിച്ചിട്ടുള്ള സമയം പരിസ്ഥിതിയാഘാതവിജ്ഞാപനത്തിന്റെ കരടിൽ 20 ദിവസമായി കുറച്ചത് 30 ദിവസംതന്നെ നിലനിർത്തണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിരിക്കുന്നു. ഇത്രയും കുറഞ്ഞ സമയം ആദിവാസിമേഖലകളിലും മറ്റു പ്രാദേശികസമൂഹങ്ങളിലും അഭിപ്രായപ്രകടനത്തിന് അപര്യാപ്തമാണെന്നും ജനാധിപത്യസംവിധാനത്തിൽ പൊതുജനാഭിപ്രായരൂപീകരണം അടിച്ചമർത്താനാവില്ലെന്നും സംസ്ഥാനം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

നിലവിലുള്ള സംരംഭങ്ങളുടെ വികസനത്തിനും വിപുലീകരണത്തിനും പരിസ്ഥിതി വിലയിരുത്തൽ ആവശ്യമില്ലെന്നും, പദ്ധതികളുടെ നടത്തിപ്പിനുശേഷം പരിസ്ഥിതിപഠനവും അതിനുള്ള അനുമതിയും തേടിയാൽമതിയെന്നുമുള്ള നിർദ്ദേശങ്ങൾ പുനഃപരിശോധിക്കേണ്ടതാണ്. പരിസ്ഥിതി അനുമതിയോടെ മാത്രമേ വൻവികസനപദ്ധതികളും വ്യവസായസംരംഭങ്ങളും ആരംഭിക്കാനാവൂ എന്ന നിബന്ധന തുടർന്നും പാലിക്കപ്പെടണം. അതുപോലെതന്നെ, ആഗോളതലത്തിൽ നിലവിലുള്ള പരിസ്ഥിതി മാനദണ്ഡങ്ങളും മനുഷ്യാവകാശങ്ങളും മാനിക്കപ്പെടുന്നുവെന്നും, 'പരിസ്ഥിതി ധാർമ്മികത' ഗൗരവമായി പരിഗണിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ മാത്രമല്ല, ഓരോ പൗരന്റെയും ദൗത്യവും ഉത്തരവാദിത്വവുമാണെന്ന് ഓർത്തിരിക്കേണ്ടതാണ്.

□

# മഹാമാരികൾ വേട്ടയാടുമ്പോൾ

1-ാം പേജ് തുടർച്ച

പകർച്ചവ്യാധിയുടെ താണ്ഡവം തുടരുകയാണ്. ട്രിപ്പിൾ ലോക്ഡൗൺ, ക്വാറന്റൈൻ, ട്രൂനാറ്റ് ടെസ്റ്റ്, സീറോ സർവേ, ഹോട്സ്പോട് തുടങ്ങിയ കടിച്ചാൽ പൊട്ടാത്ത പ്രയോഗങ്ങൾ നവമാധ്യമങ്ങളിൽ തലങ്ങും വിലങ്ങും പറന്നുനടക്കുന്നു.

മഹാമാരിയുടെ കരാളഹസ്തങ്ങളിൽ ഭൂതലമാകെ പിടയുമ്പോഴും ഈ മണ്ണിൽ ദിവസേന അരങ്ങേറുന്ന കള്ളക്കടത്തുകാരുടെ കാണാക്കളികളും സാമൂഹികദ്രോഹികളുടെ ഗുണ്ടാവിളയാട്ടങ്ങളും കൊല്ലും കൊലയും സ്ത്രീ, വൃദ്ധ, ബാലപീഡനങ്ങളും സർവോപരി രാഷ്ട്രീയവേതാളങ്ങളുടെ പൂരപ്പാട്ടും കുതികാൽവെട്ടും കണ്ടും കേട്ടും ഉള്ളം പുകയുന്ന സാധാരണക്കാർക്ക് ഒന്നേ അനുമാനിക്കാനാവൂ: ഈ ദുഷ്ചെയ്തികളുടെ പാപഭാരമത്രയും ശിക്ഷയായി പെയ്തിറങ്ങുന്ന നാളുകളാണിന്ന്. ചെയ്യുന്നവർ പക്ഷേ, അറിയുന്നില്ല. ചിന്തിക്കാൻ അവർക്കു സമയമില്ല. അപരനെ മറന്നിട്ട് അവനവനെ മാത്രം സേവിക്കുന്ന മനോഭാവം ജനതയെ കീഴ്പ്പെടുത്തിയിരിക്കുന്നു.

ഭരണഘടനയെപ്പോലും ചുട്ടുതിന്നുന്ന നെറികെട്ട രാഷ്ട്രീയക്കാരുടെ ഭൂമിയാണിത്. അവർക്കു കുടപിടിക്കുന്ന വകതിരിവില്ലാത്ത വകുപ്പുമേധാവികൾക്കും അവരോടൊപ്പം ചേർന്ന് ഏതുതരം നിയമനിഷേധത്തിനും രാജ്യദ്രോഹത്തിനും തയ്യാറായിനില്ക്കുന്ന വക്രബുദ്ധികളായ ആർത്തിപ്പണ്ടാരങ്ങൾക്കും മനസ്സില്ലാമനസ്സോടെ കിടക്കയൊരുക്കുന്നതും ഈ ഭൂമിതന്നെ. അവരൊക്കെ കൂട്ടിവച്ചിരിക്കുന്ന അനർഹമായ സമ്പാദ്യം, മുറിവേറ്റ നിസ്സഹായന്റെ ആത്മനൊമ്പരം, മണ്ണിൽ വീണ ബലഹീനന്റെ ചുടുരക്തം, ആകാശങ്ങളിൽ മാറ്റൊലിക്കൊള്ളുന്ന കുരുന്നുകളുടെ വിലാപം എല്ലാം സ്രഷ്ടാവിന്റെ തിരുമുമ്പിൽ നീതിക്കുവേണ്ടി നിലവിളിക്കുമ്പോൾ കിട്ടുന്ന ശിക്ഷ മാനവരാശി ഏറ്റുവാങ്ങാതെ തരമില്ല. ലോകത്തിനുമേൽ നിപതിച്ച ഈ മഹാമാരിയെയോർത്തു പൊട്ടിക്കരയുന്ന രാഷ്ട്രത്തലവന്മാരോടും പ്രത്യാശയോടെ കൈകൾ കൂപ്പുന്ന മതനേതാക്കളോടുമൊപ്പം നമുക്കും മുട്ടുകൾ മടക്കാം. എന്തെന്നാൽ, അവിടെയാണു പ്രതീക്ഷ. അവിടെയാണ് ആശ്വാസം. അവിടെയാണു രക്ഷ. മരണത്തിന്റെ നിഴൽ വീണ താഴ്വരയായി ഭൂമി മാറിയിരിക്കുന്നു. കൊവിഡിനെ പേടിച്ച് ആത്മഹത്യ ചെയ്തവർ കേരളത്തിൽത്തന്നെയുണ്ട്. ഇതൊന്നും വകവയ്ക്കാതെ എല്ലിൻകഷണം കിട്ടിയ നായയെപ്പോലെ നാടോടുന്നത് സ്വർണക്കട്ടികൾ നിറച്ച, ഡിപ്ലോമാറ്റിക് ബാഗുകളുടെ പിന്നാലെ. മൂല്യങ്ങളെ ചവിട്ടിമെതിക്കുന്നവർ മൂലയ്ക്കൊതുങ്ങാതെ തരമില്ല. അതു പ്രകൃതിയുടെ രീതിയും പ്രകൃതിനിയന്താവിന്റെ നീതിയുമാണ്.

ഈ മഹാമാരിക്ക് 2019 ൽ തുടക്കമിട്ടതുകൊണ്ടാവാം ഇതിന് കൊവിഡ് 19 എന്നു പേരുവീണത്. അഞ്ചു വർഷംമുമ്പുതന്നെ ബിൽ ഗെയ്റ്റ്സ് ഇതിനെപ്പറ്റി പറഞ്ഞിരുന്നുവെന്നും കേൾക്കുന്നു. തീർന്നില്ല. പിന്നാലെ ഇതിനെക്കാൾ നശീകരണശേഷിയുള്ള വൈറസുകൾ ചൈനയിലെ പന്നികളിൽ നിന്നുദ്ഭവിച്ച് ലോകമാകെ പടരുമെന്നു മറ്റൊരു വാർത്ത. 48 കോടി കിലോമീറ്ററുകൾക്കപ്പുറത്തുള്ള ചൊവ്വയിലെ പാറയെടുക്കാൻ ഒരുങ്ങുന്ന ശാസ്ത്രം, കാണാൻപോലും പറ്റാത്ത ഇത്തിരിപ്പോന്ന ഈ വൈറസിനു മുമ്പിൽ മുട്ടുവിറച്ചു നിൽക്കുമ്പോൾ നമുക്കു റപ്പിക്കാം, അന്ന് ബഥാനിയായിൽവച്ച്, വിശ്വസിച്ചാൽ നീ ദൈവമഹത്ത്വം ദർശിക്കുമെന്നു പറഞ്ഞവൻ നമ്മോടൊപ്പമുണ്ട്. അവനയച്ച മഹാദുരന്തങ്ങൾ ലോകചരിത്രത്തിൽ നിരവധിയാണല്ലോ. നോഹയുടെ കാലത്തെ ജലപ്രളയം, മോശയുടെ നാളുകളിൽ ഈജിപ്തുകാരുടെമേൽ വന്നുപതിച്ച മഹാമാരി തുടങ്ങിയവ അവയുടെ തുടക്കങ്ങളായിരുന്നു. അതാണ് ഇപ്പോൾ SARS CoV 19 എന്ന കോവിഡ് 19 ൽ എത്തിനിൽക്കുന്നത്. 2003 ൽ SARS CoV 1, 2012 ൽ Mers CoV തുടങ്ങിയ സാംക്രമികരോഗങ്ങളും ആളുകളെ കൊന്നൊടുക്കി. ഉദ്ദേശം 100 കൊല്ലംമുമ്പ് ഇതിനോടു സമാനമായ സ്പാനിഷ് ഫ്ളൂ അഞ്ചു കോടിയിലധികം ജനങ്ങൾക്കാണു ജീവഹാനി വരുത്തിയത്. 1957-58 കാലത്തു വന്നുകൂടിയ ഏഷ്യൻ ഫ്ളൂ 11 ലക്ഷം പേർക്കും 68-69 ലെ ഹോംഗ് കോങ് ഫ്ളൂ 10 ലക്ഷം പേർക്കും മരണം വിതച്ചു കടന്നുപോയി.

നൂറ്റമ്പതിലേറെ രാഷ്ട്രങ്ങൾ രാവും പകലും പരീക്ഷണശാലകളിൽ കോവിഡ് 19 നുള്ള ഫലപ്രദമായ വാക്സിൻ കണ്ടെത്താനുള്ള തീവ്രശ്രമത്തിലാണ്. ഈ പരിശ്രമത്തിന്റെ രണ്ടാംഘട്ട പരീക്ഷണവും വിജയം കണ്ടുവെന്നാണ് പുറത്തുവന്നിരിക്കുന്ന വാർത്ത. ഈ ഉദ്യമങ്ങൾ കഴിവതും വേഗം പരിപൂർണമായി ഫലപ്രാപ്തിയിലെത്തട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കാം.

ദൈവത്തിന്റെ സ്വന്തം നാടെന്നു പ്രകീർത്തിക്കപ്പെടുന്ന മലയാളക്കര ചങ്കുപൊട്ടിക്കരയുന്ന നൊമ്പരക്കാഴ്ചകളാണെങ്ങും. നിയതമായ ഒരു കാലചക്രത്തിന്റെ ഗതിവിഗതികൾക്കനുസൃതമായി സന്തുലിതമായ ഒരു കാലാവസ്ഥ കാലാകാലങ്ങളായി അനുഭവിച്ചുപോന്ന ഒരു ജനതതി ഇവിടെ ഉണ്ടായിരുന്നു. ഏപ്രിൽ മുതലുള്ള നാലുമാസം ഇടവപ്പാതിയുടേതായിരുന്നു. ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും നല്ല മഴകിട്ടിയിരുന്ന കാലം. ഓഗസ്റ്റ് മുതൽ നവംബർവരെ തുലാവർഷത്താൽ സമ്പുഷ്ടമാക്കപ്പെട്ടിരുന്ന നാട് പിന്നീടുള്ള നാലുമാസങ്ങൾ വേനൽച്ചൂടിൽ നീറിക്കഴിയേണ്ടിയിരുന്നു.

പക്ഷേ, ക്രമേണ കാലം മാറി. കാലാവസ്ഥ മാറി. 2018 ലെ മേഘവിസ്ഫോടനവും തത്ഫലമായുണ്ടായ അതിതീവ്ര മഴപ്പെയ്ത്തും ഡാം തുറക്കലുമെല്ലാംകൂടി കേരളത്തെ പ്രളയജലത്തിൽ മുക്കിത്താഴ്ത്തിയല്ലോ. നൂറുകണക്കിനു ജീവഹാനി. കോടികളുടെ മുതൽനഷ്ടം. ക്രൂരമൃഗങ്ങൾ മാന്തിപ്പറിച്ച പേടമാനിന്റെ ചേതനയറ്റ ശരീരംപോലെ വികൃതമാക്കപ്പെട്ടു കേരളമണ്ണ്. 2019 ലും ഓഗസ്റ്റിൽത്തന്നെ വൈകിയെത്തിയ കാലവർഷം കലിതുള്ളി. നാടും നഗരവും മലവെള്ളത്തിൽ മുങ്ങി. മലയിടിഞ്ഞും ഉരുൾപൊട്ടിയും മണ്ണിനടിയിൽ ജീവനോടെ മൂടപ്പെട്ടവരുടെ എണ്ണംപോലും കൃത്യമല്ല. ദുരന്തങ്ങളുടെ അവശേഷിപ്പുകൾപോലെ പുത്തുമലയും കവളപ്പാറയും മറ്റും തേങ്ങലടങ്ങാതെ മയങ്ങുമ്പോൾ ഇതാ മൂന്നാമത്തെ ഓഗസ്റ്റും മരണങ്ങളും നാശങ്ങളും വാരിവിതറി കടന്നുവന്നിരിക്കുന്നു. പെട്ടിമുടിയിലെ മണ്ണിനടിയിൽ അറിയാതെ മൂടപ്പെട്ടവർ, നിനച്ചിരിയാതെ അലറിപ്പാഞ്ഞെത്തിയ വെള്ളക്കെട്ടിൽവീണ് കാണാമറയത്തേക്ക് ഒഴുകിപ്പോയവർ, ഒപ്പം പറയട്ടെ, കരിപ്പൂരിലെ റൺവേയുടെ താഴ്ചയിൽ ജീവിതം ഹോമിച്ചവർ.

രോഗപീഡകൾക്കിടയിലും പ്രതീക്ഷ കൈവിടാതെ മാർത്തോമ്മാസഭയിലെ റവ. സാജൻ പി. മാത്യു രചിച്ച് ഈണമിട്ടു പാടി ഹിറ്റായ ഒരു ഗാനത്തിന്റെ ആദ്യത്തെ നാലുവരികൾ ഇങ്ങനെ:

ഒരു മഴയും തോരാതിരുന്നിട്ടില്ല
ഒരു കാറ്റും അടങ്ങാതിരുന്നിട്ടില്ല
ഒരു രാവും പുലരാതിരുന്നിട്ടില്ല
ഒരു നോവും കുറയാതിരുന്നിട്ടില്ല.

അതേ, ഈ ദുരിതകാലം നാം അതിജീവിക്കുക തന്നെ ചെയ്യും. കാലം അതിനു സാക്ഷിയാവട്ടെ.

□

കഥ
പൊന്നൻ

# ക്ലാരയും എബിയും പിന്നെ ജിക്കുവും

രാത്രിമുതൽ തുടങ്ങിയ മഴയ്ക്ക് ഒരു ശമനവുമില്ല. അയാൾ ട്രാഫിക്കിലൂടെ ഒരു സർക്കസ്സുകാരനെപ്പോലെ തന്റെ വാഹനം ഒരു വിധത്തിൽ മുമ്പോട്ടു കൊണ്ടുപൊയ്ക്കൊണ്ടിരുന്നു. വീട്ടിൽനിന്നിറങ്ങിയിട്ട് ഒന്നരമണിക്കൂറിലേറെയായി. ഓഫീസിലെത്താൻ ഒരു സിഗ്നൽകൂടി കടക്കണം. ക്ലാര എവിടെയെത്തിയോ ആവോ? അയാൾ വ്യാകുലപ്പെട്ടു. രണ്ടു വയസ്സുകാരൻ ജിക്കുവിനെ ഡേ കെയർ സെന്ററിൽ വിട്ടിട്ടു വേണം അവൾക്ക് മറൈൻഡ്രൈവിലെ ബാങ്കിലെത്താൻ.

ഹോണടികളും ശാപവാക്കുകളും കടന്ന് ഒരുവിധം അയാൾ ഇൻഫോ പാർക്ക് സമുച്ചയത്തിലെത്തി.

റിസപ്ഷനിൽ എന്നും നിറപുഞ്ചിരിയുമായി ഇരിക്കുന്ന ദീപ്തിയുടെ സീറ്റിൽ ഓഫീസ് ബോയ് രാജു ഗമയിൽ ഇരിപ്പുണ്ട്.

"എന്താ, ഇതുവരെ ആരും എത്തിയില്ലേ?" എബി തിരക്കി.

"ഇന്നു പകുതിപ്പേരുപോലും ഉണ്ടാവുമെന്നു തോന്നുന്നില്ല. മിക്കവാറും ആൾക്കാരൊക്കെ മഴയിൽ കുടുങ്ങിയിരിക്കയാണ്."

എബി തന്റെ ക്യൂബിക്കിളിലെത്തി സിസ്റ്റം ഓൺ ചെയ്ത് സീറ്റിലേക്കു ചായാൻ തുടങ്ങിയപ്പോഴാണ് ആ മഞ്ഞ സ്റ്റിക്കർ ശ്രദ്ധിച്ചത്. രഞ്ജൻസാറിന്റെ മെസേജാണ്. ഉടൻ അദ്ദേഹത്തിന്റെ ക്യാബിനിലേക്കു ചെല്ലാൻ. എബി രഞ്ജൻസാറിന്റെ ക്യാബിന്റെ വാതിൽക്കൽ എത്തിയതേയുള്ളൂ. "ആ, എബി വരൂ, വി ഹാവ് ആൻ എമർജൻസി റ്റുഡേ, ദി യുകെ ടീം വിൽ ബി ഹിയർ എനി മൊമെന്റ്. ആൻഡ് ദി വേർസ്റ്റ് പാർട്ട് ഈസ്, വേണു വിൽ നോട്ട് ബി കമിങ്... സോ യൂ ഹാവ് റ്റു മാനേജ് ദി ഷോ."

പുതിയൊരു പ്രപ്പോസലിന്റെ ഫൈനൽ ഡിസ്കഷന് ക്ലയന്റ് നേരിട്ടെത്തിയിരിക്കയാണ്. എബി ഉൾപ്പെടുന്ന ടീമിന്റെ ലീഡർ വേണുവാണ് പ്രപ്പോസൽ ഡ്രാഫ്റ്റ് ചെയ്തത്. ഇപ്പോൾ വേണുവില്ലാതെ എങ്ങനെ ക്ലയന്റിനോടു സംസാരിക്കും ഈശ്വരാ...

എബി വേഗം പോയി പ്രപ്പോസൽ ഫയൽ ലൊക്കേറ്റ് ചെയ്തു. ഒരു മണിക്കൂറെങ്കിലും എടുക്കും അതൊന്നു വായിച്ചു തലയിൽ കേറ്റാൻ. അപ്പോഴാണ് സെൽ ഫോൺ റിങ് ചെയ്തത്. ക്ലാരയാണ്: "ഡേ കെയറിൽനിന്നു വിളിച്ചിരുന്നു. അവിടെ വെള്ളം കയറിക്കൊണ്ടിരിക്കയാണ്, എത്രയുംവേഗം മോനെ കൂട്ടിക്കൊണ്ടുപോവാനാണ് അവർ ആവശ്യപ്പെടുന്നത്. ഞാൻ ഇപ്പോൾ ബാങ്കിൽ വന്നുകയറിയതേയുള്ളൂ. ഇവിടെ പകുതി സ്റ്റാഫ് പോലുമെത്തിയിട്ടില്ല. എനിക്കിവിടുന്നു മാറാൻ ഒരുതരത്തിലും പറ്റില്ല."

മോനെ വിട്ടുകൊണ്ടിരിക്കുന്ന 'ടെൻഡർ ടോട്ട്സ് ഡേ കെയർ സെന്ററി'ലേക്കു താമസസ്ഥലത്തുനിന്നു നടന്നുപോവാനുള്ള ദൂരമേയുള്ളൂ. എബി ഉടൻതന്നെ ഡേ കെയർ സെന്ററിന്റെ മാനേജർ ലാലിയെ വിളിച്ചു കാര്യമന്വേഷിച്ചു.

"ഇവിടൊക്കെ വെള്ളം കയറിക്കൊണ്ടിരിക്കയാണ്. പകുതിയോളം കുട്ടികളെ രക്ഷിതാക്കൾ വന്നു കൊണ്ടുപോയി. വെള്ളം ഇപ്പോൾ നമ്മുടെ ഫ്ളോർ ലെവലിൽ എത്തിയിരിക്കുകയാണ്. വി ഹാവ് റ്റു ഇവാകേറ്റ് അർജന്റ്‌ലി."

എബിയുടെ ഹൃദയമിടിപ്പ് ക്രമാതീതമായി. ദൈവമേ, ഞാൻ എന്തുചെയ്യും... ഫോണിലേക്കു നോക്കിയപ്പോൾ രണ്ടു മിസ്ഡ് കോളുകൾ. ക്ലാരയുടേതാണ്. ഉടൻതന്നെ അയാൾ ക്ലാരയെ വിളിച്ചു. "നിങ്ങൾ എന്തെടുക്കുവാ, മോനെ പിക്ക് ചെയ്യാൻ പോകുന്നില്ലേ?" അവളുടെ സ്വരമാകെ പതറിയിരുന്നു.

"ക്ലാരാ ഞാൻ..."

"ഒന്നും പറയേണ്ട, വേഗം പോയി കുഞ്ഞിനെ കൂട്ടിക്കൊണ്ടുവാ, എനിക്കൊരു മനസ്സമാധാനവുമില്ല."

"ക്ലാരാ, പറയുന്നതു കേൾക്കൂ, ഇന്ന് വേണു എത്തിയിട്ടില്ല. യുകെ ടീം ഇപ്പോഴിങ്ങെത്തും."

"അപ്പോൾ നമ്മുടെ കുഞ്ഞിനെ മഴവെള്ളത്തിൽ ഉപേക്ഷിച്ചേക്കാമെന്നാണോ നിങ്ങൾ പറയുന്നത്? എന്റെ കുഞ്ഞിനെന്തെങ്കിലും സംഭവിച്ചാൽ ഞാൻ പിന്നെ ജീവിച്ചിരിക്കില്ല പറഞ്ഞേക്കാം."

ശരിയാണ്, കുഞ്ഞിന്റെ ഒരു കാര്യത്തിലും അവൾ ഒരു വിട്ടുവീഴ്ചയും ചെയ്യാറില്ല. ജിക്കു അവൾക്കു ജീവനാണ്, തനിക്കും. നീണ്ട കാത്തിരിപ്പിനുശേഷം ഉണ്ടായ കുട്ടിയാണ് ജിക്കു. പ്രാർത്ഥനകളും നേർച്ചകാഴ്ചകളും ചികിത്സകളുമൊക്കെയായി ആറു വർഷങ്ങൾ.

അപ്പോഴേക്കും രഞ്ജൻസാറിന്റെ കാൾ വന്നു. യുകെ ടീം എത്തിയിരിക്കുന്നു. ഒന്നുകൂടി കെയർ സെന്ററിലെ ലാലിയെ വിളിച്ചു:

"മാഡം, എനിക്കു വരാൻ ഒരു നിവൃത്തിയുമില്ല. വൈഫിനും വരാൻ സാധിക്കില്ല. എന്താണു ചെയ്യുക?"

"എന്താ മിസ്റ്റർ എബി പറയുന്നത്, ഇതെന്താ തമാശയാണോ? എല്ലാ കുട്ടികളെയുംതന്നെ കളക്ടു ചെയ്തു. ഇനി ജിക്കുവും മനുവും മാത്രമേയുള്ളൂ."

എബിക്കു ഭ്രാന്തു പിടിക്കുന്നതുപോലെ തോന്നി. ക്ലാര വീണ്ടും വിളിച്ചു: "നിങ്ങളിതുവരെ പോയില്ലേ?" അയാൾ ഒന്നും പറഞ്ഞില്ല. ഫോണിന്റെ അങ്ങേത്തലയ്ക്കൽ അവൾ കരയാൻതുടങ്ങി. "എനിക്കവിടെയെത്താൻ ഒരു മാർഗവുമില്ല. പോണ വഴിയിലെല്ലാം വെള്ളമാണ്. ഓട്ടോയും ബസ്സും ഒന്നും പോകുന്നില്ല. ഞാൻ മരിക്കും. എന്റെ കുട്ടി..." അവൾ ഒരു ഉന്മാദിനിയെപ്പോലെ പുലമ്പാൻ തുടങ്ങി.

ഒന്നു ചിന്തിക്കാൻപോലുമുള്ള ഗ്യാപ് ഇല്ല. അപ്പോഴേക്കും രാജു എത്തി: "സർ, അവർ കോൺഫെറൻസ് ഹാളിൽ വെയിറ്റ് ചെയ്യുകയാണ്." എബി ഉടൻ എണീറ്റ് ഹാളിലേക്കു പുറപ്പെട്ടു. എബിയെ കണ്ടതും രഞ്ജൻസാർ ചോദിച്ചു: "വാട്ട് ഹാപ്പെൻഡ് എബി? യു ലുക്ക് അപ്സറ്റ്."

"സർ, ഐ ഹാവ് എ പേർസണൽ എമർജൻസി. പ്ലീസ് ഗിവ് മി എ മൊമെന്റ് ടൂ സോർട്ട് ഇറ്റ് ഔട്ട് ആൻഡ് ദെൻ ജോയിൻ യു."

രഞ്ജൻസാർ ഡെലിഗേറ്റ്സിനെ നോക്കി. അവരുടെ തലവൻ മി. ആദം ആദ്യം വാച്ചിലേക്കും പിന്നെ എബിയുടെ മുഖത്തേക്കും നോക്കിയിട്ടു പറഞ്ഞു: "ഓക്കെ മാൻ, മേക്ക് ഇറ്റ് ഫാസ്റ്റ്, വി വിൽ വെയ്റ്റ് ഫോർ എ ഫ്യൂ മിനിട്ട്സ്."



എബി സീറ്റിലേക്ക് ഓടി. പോകുന്നവഴിയിൽ ഫോൺ വീണ്ടും റിംഗ് ചെയ്തു. ഡേ കെയറിൽനിന്നാണ്. "സാർ, ഞങ്ങൾ സെന്റർ അടയ്ക്കുകയാണ്, കുഞ്ഞിനെ എന്തു ചെയ്യും?"

എബിക്കു ശബ്ദിക്കുവാൻ കഴിഞ്ഞില്ല. അയാൾ കരയുകയായിരുന്നു.

"സാർ, ഞാൻ ഒരു സജഷൻ പറയട്ടേ..."

"പറയൂ..."

"മനുവിന്റെ അച്ഛൻ മിസ്റ്റർ ഉണ്ണിക്കൃഷ്ണൻ എത്തിയിട്ടുണ്ട്. ഞാൻ അദ്ദേഹത്തോട് ജിക്കുവിനെക്കൂടി വീട്ടിലേക്കു കൊണ്ടുപോകാമോയെന്നു ചോദിക്കട്ടെ..."

"അത്..."

"സാരമില്ല സർ, ഇപ്പോഴത്തെ സാഹചര്യത്തിൽ മറ്റെന്താണു ചെയ്യാൻ സാധിക്കുക? മിസ്റ്റർ ഉണ്ണിക്കൃഷ്ണൻ നല്ലൊരാളാണ്. ഇതാ ഞാൻ അദ്ദേഹത്തിനു ഫോൺ കൊടുക്കാം. നേരിട്ടു സംസാരിച്ചോളൂ."

വിറയ്ക്കുന്ന സ്വരത്തിൽ എബി പറഞ്ഞു: "ഹലോ"

"ഹലോ, എബീ, ഡോണ്ട് വറി. എനിക്കു നിങ്ങളുടെ സിറ്റുവേഷൻ മനസ്സിലാകും. മോനെ ഞാൻ എന്റെ വീട്ടിലേക്കു കൊണ്ടുപൊയ്ക്കൊള്ളാം. നിങ്ങൾ വൈകിട്ടു വന്ന് അവനെ കൊണ്ടുപോയാൽ മതി. മിസിസ്സിനോടും പറഞ്ഞേക്കൂ, വിഷമിക്കണ്ടായെന്ന്. മനുവിനും ജിക്കുവിനെ വലിയ ഇഷ്ടമാണ്. ഞാൻ വീട്ടിൽ ചെന്നിട്ടു വിളിക്കാം."

"ഒരുപാടു നന്ദിയുണ്ട് മിസ്റ്റർ ഉണ്ണി."

ഉടൻതന്നെ ക്ലാരയെ വിളിച്ച് കാര്യങ്ങൾ പറഞ്ഞു. അവൾ ഇപ്പോഴും കരച്ചിലാണ്. പാവം... ആകെ തകർന്നുപോയിരിക്കുന്നു. ഉണ്ണിയുടെ നമ്പറും കൊടുത്തു. "സമാധാനിക്ക് മോളേ, ദൈവം കാണിച്ചുതന്ന ഒരു മാർഗ്ഗമാണിത്. നമ്മൾ വൈകിട്ടു പോയി മോനെ കൊണ്ടുവരുമല്ലോ."

ഉടൻതന്നെ എബി കോൺഫെറൻസ് റൂമിലേക്കു പാഞ്ഞു.

ആറുമണിവരെ നീണ്ട ഡിസ്കഷൻസ്. സൈലന്റിൽ വച്ചിരുന്ന തന്റെ മൊബൈൽ ഫോൺ എടുത്തുനോക്കിയ എബി ഞെട്ടിപ്പോയി. പതിനഞ്ചു മിസ്ഡ് കാൾസ്! ക്ലാരയുടെയും ലാലിയുടെയും കൂടാതെ, ഏതാനും അൺനോൺ നമ്പറുകളും. ആരെയൊക്കെ തിരിച്ചു വിളിക്കും? ആദ്യം ക്ലാരയെ വിളിച്ചു. അങ്ങേത്തലയ്ക്കൽ പരിചയമില്ലാത്ത ഒരു ശബ്ദം, ക്ലാരയുടെ സഹപ്രവർത്തക സൂസനാണ്. ക്ലാരയ്ക്ക് ഉച്ചകഴിഞ്ഞപ്പോൾമുതൽ ഒരു തലചുറ്റലും പനിയും. അവർ പലതവണ എബിയെ ബന്ധപ്പെടുവാൻ ശ്രമിച്ചത്രേ. അവസാനം മാനേജർ പറഞ്ഞതനുസരിച്ച് സൂസൻ ക്ലാരയെ അവരുടെ വീട്ടിലേക്കു കൊണ്ടുപോയി. ബാങ്കിനടുത്തുതന്നെയാണ് സൂസന്റെ വീട്. ക്ലാര ഇപ്പോൾ മയക്കത്തിലാണ്. എബി ഒരുവിധത്തിൽ സൂസനോടു കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. "ക്ലാരയെ ഞാൻ സമാധാനിപ്പിച്ചുകൊള്ളാം, എബി കുട്ടിയുടെ കാര്യം നോക്കിക്കോളൂ," സൂസൻ പറഞ്ഞു. ഒരു കാളൽ എബിയുടെ ഉള്ളിലൂടെ കടന്നുപോയി. ഞാനങ്ങനെ ജിക്കുവിനെ ഇനി കളക്ട് ചെയ്യും? അയാൾ ഉടൻ ഉണ്ണിയെ വിളിച്ചു: "ഉണ്ണീ. ഐ ആം വെരി സോറി, ഞാനൊരു ശാപം കിട്ടിയ അച്ഛനാണ്..." ഉണ്ണി വളരെ ശാന്തയോടെ പറഞ്ഞു: "സാരമില്ല എബി, ചിലപ്പോഴൊക്കെ നമ്മൾ വിചാരിക്കുന്നതുപോലൊന്നും കാര്യങ്ങൾ നടക്കില്ല. ഹി ഈസ് വെരി കംഫർട്ടബിൾ ഹിയർ, യു ടേക്ക് കെയർ ഓഫ് ക്ലാര. നിങ്ങൾ ഫുള്ളി ഫ്രീയായിട്ടു വന്നാൽ മതി. അതിനി നാളെ രാവിലെയായാലും കുഴപ്പമില്ല."

"നിങ്ങളെ ദൈവം അനുഗ്രഹിക്കും." അയാൾ തേങ്ങി: "മോന്റെ കയ്യിൽ ഫോൺ ഒന്നു കൊടുക്കാമോ," ഉണ്ണി ജിക്കുവിനു ഫോൺ കൊടുത്തു. "ദാ മോന്റെ പപ്പാ..."

"മോനേ, ജിക്കൂ, പപ്പേടെ ചക്കരേ..."

അവൻ അവ്യക്തമായി എന്തോ പറഞ്ഞു. "പപ്പ ഉടൻ വരാട്ടോ." ഈറനണിഞ്ഞ കണ്ണുകളോടെ അയാൾ ഫോൺ വച്ചു. ജിക്കുവിന് രണ്ടു വയസ്സായെങ്കിലും അവൻ സംസാരിച്ചുതുടങ്ങിയിട്ടില്ല. അവനെക്കൊണ്ട് 'അമ്മേ'യെന്നെങ്കിലും പറയിക്കാൻ താനും ക്ലാരയും നിരന്തരമായി ശ്രമിച്ചിട്ടും സാധിച്ചില്ല. അവ്യക്തമായ എന്തോ ശബ്ദങ്ങൾ മാത്രമാണ് അവൻ ഇപ്പോഴും കേൾപ്പിക്കുന്നത്. തുടർന്ന് അയാൾ സൂസനെ ഒരിക്കൽകൂടി വിളിച്ചു. ഭാഗ്യം, ക്ലാര ഉണർന്നിരിക്കുന്നു. "ക്ലാരാ..." അവൾ ഒന്നും പ്രതികരിച്ചില്ല. "ഐ ആം സോറി മോളേ, എന്റെ അവസ്ഥ ഇങ്ങനെയായിപ്പോയി. ഞാൻ ഉണ്ണിയെ വിളിച്ചിരുന്നു. ജിക്കു അവിടെ സെയ്ഫാണ്. അവർ വളരെ നല്ല മനുഷ്യരാണ്. ഞാൻ എത്രയും പെട്ടെന്ന് ഓഫർ സബ്മിറ്റ് ചെയ്തിട്ടുവരാം, ഓക്കേ..." അവസാനം അവൾ ഒന്നു മൂളി.

എബി തന്റെ സീറ്റിലേക്കു മടങ്ങി. രണ്ടു സഹപ്രവർത്തകർ ഓഫറിന്റെ പണി തുടങ്ങിയിരിക്കുന്നു. എബിയും അവരോടോപ്പം ചേർന്നു. എല്ലാം കഴിഞ്ഞപ്പോൾ രാത്രി പത്തുമണി. പാർക്കിംഗിലേക്ക് ഓടുകയായിരുന്നു. പതിനൊന്നുമണിയോടെ ഒരുവിധത്തിൽ അയാൾ സൂസന്റെ അപ്പാർട്ട്മെന്റിനു മുന്നിലെത്തി. വിറയ്ക്കുന്ന കാലുകളോടെ അയാൾ നടകൾ കയറി ഡോർ ബെൽ അടിച്ചു. സൂസൻ വന്നു വാതിൽ തുറന്നു: "ആഹാ എബിയെത്തിയല്ലോ.. ക്ലാരാ, ദാ എബിയെത്തി." ഒരു പൊട്ടിത്തെറിയാണ് അയാൾ പ്രതീക്ഷിച്ചത്. പക്ഷേ, ക്ലാരയുടെ മുഖം വിളറിക്ഷീണിച്ച ഒരു രോഗിയുടേതുപോലിരുന്നു. മെല്ലെ അവൾ അയാൾക്കരികിലേക്കുവന്ന് മുഖത്തു സൂക്ഷിച്ചുനോക്കി. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകിക്കൊണ്ടിരുന്നു. എബിച്ചായാ... അവൾ അയാളുടെ നെഞ്ചിലേക്കു വീണു. പിന്നെ കുറെ വിതുമ്പലുകൾ മാത്രം. അയാളും കരയുന്നുണ്ടായിരുന്നു.

എത്രനേരം അങ്ങനെ നിന്നുവെന്നറിയില്ല.. സൂസന്നയുടെ വാക്കുകളാണ് അവരെ ഉണർത്തിയത്: "എബീ, രണ്ടാളും വന്ന് വല്ലതും കഴിക്ക്. ക്ലാര ഇന്നത്തെ ദിവസം ഒന്നും കഴിച്ചിട്ടില്ല." സൂസന്റെ നിർബന്ധത്തിനു വഴങ്ങി രണ്ടുപേരും അല്പം ഭക്ഷണം കഴിച്ചെന്നു വരുത്തി. ഉടൻതന്നെ ജിക്കുവിന്റെ അടുത്തെത്തണം. പിന്നെയും ഏതാണ്ട് മുക്കാൽ മണിക്കൂർ കുണ്ടിലും കുഴിയിലും വെള്ളക്കെട്ടിലൂടെയുമുള്ള സാഹസം. ക്ലാര എബിയുടെ കൈത്തണ്ടയിൽ മുറുകെപ്പിടിച്ചിരിക്കയാണ്.

"എബിച്ചായാ, ഐ ആം വെരി സോറി, എബിച്ചായൻ എത്രമാത്രം വിഷമിച്ചിരിക്കാമെന്നു ചിന്തിച്ചില്ല. അതോടൊപ്പം ഓഫീസിലെ ഇന്നത്തെ അവസ്ഥയും. സൂസൻ പറഞ്ഞപ്പോളാണ് ഞാനതേപ്പറ്റി ചിന്തിച്ചത്. ഉണ്ണിയും മഞ്ജുവും എത്ര നല്ല ആൾക്കാരാണ്, ഒരു ബന്ധമോ പരിചയമോ ഇല്ലാത്ത നമുക്കുവേണ്ടി അവർ..." വീണ്ടും അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

ഉണ്ണിയുടെ അപ്പാർട്ട്മെന്റിനു മുന്നിലെത്തിയപ്പോൾ രാത്രി പന്ത്രണ്ടര. ഡോർ ബെൽ അടിച്ചതേ മഞ്ജു വന്നു വാതിൽ തുറന്നു. ജിക്കുവിനെയും തോളത്തു കിടത്തിക്കൊണ്ട് അപ്പോഴേക്കും ഉണ്ണിയുമെത്തി. മനുവിന്റേതായിരിക്കണം, ഒരു മഞ്ഞയുടുപ്പാണവൻ അണിഞ്ഞിരുന്നത്, ജിക്കുവിനെ കണ്ടതും ക്ലാര ഓടിച്ചെന്ന് അവനെ കൈയിൽ വാങ്ങി. അടക്കിവച്ചിരുന്ന തേങ്ങലുകളൊക്കെ ഒരിക്കൽകൂടി പുറത്തേക്കുവന്നു. "എന്റെ ചക്കരക്കുട്ടാ..." അവൾ അവനെ ഉമ്മകൾകൊണ്ടു പൊതിഞ്ഞു. എല്ലാവരുടെയും കണ്ണുകൾ ഈറനണിഞ്ഞു. ഇതിനിടയിൽ ഉറക്കത്തിൽ നിന്നെണീറ്റ ജിക്കു എല്ലാവരെയും തുറിച്ചുനോക്കി. അവസാനം അവന്റെ നോട്ടം ക്ലാരയിലെത്തി. അവന്റ ചുമലുകൾ വിറച്ചു. എന്തോ പറയാൻ ശ്രമിക്കുന്നതുപോലെ. എന്തോ ഒരു അവ്യക്തശബ്ദം പുറത്തേക്കു വന്നു. അടുത്ത നിമിഷം അവർ കേൾക്കാൻ കാത്തുകാത്തിരുന്ന ആ വാക്ക് അവന്റെ ചുണ്ടുകളിൽനിന്നു വീണു. 'മ്മേ,' ക്ലാരയ്ക്ക് തന്റെ കാതുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. തന്റെ കുട്ടി ആദ്യമായി തന്നെ അമ്മേയെന്നു വിളിച്ചിരിക്കുന്നു. "എന്റെ കുട്ടാ," അവൾ വീണ്ടും വീണ്ടും അവനെ ചുംബിച്ചു. അത്രനേരം പിടിച്ചുനിന്ന എബി രണ്ടാളെയും ചേർത്തുപിടിച്ച് വിങ്ങിപ്പൊട്ടി.

□






ഡോ. കുര്യാസ് കുമ്പളക്കുഴി

# വൈറസുകളെ വരുതിയിലാക്കാൻ




മരണത്തിന്റെ നിഴലിൽ വസിക്കുന്നവർക്കു പ്രത്യാശയുടെ പ്രകാശകിരണംപോലെയാണ് കഴിഞ്ഞദിവസം (ഓഗസ്റ്റ് 11) ആ വാർത്തയെത്തിയത്. റഷ്യ കൊവിഡ് വാക്സിൻ വികസിപ്പിച്ചിരിക്കുന്നു. മോസ്കോയിലെ ഗമേലിയ ഇൻസ്റ്റിറ്റ്യൂട്ടാണ് ഈ ചരിത്രനേട്ടം കൈവരിച്ചിരിക്കുന്നത്.

റഷ്യൻ പ്രസിഡന്റ് വ്ളാഡിമർ പുടിൻ തന്നെയാണ് ലോകത്തെ ഈ ആശ്വാസവാർത്ത അറിയിച്ചത്. മാത്രവുമല്ല, അദ്ദേഹത്തിന്റെ രണ്ടു പെൺമക്കളിൽ ഒരാൾതന്നെ ആദ്യമായി വാക്സിൻ എടുത്തിരിക്കുന്നു എന്ന വാർത്തയും അദ്ദേഹം പുറത്തുവിട്ടു. മരിയയാണോ കാതറീനായാണോ വാക്സിൻ എടുത്തതെന്ന് അദ്ദേഹം വെളിപ്പെടുത്തിയിട്ടില്ല. മകളുടെ ശരീരത്തിൽ ആന്റിബോഡി വർധിച്ചിരിക്കുന്നതായി പരിശോധനയിൽ വെളിപ്പെടുകയും ചെയ്തിരിക്കുന്നത്രേ.

ലോകാരോഗ്യസംഘടനയിൽ പലരും വാക്സിന്റെ ഫലപ്രാപ്തിയെക്കുറിച്ചു സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ, എല്ലാ പരീക്ഷണങ്ങളും വിജയകരമായി പൂർത്തിയാക്കിയശേഷമാണു വാക്സിൻ പ്രയോഗസജ്ജമാക്കിയിരിക്കുന്നതെന്നാണ് പുടിന്റെ അവകാശവാദം.

ആദ്യം ഡോക്ടർമാർക്കും അധ്യാപകർക്കും ആരോഗ്യപ്രവർത്തകർക്കുമാണ് വാക്സിൻ നല്കുക. ഒക്ടോബർ - നവംബറോടുകൂടിയേ സാധാരണ ജനങ്ങൾക്കു വ്യാപകമായി വാക്സിൻ നല്കിത്തുടങ്ങുകയുള്ളൂ.

റഷ്യയ്ക്കു തീർച്ചയായും അഭിമാനിക്കാം. കഴിഞ്ഞ ഡിസംബറിൽ ചൈനയിലെ വുഹാനിൽനിന്ന് കൊറോണാ വൈറസ് ലോകത്തിനു ഭീഷണിയായി പുറത്തുവന്നതുമുതൽ അതിനെതിരെയുള്ള വാക്സിനുകൾ വികസിപ്പിച്ചെടുക്കാൻ ശാസ്ത്രലോകം തീവ്രശ്രമത്തിലായിരുന്നു. 27 രാജ്യങ്ങൾ പരീക്ഷണങ്ങളുടെ ആദ്യഘട്ടങ്ങൾ പിന്നിട്ടിട്ടുണ്ടെന്നാണു വാർത്ത. ചൈനയും ബ്രിട്ടണും ഇന്ത്യയും വാക്സിൻ പരീക്ഷണത്തിന്റെ അന്തിമഘട്ടത്തിലെത്തിക്കഴിഞ്ഞു.

ഇക്കഴിഞ്ഞ മേയ് 13 ന് സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയിൽനിന്ന് ഒരു വാർത്തയുണ്ടായിരുന്നു, കൊറോണയ്ക്കെതിരേയുള്ള വാക്സിൻ അവർ നിർമ്മിച്ചു കഴിഞ്ഞുവെന്ന്. ഇനി പരീക്ഷണങ്ങൾ പൂർത്തിയാക്കി സെപ്റ്റംബർ - ഒക്ടോബർ മാസത്തിൽ വാക്സിൻ വിപണിയിലെത്തിക്കുമെന്നും. ലോകത്താകെ ആവശ്യമുള്ള പലവിധ വാക്സിനുകളുടെ 70 ശതമാനവും നമ്മുടെ ഈ സിറം ഇൻസ്റ്റിറ്റ്യൂട്ടാണു നിർമ്മിച്ചു നൽകുന്നത്.

ഇപ്പോളിതാ ഇന്ത്യയുടെ ശ്രമങ്ങളും അന്തിമഘട്ടത്തിലെത്തിയിരിക്കുന്നു. ഭാരത് ബയോടെക് ഇന്റർനാഷണൽ ലിമിറ്റഡിന്റെ കോവാക്സിനും സിഡസ് കാഡിലാ ഹെൽത്ത് കെയർ ലിമിറ്റഡിന്റെ സികോവ്ഡിയും മനുഷ്യരിൽ പരീക്ഷിക്കാൻ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് അനുമതി നൽകിക്കഴിഞ്ഞു. ജൂലൈ 15 നുതന്നെ 1000 വോളണ്ടിയർമാർക്കുവീതം ഈ വാക്സിനുകൾ നല്കുകയും ചെയ്തിരിക്കുന്നു.

ഓഗസ്റ്റ് അവസാനം വാക്സിനുകളുടെ വൻതോതിലുള്ള ഉത്പാദനം ആരംഭിക്കുമെന്നും ഡിസംബറിൽ വിപണിയിലെത്തുമെന്നും ഐ.സി.എം.ആർ. ഡയറക്ടർ ജനറൽ ഡോ. ബലറാം ഭാർഗവ അറിയിച്ചിട്ടുണ്ട്. സിറം ഇൻസ്റ്റിറ്റ്യൂട്ട് സി.ഇ.ഒ. അദാർ പൂനാവല്ലായും ഇങ്ങനെത്തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്.

ഇത് ഇന്ത്യയ്ക്കും അഭിമാനകരംതന്നെ. സ്വയംപര്യാപ്തഭാരതം എന്ന മഹത്തായ ലക്ഷ്യത്തിലേക്കുള്ള ആദ്യചുവടുവയ്പുകളിലൊന്നായി ഈ നേട്ടത്തെ വിലയിരുത്താവുന്നതാണ്.

ലോകമെമ്പാടും മരണഭീതി വിതച്ചുകൊണ്ട് കൊറോണ വൈറസിന്റെ മാരകയാത്ര ആരംഭിച്ചിട്ടു മാസം എട്ടു കഴിഞ്ഞിരിക്കുന്നു. രണ്ടു കോടിയിലധികം പേരെ ബാധിച്ച കൊറോണ ഏഴരലക്ഷത്തോളം ജീവൻ അപഹരിച്ചു. ഇതുപക്ഷേ, ചരിത്രത്തിലാദ്യം സംഭവിച്ച മാരകരോഗബാധയൊന്നുമല്ല. മാനവചരിത്രത്തിന്റെ തുടക്കം മുതൽത്തന്നെ ഇത്തരം മഹാമാരികൾ ഇടയ്ക്കിടെ സംഹാരപ്രക്രിയകളും നടത്തിപ്പോന്നിരുന്നു എന്നു കരുതേണ്ടിയിരിക്കുന്നു.

ശാസ്ത്രം പറയുന്നുണ്ടല്ലോ, ലക്ഷക്കണക്കിനു മാരകവൈറസുകളും നല്ല വൈറസുകളോടൊപ്പം ഈ പ്രകൃതിയിൽത്തന്നെ ഉറങ്ങിക്കിടക്കുന്നുണ്ടെന്ന്. ഇടയ്ക്ക് അവയിൽ ചിലത് ഉണരും. അതു പടർന്ന് ഒട്ടേറെ ജീവൻ കവരും. പക്ഷേ, അവിടെയുമുണ്ട് ദൈവത്തിന്റെ ഇടപെടൽ. ഈ മാരക വൈറസുകളെ തിന്നൊടുക്കാൻ കഴിവുള്ള നല്ല വൈറസുകളും ഇവിടെയുണ്ട്. അവ ശക്തിപ്പെട്ടു പെരുകിപ്പടർന്ന് മാരകവൈറസുകളെ ഇല്ലായ്മ ചെയ്യുന്നു. ലോകം ഒരു സാംക്രമികരോഗബാധയിൽനിന്നു മുക്തമാകുന്നു.

ഇപ്പറഞ്ഞ മിത്രവൈറസുകളെയും ബാക്ടീരിയകളെയും തിരിച്ചറിഞ്ഞ് പ്രത്യൗഷധങ്ങൾ നിർമ്മിക്കാനുള്ള ശേഷി ഇന്നു ശാസ്ത്രത്തിനുണ്ട്. അങ്ങനെയാണ് ആന്റിബയോട്ടിക്കുകൾ വഴി മാരകരോഗങ്ങളിൽനിന്നു മനുഷ്യർ രക്ഷ നേടുന്നത്. ഇപ്പോൾ സംഭവിച്ചിരിക്കുന്നതും ഇതുതന്നെയാണ്. പക്ഷേ, അതു ഫലപ്രദമായി പ്രയോഗിക്കപ്പെടുന്നതിനുമുമ്പ് ഒട്ടേറെ മനുഷ്യജീവൻ അപഹരിക്കപ്പെട്ടിരിക്കുമെന്നു മാത്രം.

മാനവരാശിയെ വിറപ്പിക്കുകയും കൂട്ടത്തോടെ സംഹരിക്കുകയും ചെയ്ത കഴിഞ്ഞകാല സാംക്രമികബാധകളിൽ ഏറ്റവും ഭീകരമായിരുന്നത് 14-ാം ശതകത്തിൽ യൂറോപ്പിലുണ്ടായ പ്ലേഗാണ്. 1347 ഒക്ടോബറിൽ സിസിലിയിലെ മെസ്സിനായിലാണ് ആദ്യം ഈ രോഗം വെളിപ്പെട്ടത്. അവിടെനിന്ന് യൂറോപ്പിന്റെ ഇതരഭാഗങ്ങളിലേക്കും വടക്കൻ ആഫ്രിക്കയിലേക്കും വ്യാപിച്ച പ്ലേഗ് 1353 വരെ സംഹാരതാണ്ഡവം നടത്തി. രണ്ടരക്കോടിയോളം മനുഷ്യർ പ്ലേഗിനിരയായി എന്നാണു കണക്ക്. അത് അന്നത്തെ യൂറോപ്യൻജനതയുടെ മൂന്നിലൊന്നായിരുന്നു!

ബ്ലാക്ക് ഡെത്ത് എന്നാണിതു ചരിത്രത്തിൽ അറിയപ്പെടുന്നത്. മരണം എപ്പോഴാണു പടിവാതിൽ കടന്നെത്തുക എന്നോർത്തു ജനങ്ങൾ ഭയന്നുവിറച്ചാണ് കഴിഞ്ഞുകൂടിയത്. ജോൺ ക്ലൈൻ എന്ന ഫ്രാൻസിസ്കൻ സന്ന്യാസി അന്നത്തെ മരണാനുഭവത്തെ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്: "മരിച്ചവരുടെ ഇടയിലെന്നതുപോലെ ഓരോ നിമിഷവും ഞാൻ മരണത്തെ കാത്തിരിക്കേ, കണ്ടതും കേട്ടതുമായ കാര്യങ്ങൾ സത്യസന്ധമായി കടലാസിലേക്കു പകർത്തട്ടെ. എന്നാൽ, ഒരു കലാസൃഷ്ടി അതിന്റെ സ്രഷ്ടാവിനോടൊത്തു മൃതിപ്പെടാറില്ലെങ്കിലും, അയാൾക്കു താൻ തുടങ്ങിവച്ച രചനാകർമ്മം പൂർത്തിയാക്കാനാവാതെ വന്നേക്കാമെന്നതുകൊണ്ട്, ഒരുപക്ഷേ, ആരെങ്കിലും സാഹചര്യവശാൽ ഇവിടെ അവശേഷിക്കുകയോ, ആദാമിന്റെ ഏതെങ്കിലുമൊരു സന്തതി ഈ മഹാമാരിയിൽനിന്നു രക്ഷപ്പെടുകയോ ചെയ്താൽ ഞാൻ തുടങ്ങിവച്ച ഈ കൃത്യം പൂർത്തിയാക്കാൻ വേണ്ടി, ഏതാനും കടലാസുകൾകൂടി ഇതോടൊന്നിച്ചു വയ്ക്കട്ടെ.

പില്ക്കാലത്ത് യൂറോപ്പിൽ നിരവധി സാഹിത്യരചനകൾക്കും ചിത്രരചനകൾക്കും ശില്പനിർമ്മിതികൾക്കും 'കറുത്ത മരണം' വിഷയമായിട്ടുണ്ട്.

പ്ലേഗുബാധ ഒരു ഘട്ടംകൊണ്ടുമാത്രം യൂറോപ്പുവൻകരയിൽനിന്ന് ഒഴിഞ്ഞുപോയില്ല. 1400 വരെ നാലഞ്ചുഘട്ടങ്ങൾകൂടി അതിന്റെ മരണനൃത്തം ആവർത്തിച്ചു. സ്വിറ്റ്സർലണ്ടുകാരനായ ശാസ്ത്രജ്ഞൻ അലക്സാണ്ടർ യെർസിൻ (1863-1943) 1895 ൽ മാത്രമാണ് പ്ലേഗിനെതിരേയുള്ള വാക്സിൻ വികസിപ്പിച്ചെടുത്തത്.

റോമൻ ചക്രവർത്തി ജസ്റ്റീനിയന്റെ ഭരണകാലത്ത് (527-565) യൂറോപ്പിനെ വിറപ്പിച്ച മറ്റൊരു മാരകരോഗബാധയാണ്, ചക്രവർത്തിയുടെ പേരുചേർത്തുതന്നെ അറിയപ്പെടുന്ന ജസ്റ്റീയൻ ഫ്ളൂ. 1889-90 കാലത്ത് യൂറോപ്പിൽ താണ്ഡവമാടിയ ഏഷ്യാറ്റിക് ഫ്ളൂ, 1918-19 കാലത്തുണ്ടായ സ്പാനിഷ് ഫ്ളൂ, 1957-58 ൽ ചൈനയിൽനിന്നു പടർന്ന ഏഷ്യൻ ഫ്ളൂ, 1968-69 ലുണ്ടായ ഹോങ്കോങ് ഫ്ളൂ, 2002-2004 ൽ ചൈനയിൽനിന്ന് വീണ്ടും പടർന്ന സാർസ് വൈറസ്, 2009-2010 ലെ സ്വൈൻ ഫ്ളൂ തുടങ്ങിയവയൊക്കെ ലോകത്തെ വിറപ്പിച്ച സാംക്രമികരോഗബാധകളാണ്.

ഇവയെക്കൂടാതെ പ്രാദേശികതലങ്ങളിൽ മാത്രം പ്രത്യക്ഷപ്പെട്ട് അവിടെത്തന്നെ ഒടുങ്ങിപ്പോകുന്ന നിരവധി മാരകവൈറസുകളെപ്പറ്റിയും ശാസ്ത്രം പറയുന്നുണ്ട്. പ്രാചീനകാലങ്ങളിൽ, ഇന്നത്തേതുപോലെ യാത്രാസൗകര്യവും കമ്യൂണിക്കേഷൻ സംവിധാനവുമില്ലാതിരുന്നതുകൊണ്ട് അവ ഏറെ പടരാതെയും അറിയപ്പെടാതെയും ചരിത്രത്തിൽ അവശേഷിക്കുകയാണു ചെയ്തത്.

ഇത്തരം ബാധകൾ ഇല്ലാതാവുകയല്ല, ശമിക്കുക മാത്രമാണത്രേ ചെയ്യുന്നത്. ചിലതൊക്കെ പ്രകൃതിയുടെതന്നെ നിർധാരണപ്രക്രിയകൊണ്ടു ശാന്തമാകുന്നു. മറ്റു ചിലത് മനുഷ്യൻ കണ്ടെത്തിയ പ്രത്യൗഷധങ്ങൾക്കുമുന്നിൽ പരാജയപ്പെടുന്നു. ഏതുസമയത്തും ഉണരാവുന്ന വിധം അവയൊക്കെ നമ്മോടൊപ്പം ഉറങ്ങിക്കിടക്കുകയാണു പോലും!

വസൂരിയും മലമ്പനിയും മന്തും പ്ലേഗുമൊക്ക ഇങ്ങനെ പതുങ്ങിക്കിടക്കുന്ന മാനവശത്രുക്കളാണ്. അങ്ങനെതന്നെയായിരിക്കുമത്രേ കൊറോണയും. മനുഷ്യൻ കണ്ടെത്തുന്ന വാക്സിനുകൾക്കു മുന്നിൽ അതു പത്തിതാഴ്ത്തും. പക്ഷേ, നമ്മോടൊപ്പം ഇവിടെത്തന്നെയുണ്ടാകും. ചിക്കുൻഗുനിയായും തക്കാളിപ്പനിയും ഡെങ്കുപ്പനിയും പന്നിപ്പനിയും എലിപ്പനിയുമൊക്കെപ്പോലെ! ഒരർത്ഥത്തിൽ, കൊറോണയും പുതിയൊരു പാഠമാകുകയാണ്.

അദ്ഭുതകരമായൊരു പ്രതിഭാസംതന്നെ. ജീവന്റെ വൃക്ഷത്തോടൊപ്പം മരണത്തിന്റെ വൃക്ഷവും ഇവിടെത്തന്നെയുണ്ട്. മരണവൃക്ഷം പൂത്തുകായ്ക്കുമ്പോൾ മനുഷ്യന്റെ നിലവിളി ദൈവസന്നിധിയിലെത്തുന്നു. അവിടുന്ന് അതിനു ചെവികൊടുക്കുമ്പോൾ മറുവശത്തു ജീവന്റെ വൃക്ഷം പതിന്മടങ്ങു പൂത്തുലയുന്നു.

ലോകത്തെ നടുക്കിയ ഓരോ സാംക്രമികരോഗബാധയും മാളത്തിലേക്കു മടങ്ങിപ്പോയതു മനുഷ്യന്റെ സാമർത്ഥ്യംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ കരുണകൊണ്ടുംകൂടിയാണ്. രക്ഷിക്കണേ എന്നു നിലവിളിച്ചുകൊണ്ട് ഇരുകൈകളും ഉയർത്തി കണ്ണീരൊഴുക്കി മനുഷ്യർ പ്രാർത്ഥനാനിരതരാകുമ്പോൾ അവർക്കു നേരേ അവിടുത്തെ കരുണാകടാക്ഷം ഉണ്ടാവാതിരിക്കില്ല. എന്നാൽ, കാറ്റും കോളും അടങ്ങി തെളിഞ്ഞ പ്രഭാതം സ്വാഗതം ചെയ്യുമ്പോൾ അവർ ഇക്കാര്യം മറന്നുപോകാം. മനുഷ്യന്റെ സാമർത്ഥ്യത്തെക്കുറിച്ചു മാത്രം വീമ്പിളക്കിയെന്നും വരും.

ഖുറാനിൽ അള്ളാഹുതന്നെ ഇക്കാര്യം വെളിപ്പെടുത്തുന്നുണ്ട്: "നാം മനുഷ്യനെ അനുഗ്രഹിച്ചു കഴിഞ്ഞാൽ, അവൻ നമ്മിൽനിന്നു മുഖംതിരിക്കുകയും അഹംഭാവത്തോടെ അകന്നുപോകുകയും ചെയ്യും. മറിച്ച്, വല്ല ആപത്തും അവനെ ബാധിച്ചാലോ, അവനതാ വീണ്ടും നീണ്ട പ്രാർത്ഥനക്കാരനായിത്തീരുന്നു"(41/51).

■

# സ്മരണകളുണർത്തി മദബാ മാപ്പ്






സഞ്ചാരം

ഫാ. ഫിലിപ്പ് ഞരളക്കാട്ട്

**മൗ**ണ്ട് നെബോയിൽനിന്ന് ഞങ്ങൾ താഴേക്കിറങ്ങി. മറ്റൊരു വിശിഷ്ടമായ കാഴ്ചകൂടി ജോർദ്ദാൻ ഞങ്ങൾക്കുവേണ്ടി ഒരുക്കിയിട്ടുണ്ട്. ഇപ്പോൾ ഞങ്ങൾ നീങ്ങുന്നത് മദബായിലുള്ള സെന്റ് ജോർജ് ഓർത്തഡോക്സ് ദൈവാലയത്തിലേക്കാണ്. അമ്മാൻനഗരത്തിൽനിന്ന് 38 കിലോമീറ്റർ യാത്ര ചെയ്താൽ മദബായിലെത്താം. മദബായിലുള്ള സെന്റ് ജോർജ് ദൈവാലയം ടൂറിസ്റ്റുകൾക്കും തീർത്ഥാടകർക്കും ഒരു ആകർഷണകേന്ദ്രമാണ്.

വർണ്ണപ്പകിട്ടുള്ള നിരവധി ഐക്കണുകൾകൊണ്ട് അലങ്കരിക്കപ്പെട്ടിരിക്കുന്നു എന്നതാണ് ദൈവാലയത്തിന്റെ ഒരു പ്രത്യേകത. ചെറിയ വർണ്ണക്കല്ലുകൾ ചേർത്ത് ഒട്ടിച്ചു മിനുക്കിയെടുത്താണ് ഇവിടെയുള്ള ഐക്കണുകൾ ഉണ്ടാക്കിയിരിക്കുന്നത്. ലോകത്ത് മറ്റൊരിടത്തും ഇത്തരത്തിലുള്ള ഐക്കണുകൾ (പ്രത്യേക ശൈലിയിലുള്ള ചിത്രങ്ങൾ) ഇല്ലതന്നെ. ഈശോമിശിഹായുടെയും പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ ഗീവർഗീസിന്റെയും മറ്റുചില വിശുദ്ധരുടെയും ജീവിതവുമായി ബന്ധപ്പെട്ട സംഭവങ്ങളാണ് സുന്ദരമായ ഇവിടുത്തെ ഐക്കണുകളിൽ ചിത്രീകരിച്ചിരിക്കുന്നത്. അക്കൂട്ടത്തിൽ വി. ഗീവർഗീസിന്റെ സുവർണചിത്രം പ്രസിദ്ധമാണ്. ദൈവാലയത്തിൽ സൂക്ഷിക്കപ്പെടുന്ന പരിശുദ്ധ മറിയത്തിന്റെ ചിത്രത്തോടു ബന്ധപ്പെട്ട് നൂറ്റാണ്ടുകൾ മുമ്പുണ്ടായ ഒരു അദ്ഭുതം ഇന്നും അനുസ്മരിക്കപ്പെടുന്നു. പരിശുദ്ധ മറിയത്തിന്റെ ഈ ചിത്രത്തിന്റെ നിറം മാറുന്നതായും വെട്ടിത്തിളങ്ങുന്നതായും പള്ളിയുടെ കാവൽക്കാരൻ കണ്ടു. വസ്ത്രങ്ങൾ നീലനിറംപൂണ്ട് തിളങ്ങി. ഈ ചിത്രത്തിനുമുമ്പിൽ പ്രാർത്ഥിക്കാനും അനുഗ്രഹങ്ങൾ പ്രാപിക്കാനും നിരവധി ആളുകൾ ഇപ്പോഴും എത്താറുണ്ട്.

മദബായിലെ ദൈവാലയത്തിന്റെ ഏറ്റവും വലിയ സവിശേഷത അതിനുള്ളിലായി തറയിൽ ചിത്രീകരിച്ചിരിക്കുന്ന വിശുദ്ധനാടുകളുടെ ഒരു മൊസെയ്ക് മാപ്പാണ്. ആറാം നൂറ്റാണ്ടിലെ വിശുദ്ധനാടുകളുടെ ആധികാരികമായ ചിത്രീകരണമാണ് മദബാ മാപ്പ്. അതുകൊണ്ടുതന്നെ ഈ മൊസെയ്ക് മാപ്പ് ലോകപ്രസിദ്ധമാണ്. ചെറിയ വർണക്കല്ലുകൾ ചേർത്തൊട്ടിച്ച് പള്ളിയുടെ തറയിൽ ഉണ്ടാക്കിയിരിക്കുന്ന മാപ്പിൽ അന്നത്തെ വിശുദ്ധനാടുകൾ മുഴുവൻ കാണാനുണ്ട്. വടക്ക് ലബനോൻമുതൽ തെക്ക് നൈൽ സമതലംവരെയും, പടിഞ്ഞാറ് മെഡിറ്ററേനിയൻ സമുദ്രംമുതൽ വിശാലമായ ജോർദ്ദാൻ നദിയുടെ മീൻപിടിത്തവള്ളങ്ങളോടുകൂടിയ തടാകങ്ങൾവരെ മാപ്പിൽ പെടുത്തിയിരിക്കുന്നു. ജോർദ്ദാൻ നദിയുടെ ഇരുകരകളെയും ബന്ധിപ്പിച്ച് അക്കാലത്തുണ്ടായിരുന്ന പാലങ്ങൾപോലും കാണാം. ജോർദ്ദാൻനദിയിൽ നീന്തിത്തുടിക്കുന്ന മത്സ്യങ്ങളെയും മൊവാബ് മരുഭൂമിയിൽ ഇരപിടിക്കുന്ന കൂറ്റൻ സിംഹങ്ങളെയും മാപ്പിൽ ചിത്രീകരിച്ചിട്ടുണ്ട്. ഈശോമിശിഹായുടെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ തീർത്ഥാടനസ്ഥലങ്ങളും പേരുസഹിതം ഉൾപ്പെടുത്തിയിരിക്കുന്നു. പട്ടണങ്ങളും ഗ്രാമങ്ങളുമായി അക്കാലത്ത് അറിയപ്പെട്ടിരുന്ന 150 സ്ഥലങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രീക്കുഭാഷയിൽ


സെന്റ് ജോർജ് ഓർത്തഡോക്സ് ദൈവാലയം, മദബാ

അവയുടെ പേരുകളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

മദബാ മാപ്പിൽ ജറുസലേം നഗരം വളരെ വിശദമായി ഉൾപ്പെടുത്തിയിരിക്കുന്നത് ചരിത്രപരമായി വളരെ പ്രധാനപ്പെട്ട കാര്യമാണ്. ആറാം നൂറ്റാണ്ടിൽ ജറുസലേം നഗരം (ബൈസന്റയിൻ കാലം) എപ്രകാരമായിരുന്നുവെന്നു കാണിക്കുന്ന മറ്റു കൃത്യമായ ചരിത്രരേഖകൾ ഒന്നുമില്ല. ജറുസലേംനഗരത്തിലെ അക്കാലത്തെ പ്രധാന നിർമ്മിതികളും മാപ്പിൽ കാണാം. ഡമാസ്കസ് ഗേറ്റ്, ലയൺസ് ഗേറ്റ്, ഗോൾഡൻ ഗേറ്റ്, സിയോൻ ഗേറ്റ് എന്നിവയ്ക്കു പുറമേ തിരുക്കല്ലറ ദൈവാലയം, ദാവീദിന്റെ ഗോപുരം, ആറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നിർമ്മിച്ച ദൈവമാതാവിന്റെ (തെയോനോക്കോസ്) പുതിയ ദൈവാലയം എന്നിവയും വ്യക്തമായിക്കാണാം. ദൈവമാതാവിന്റെ നാമത്തിലുള്ള പുതിയ ദൈവാലയം വെഞ്ചരിച്ചു സമർപ്പിച്ചത് ക്രിസ്തുവർഷം 542 നവംബർ 20 നാണ്. 570 നു ശേഷമുള്ള നിർമ്മിതികളൊന്നും മാപ്പിൽ ഇല്ല. അതുകൊണ്ട്, ഈ വർഷങ്ങൾക്കിടയിലാണ് മദബാ മാപ്പ് വരച്ചത് എന്നു വ്യക്തമാണ്. ജറുസലേത്തിനു പുറമേ നെയാപ്പോലീസ്, അസ്കലോൺ, ഗാസാ ചെലൂസിയ തുടങ്ങിയ മറ്റു നഗരങ്ങളും മാപ്പിൽ ചിത്രീകരിച്ചിട്ടുണ്ട്. ജറുസലേം നഗരത്തിന്റെ നടുവിലൂടെ ഉണ്ടായിരുന്ന ഒരു വിശാലമായ വഴിയും മാപ്പിൽ കാണാം. അടുത്തകാലത്തു നടന്ന പല ഉദ്ഘനനപഠനങ്ങളിലും മാപ്പിൽ ചിത്രീകരിച്ചിരിക്കുന്ന നിർമ്മിതികളിൽ പലതിന്റെയും സ്ഥാനം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ജറുസലേം നഗരത്തിന്റെ നടുവിലൂടെ ഉണ്ടായിരുന്ന വിശാലമായ വഴി ഇപ്പോഴത്തെ തറനിരപ്പിൽനിന്നു നാലുമീറ്റർ താഴെയായി കണ്ടെത്തുകയുണ്ടായി. വലിയ കൽപ്പാളികൾ പതിച്ച ഒരു രാജവീഥിയായിരുന്നു അത്. മദബാ മാപ്പ് തയ്യാറാക്കിയ കാലത്ത് മാപ്പിന് 21 മീറ്റർ നീളവും 7 മീറ്റർ വീതിയുമുണ്ടായിരുന്നു. ഇപ്പോഴാകട്ടെ 16 മീറ്റർ നീളവും 5 മീറ്റർ വീതിയുമാണുള്ളത്. സാധാരണ മാപ്പുകൾപോലെ തെക്കുവടക്കായിട്ടല്ല, മറിച്ച്, അൾത്താരയിലേക്കു തിരിച്ചാണ് മാപ്പ് ഉണ്ടാക്കിയിരിക്കുന്നത്. അതായത്, കിഴക്കിന് അഭിമുഖമായാണ് മാപ്പിന്റെ ചിത്രീകരണം. ചരിത്രത്തിന്റെ മുമ്പോട്ടുള്ള ഗതിയിൽ ആക്രമണങ്ങളും അധിനിവേശങ്ങളും ഉണ്ടായിട്ടുണ്ട്. അങ്ങനെയാണ് മാപ്പിനു കേടുപാടുകൾ സംഭവിച്ചത്. എ.ഡി. 614 ൽ സസാനിയൻ സാമ്രാജ്യം മദബാ ആക്രമിക്കുകയുണ്ടായി. എട്ടാം നൂറ്റാണ്ടിൽ ഉമയാദ് മുസ്ലീം കലിഫേറ്റിന്റെ കീഴിൽ മാപ്പിലെ ചില ചിത്രങ്ങൾ നീക്കംചെയ്തു.

716 ലുണ്ടായ ശക്തമായ ഭൂചലനത്തിൽ മദബാനഗരം തകർന്നടിഞ്ഞു. അങ്ങനെ, കഴിഞ്ഞ നൂറ്റാണ്ടുവരെ മദബാ മാപ്പ് ഉപേക്ഷിക്കപ്പെട്ടനിലയിൽ കിടന്നു. 1884 ൽ ഒരു ഗ്രീക്ക് ഓർത്തഡോക്സ് ദൈവാലയം പണിയാനായി ഈ സ്ഥലം നിരപ്പാക്കിയപ്പോൾ പഴയ ദൈവാലയത്തിന്റെ തറ തെളിഞ്ഞുവന്നു. എങ്കിലും ചരിത്രപരമായി ഈ മാപ്പിന്റെ പ്രാധാന്യം ആരും ശ്രദ്ധിച്ചില്ല. പുതിയ ദൈവാലയം പണിതപ്പോഴും മാപ്പിന്റെ ചില ഭാഗങ്ങൾ നഷ്ടമായി. 1964 ൽ ജർമ്മനിയിലെ വോക്സ് വാഗൻ ഫൗണ്ടേഷൻ ഈ ചരിത്രസ്മാരകത്തിന്റെ സംരക്ഷണത്തിനായി ഒരു വലിയ തുക ജർമ്മൻ സൊസൈറ്റിഫോർ എക്സ്പ്ലൊറേഷൻ ഓഫ് പാലസ്തീൻ എന്ന സൊസൈറ്റിക്കു നൽകി. മദബാ സെന്റ് ജോർജ് ദൈവാലയത്തിലെ ഈ മൊസെയ്ക് മാപ്പ് വിലയേറിയ ഒരു ചരിത്രസ്മാരകമായി ഇപ്പോൾ സംരക്ഷിക്കപ്പെടുന്നു.

ദൈവാലയത്തിലെ ഐക്കണുകളും വിശുദ്ധനാടിന്റെ മാപ്പും കണ്ട് ഞങ്ങൾ പുറത്തിറങ്ങി. ഞങ്ങളുടെ പത്തുദിവസത്തെ തീർത്ഥാടനം അവസാനഘട്ടത്തിലേക്കു കടക്കുകയായിരുന്നു. ഗ്രൂപ്പിലുള്ള എല്ലാവരും മടക്കയാത്രയ്ക്കു തയ്യാറെടുത്തു. ബസിൽ ഞങ്ങൾ കിംഗ് അലിയ ഇന്റർനാഷണൽ എയർപോർട്ടിലെത്തി. സെക്യൂരിറ്റി ചെക്കപ്പിനു കാര്യമായ താമസം നേരിട്ടില്ല. രണ്ടു ഘട്ടമായിട്ടാണ് തിരികെയുള്ള യാത്ര ക്രമീകരിച്ചിരുന്നത്. ആദ്യഘട്ടം ഷാർജയിലേക്ക്. അവിടെയുള്ള ഡ്യൂട്ടി ഫ്രീ ഷോപ്പുകളിൽ നിന്ന് എല്ലാവരും ധാരാളം സാധനങ്ങൾ വാങ്ങി. അർദ്ധരാത്രിയോടെ ഞങ്ങളുടെ വിമാനം ഷാർജ എയർപോർട്ടിൽനിന്നു യാത്ര തുടങ്ങി. നേരം വെളുത്തപ്പോൾ നെടുമ്പാശേരിയിൽ ഇറങ്ങി. പരസ്പരം യാത്ര പറഞ്ഞ് സഹയാത്രികർ എല്ലാവരും തങ്ങളുടെ സ്ഥലങ്ങളിലേക്കു തിരിച്ചു. വിശുദ്ധനാടുകളിലൂടെയുള്ള ഈ തീർത്ഥാടനം ജീവിതത്തിലെ അവിസ്മരണീയമായ അനുഭവമായി അവശേഷിക്കുന്നു.

□

കഥയും കാര്യവും

സത്യൻ താന്നിപ്പുഴ

## ഉർവ്വശീശാപം ഉപകാരം!

അഗസ്റ്റിൻ അമേരിക്കയിൽനിന്നു വന്ന് പട്ടണത്തിൽ ഒരു മുറി വാടകയ്ക്കെടുത്ത് റെഡിമെയ്ഡ് വസ്ത്രാലയം തുടങ്ങി. ജോലിക്കാരാരും ഉണ്ടായിരുന്നില്ല. തനിച്ചാണ് കട നടത്തുന്നത്. സഹായത്തിനു സഹധർമ്മിണി ഉണ്ട്.

ഉദ്ഘാടനത്തിന് ബന്ധുക്കളും സുഹൃത്തുക്കളും വന്നു. ആവശ്യമുള്ള വസ്ത്രങ്ങളെല്ലാം വാങ്ങി. ആദ്യമാസങ്ങളിൽ സാമാന്യം നല്ല കച്ചവടം കിട്ടി. വാടകയും ചെലവുകളും കിഴിച്ച് വലിയ ലാഭമൊന്നും ഉണ്ടായില്ല. കട മുമ്പോട്ടു തുടർന്നുകൊണ്ടുപോകാൻ പ്രയാസമായി. കട എങ്ങനെ നിറുത്തും, നിറുത്തിയാൽ ആളുകൾ എന്തു പറയും എന്ന ചിന്ത അലട്ടി. തുടർന്നു നടത്തിയാൽ ലാഭംകൊണ്ടു വീട്ടുകാര്യങ്ങൾ നടക്കുകയില്ല. എന്താണു ചെയ്യേണ്ടതെന്നാലോചിച്ചു.

അങ്ങനെയിരുന്നപ്പോൾ കൊവിഡ് 19 വന്നു. ലോക്ഡൗണായി. കട അടച്ചു. എന്തു ചെയ്യണമെന്നറിയാതെ വീട്ടിൽ കുത്തിയിരിക്കയാണ്. 'സ്വതവേ ദുർബല പോരെങ്കിൽ ഗർഭിണി' എന്നു പറഞ്ഞ മട്ടായി. ഇനി എന്തു ചെയ്യും?

ഒരു ബന്ധുവിന് ഒരു നൈറ്റി വേണമെന്നു പറഞ്ഞു. അമ്മയ്ക്കു നൈറ്റി വേണമെങ്കിൽ എനിക്കു രണ്ട് ചുരിദാർ വേണമെന്നു മകൾ പറഞ്ഞു.

കട തുറന്ന് നൈറ്റിയും ചുരിദാറും കൊണ്ടുവന്നു കൊടുത്തു. നൈറ്റി ഒന്നുകൂടി അടിപ്പിക്കുന്നതിനുവേണ്ടി അയൽപക്കത്തെ തയ്യൽക്കാരിയുടെ അടുത്തുപോയി. നൈറ്റി കണ്ടപ്പോൾ തയ്യൽക്കാരിക്കു രണ്ടു നൈറ്റി വേണമെന്നു പറഞ്ഞു. അവർക്കും കൊണ്ടുവന്നു കൊടുത്തു. ആ നൈറ്റി കണ്ടപ്പോൾ അടുത്തവീട്ടിലെ വീട്ടമ്മയ്ക്കും ഒരു നൈറ്റി വേണമെന്നു പറഞ്ഞു. അവർക്കും കൊണ്ടുവന്നു കൊടുത്തു. ബാക്കിയുള്ള വസ്ത്രങ്ങൾ വിറ്റുതീർത്ത് കട നിറുത്താൻ തീരുമാനിച്ചു. ഓരോ വീട്ടിലും കയറിയിറങ്ങി ആവശ്യക്കാരെ കണ്ടെത്തി വസ്ത്രങ്ങൾ വിറ്റുതീർത്തു.

അഗസ്റ്റിന് സ്വന്തമായി പാടത്ത് ഒരേക്കർ നിലമുണ്ട്. അവിടെ നെല്ലുകൃഷി ചെയ്തിരുന്നതാണ്. ഇപ്പോൾ നെൽകൃഷി ചെയ്യുന്നില്ല. നെൽകൃഷി ചെയ്യാൻ ആളെ കിട്ടാനില്ല. അതുകൊണ്ടു കപ്പകൃഷി ചെയ്യാൻ തുടങ്ങി. ഇപ്പോൾ കപ്പകൃഷിയുമില്ല. ബംഗാളികൾ എല്ലാം നാട്ടിൽ പോയി.

പണിചെയ്യാൻ ആളില്ല. സ്ഥലം വെറുതെ കിടക്കുകയാണ്. അടുത്തുള്ള നിലങ്ങളും വെറുതെ പുല്ലുപിടിച്ചു കിടക്കുകയാണ്.

അഗസ്റ്റിൻ സ്വന്തം നിലം കൃഷിചെയ്യാൻ തീരുമാനിച്ചു. സഹധർമ്മിണിയും സഹായത്തിനുണ്ടായി. പച്ചക്കറികൃഷിയാണ്



ആദ്യം തുടങ്ങിയത്. വെണ്ട, തക്കാളി, വഴുതന, പടവലം, പാവൽ, പയർ, പീച്ചിൽ, കോവൽ, വെള്ളരി എന്നിവ കൃഷി ചെയ്തു. സ്വന്തം പ്രയത്നവും സഹധർമ്മിണിയുടെ അദ്ധ്വാനവുമാണ്. വേറെ പണിക്കാരാരുമുണ്ടായിരുന്നില്ല.

വീട്ടിൽ ഒരു കറവപ്പശു ഉണ്ടായിരുന്നു. അതിന്റെ ചാണകവും ഗോമൂത്രവും ചാരവും വളമായി ഉപയോഗിച്ചു. പച്ചക്കറികൾക്കു നല്ല വിളവുണ്ടായി. വിറ്റ് നല്ല ലാഭവും കിട്ടി. കൃഷി ചെയ്തു ലാഭം കിട്ടിയപ്പോൾ അടുത്ത് വെറുതെ കിടന്ന നിലം പാട്ടത്തിനെടുത്ത് പൂവൻവാഴ കൃഷിചെയ്തു. ആ കൃഷിയും വിജയമായിരുന്നു. അങ്ങനെ കൃഷിയിൽ ലാഭവും മാനസികോല്ലാസവും കിട്ടിയപ്പോൾ ഈ കൃഷികൾ നേരത്തേ ചെയ്യാൻ കഴിഞ്ഞില്ലല്ലോ എന്നു തോന്നി.

കൊവിഡ്-19 വന്നതു നന്നായി. അല്ലെങ്കിൽ ആ വസ്ത്രാലയവും വച്ചുകൊണ്ട് ഈച്ചയാട്ടി ഇരുന്നേനെ. 'ഉർവശീ ശാപം ഉപകാരം.'

# മഹാമാരിയും മാനസികാരോഗ്യവും

എം.ജെ. ജിൻസ്

യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ (UNDP) ആരോഗ്യവികസനവിഭാഗം മേധാവികളിലൊരാളായ ഡഡ്‌ലി ടാൾട്ടൺ, കഴിഞ്ഞ ദിവസം തന്റെ ബ്ലോഗ് തുടങ്ങിയത് ഇപ്രകാരമായിരുന്നു: “സാധാരണമായി സ്വപ്നങ്ങളൊന്നും ഓർത്തുവയ്ക്കുന്ന ഒരാളല്ല ഞാൻ. എന്നാൽ, കഴിഞ്ഞ ദിവസം കണ്ട സ്വപ്നം എന്റെ മനസ്സിൽനിന്നു മായുന്നതേയില്ല. ഞാൻ കൊവിഡ് പോസിറ്റീവായി എന്നതായിരുന്നു ആ സ്വപ്നം!” സമാനമായൊരു സ്വപ്നത്തിന്റെ കഥ വിവരിച്ചുകൊണ്ടുള്ള സുഹൃത്തിന്റെ ഫോൺകോളിനെക്കുറിച്ചും ടാൾട്ടൺ തുടർന്നെഴുതുന്നുണ്ട്. പണ്ഡിതപാമരഭേദമില്ലാതെ, സമ്പന്നനെന്നോ ദരിദ്രനെന്നോ വ്യത്യാസമില്ലാതെ കൊവിഡ് ലോകത്തിന്റെ മുഴുവൻ ദുഃസ്വപ്നമായി ത്തീർന്നിരിക്കുന്നു.

കൊവിഡിനെക്കാൾ വലിയ പ്രശ്നമായി കൊവിഡിനെക്കുറിച്ചുള്ള ഭയാശങ്കകൾ മാറിക്കഴിഞ്ഞിരിക്കുന്നു എന്നതാണു യാഥാർത്ഥ്യം. സ്വയം അസുഖബാധിതരാകുമോ എന്ന ഭീതിക്കൊപ്പം പ്രിയപ്പെട്ടവർ അതിജീവിക്കുമോ എന്ന ആശങ്കയും കഠിനമായ മാനസികസംഘർഷങ്ങൾക്കു കാരണമായിത്തീരുന്നു. സൗഹൃദസദസ്സുകൾ ഓർമ്മകൾ മാത്രമായി മാറുകയും അടുപ്പത്തിന്റെ പുതിയ നിർവ്വചനമായി അകലം സ്ഥാനപ്പെടുകയും ചെയ്തതോടെ മനുഷ്യന്റെ സാമൂഹികവ്യവഹാരങ്ങളപ്പാടെ കീഴ്മേൽ മറിയുകയാണുണ്ടായത്.

കൊവിഡുകാരണം ജോലി നഷ്ടപ്പെടുകയും സാമ്പത്തികമായി അരക്ഷിതരായി മാറുകയും ചെയ്ത പ്രവാസികൾ ഉൾപ്പെടെയുള്ള അനേകമാളുകൾ നമുക്കു ചുറ്റുമുണ്ട്. മുന്നോട്ടെങ്ങനെ ജീവിക്കുമെന്ന വലിയ ചോദ്യം പലരെയും കടുത്ത നിരാശയിലേക്കും ആത്മഹത്യയിലേക്കും പോലും നയിക്കുന്നു. ഈ മഹാമാരിക്കു മുമ്പുതന്നെ ആത്മഹത്യയുടെ തലസ്ഥാനം എന്നൊരു ചീത്തപ്പേര് നമുക്കുണ്ട്. ഒരു ലക്ഷത്തിൽ 10.4 ആണ് ആത്മഹത്യയുടെ ദേശീയ ശരാശരിയെങ്കിൽ കേരളത്തിൽ അത് 23.5 ആയി വർദ്ധിക്കുന്നു. അതായത്, ദേശീയ ശരാശരിയുടെ ഇരട്ടിയിലും അധികമാണ് കേരളത്തിലെ ആത്മഹത്യയുടെ നിരക്ക്.

ഇതോടൊപ്പം മറ്റുചില കണക്കുകൾകൂടി നാം പരിശോധിക്കേണ്ടതുണ്ട്. 2015–16 ദേശീയ മാനസികാരോഗ്യസർവ്വേയുടെ കണക്കുകൾ പ്രകാരം കേരളത്തിലെ പ്രായപൂർത്തിയാവരിൽ 14.4 ശതമാനം പേരും എപ്പോഴെങ്കിലും മാനസികാസ്വാസ്ഥ്യങ്ങൾ നേരിട്ടവരാണ്. ഇവരിൽത്തന്നെ അധികമാളുകളും വിഷാദരോഗവും അമിത ഉത്കണ്ഠയും പോലുള്ള പ്രശ്നങ്ങളാണ് നേരിട്ടിരുന്നതെന്നും ശ്രദ്ധേയമാണ്. ഇക്കാര്യങ്ങളെല്ലാം മുൻനിർത്തിക്കൊണ്ടുവേണം കൊവിഡ് സൃഷ്ടിക്കുന്ന മാനസികപ്രശ്നങ്ങളെ നാം വിലയിരുത്താൻ.

**മാനസികപ്രശ്നങ്ങളും സമൂഹത്തിന്റെ കാഴ്ചപ്പാടുകളും**

അകാരണമായ അസ്വസ്ഥതയും ക്ഷീണവും, തനിച്ചിരിക്കാനുള്ള ആഗ്രഹം, മറ്റുള്ളവരെ അഭിമുഖീകരിക്കാനുള്ള ഭീതി, ഭക്ഷണത്തോടുള്ള താത്പര്യമില്ലായ്മ, ലൈംഗികതയോടുള്ള വിരക്തി, ഉറക്കമില്ലായ്മ, നിയന്ത്രിക്കാനാവാത്ത നിരാശയും നിസ്സഹായതയും തുടങ്ങിയവയാണ് മാനസികപ്രശ്നങ്ങളുടെ പ്രാരംഭലക്ഷണങ്ങളെന്ന് ആരോഗ്യവിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. ഈ പ്രശ്നങ്ങൾ വളർന്നാണ് മനസ്സിന്റെ താളക്രമം തകരാറിലാക്കുന്നത്. മാനസികപ്രശ്നങ്ങൾ തുടക്കത്തിൽത്തന്നെ ചികിത്സിച്ചാൽ എൺപതു ശതമാനം പേരെയും പരിപൂർണമായി രോഗമുക്തരാക്കാൻ കഴിയും.



കേരളത്തിന്റെ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ, മാനസികാരോഗ്യപ്രശ്നങ്ങൾക്ക് ചികിത്സ തേടാൻ ആളുകൾ മടിക്കുന്നതിന്റെ പ്രധാന ഉത്തരവാദി സമൂഹം തന്നെയാണെന്നു പറയാം. ഒരാൾ ഒരു സൈക്കോളജിസ്റ്റിനെയോ സൈക്യാട്രിസ്റ്റിനെയോ കണ്ടെന്നറിഞ്ഞാൽത്തന്നെ അയാളെ മനോരോഗിയായി മുദ്ര കുത്തുന്ന ഒരു വിഭാഗമുണ്ട്. ഇനി ഒരാൾക്കു മാനസികരോഗം ഉണ്ടായെന്നു തന്നെ ഇരിക്കട്ടെ, ചികിത്സയിലൂടെ അയാൾ പരിപൂർണ രോഗവിമുക്തി നേടിയാലും മരണം വരെയും അയാളെ മനോരോഗിയായി ചിത്രീകരിക്കുന്നവരുമുണ്ട്. (ഒരാളെ മനോരോഗിയാക്കി മാറ്റുന്നതിൽ സമൂഹത്തിന്റെ പങ്ക് എത്രത്തോളമെന്നറിയാൻ ലോഹിതദാസിന്റെ ‘തനിയാവർത്തനം’ എന്ന ചിത്രം കണ്ടാൽ മതി) മാനസികപ്രശ്നങ്ങളോടുള്ള സമൂഹത്തിന്റെ ഈ സമീപനം മാറേണ്ടത് അനിവാര്യമാണ്. മനോരോഗങ്ങൾ ശാപവും ദൈവകോപവുമൊക്കെയാണെന്നു കരുതുന്ന ഒരു ന്യൂനപക്ഷമെങ്കിലും നമുക്കിടയിലുണ്ട്. മനസ്സിനെ തകർക്കുന്നവനല്ല, തകർന്ന മനസ്സിനു സൗഖ്യമേകുന്നവനാണ് ദൈവം, എന്ന തിരിച്ചറിവ് അവർക്കുണ്ടണ്ടായേ തീരൂ. കൊവിഡാനന്തരമെങ്കിലും കൂടുതൽ മാനസികസാക്ഷരതയുള്ള ഒരു സമൂഹമായി നാം പുനർനിർമ്മിക്കപ്പെടണം.

**കൊവിഡുകാലത്തെ വീട്ടകങ്ങൾ**

ഏതാണ്ട് ആറുമാസമായി ഏറെയാളുകളുടെയും ജീവിതം വീടിനുള്ളിൽത്തന്നെയാണ്. സ്കൂൾ-കോളജ് വിദ്യാഭ്യാസമൊക്കെയും വീട്ടകങ്ങളിലെ ടെലിവിഷൻ സ്ക്രീനുകളിലും മൊബൈൽ ഫോണുകളിലുമൊക്കെയായി മാറിയിരിക്കുന്നു. ഐ.ടി. രംഗമുൾപ്പെടെ നിരവധി ജോലികൾ ‘വർക്ക് ഫ്രം ഹോം’ രീതിയിലേക്കും ചുവടുമാറിയിരിക്കുന്നു. കുടുംബത്തിലെ പ്രായമായവർക്ക്, പുറത്തേക്കിറങ്ങാൻപോലും കഴിയുന്ന സാഹചര്യവുമല്ല. ഇപ്രകാരം എല്ലാവരും വീടിനുള്ളിൽത്തന്നെയിരിക്കുന്ന സന്ദർഭത്തിൽ, കുടുംബബന്ധങ്ങൾ കൂടുതൽ ഊഷ്മളവും സന്തോഷദായകവുമാകേണ്ടതുണ്ട്.

കുടുംബാംഗങ്ങൾ പരസ്പരമുള്ള സ്നേഹവും സഹകരണവും ഊട്ടിയുറപ്പിക്കണം. കുടുംബത്തിലാരും ഒറ്റപ്പെടുന്നില്ലെന്ന് ഓരോ അംഗവും ഉറപ്പുവരുത്തണം. കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നു വർത്തമാനം പറയുക, ഒരുമിച്ചു ഭക്ഷണം കഴിക്കുക, ഒന്നിച്ചു പ്രാർത്ഥിക്കുക തുടങ്ങിയ കാര്യങ്ങൾ മാനസികസംഘർഷങ്ങൾ ലഘൂകരിക്കാൻ സഹായിക്കും. സ്കൂൾ ജീവിതം നഷ്ടമായ കുട്ടികളുടെ കൂട്ടുകാർകൂടിയായി മാറേണ്ട ചുമതല ഇക്കാലത്ത് മാതാപിതാക്കൾക്കും കുടുംബത്തിലെ മുതിർന്നവർക്കുമുണ്ട്.

**ചേർത്തുപിടിക്കാം പ്രവാസികളെ**

ഒരു പ്രവാസിയും സ്വാർത്ഥതാത്പര്യങ്ങൾക്കായി പ്രവാസജീവിതം തിരഞ്ഞെടുത്തവരല്ല. കുടുംബത്തിനായി, അന്യനാട്ടിലെത്തി ചോര നീരാക്കിയവരാണവർ. അവർ ജോലി നഷ്ടപ്പെട്ടും നിസ്സഹായരായും നാട്ടിലെത്തുമ്പോൾ സ്വന്തം വീട്ടുകാരിൽനിന്നുപോലും അവഹേളനങ്ങൾ ഏറ്റുവാങ്ങേണ്ടിവരുന്നതിനെ ക്രൂരതയെന്നു മാത്രമേ വിശേഷിപ്പിക്കാനാവൂ. കേരളീയ സമ്പദ്‌വ്യവസ്ഥ നട്ടെല്ലുയർത്തിനിന്നത് പ്രവാസികളുടെ പണം ഇവിടേക്കെത്തിയപ്പോഴാണ്. കഴിഞ്ഞ രണ്ടു പ്രളയങ്ങളിൽ പ്രവാസികൾ കേരളത്തിനു നല്കിയ സഹായം വാക്കിൽ ഒതുക്കാനാവുന്നതല്ല. ജോലി നഷ്ടപ്പെട്ടും കഠിനമായ മാനസികസംഘർഷങ്ങളിലുഴറിയും അവർ കഷ്ടപ്പെടുമ്പോൾ കൈപിടിക്കേണ്ടത് ഗവൺമെന്റിന്റെ മാത്രമല്ല, നമ്മൾ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. ശാരീരികമായി അകലം പാലിക്കുമ്പോൾത്തന്നെ മാനസികമായ അടുപ്പം വർദ്ധിപ്പിക്കുക കൂടി ചെയ്യേണ്ട കാലമാണിത്.

**ഈ കാലവും കടന്നുപോകും**

ഓരോ രാത്രിക്കുശേഷവും പ്രഭാതമുണ്ട്. അതുപോലെ ഈ ഇരുണ്ട കാലവും കടന്നുപോവുകതന്നെ ചെയ്യും. പ്രതീക്ഷയുടെ, പ്രകാശത്തിന്റെ പുതിയ ലോകം മിഴി തുറക്കും. ആ വെളിച്ചത്തിനായി പ്രത്യാശയോടെ നാം കാത്തിരുന്നേ മതിയാവൂ. അമിതമായ ഭയമോ ഉത്കണ്ഠയോ ആവശ്യമില്ല. ഭയമല്ല, ജാഗ്രതയാണു വേണ്ടത്.

ആരോഗ്യവകുപ്പിന്റെയും മറ്റ് അധികാരികളുടെയും നിർദ്ദേശങ്ങൾ അനുസരിക്കുക, പോഷകസമ്പുഷ്ടമായ ഭക്ഷണം കഴിക്കുക. കൃത്യമായി ഉറങ്ങുക, യോഗ, മെഡിറ്റേഷൻ, മറ്റു വ്യായാമങ്ങൾ ഇവ ശീലമാക്കുക എന്നിവയെല്ലാം ഇക്കാലഘട്ടത്തിൽ നാം പ്രാവർത്തികമാക്കേണ്ട കാര്യങ്ങളാണ്. ശാരീരികവും മാനസികവുമായ ആരോഗ്യം കാത്തുസൂക്ഷിക്കുവാൻ നാം ശ്രദ്ധിക്കണം.

നല്ല പുസ്തകങ്ങൾ വായിക്കുക, നല്ല സിനിമകൾ കാണുക, സമൂഹമാധ്യമകൂട്ടായ്മകളിലെ ക്രിയാത്മകവും ഉപകാരപ്രദവുമായ ചർച്ചകളിൽ പങ്കെടുക്കുക തുടങ്ങിയ കാര്യങ്ങളിലും ശ്രദ്ധ പുലർത്താം. വാർത്താചാനലുകൾ ആവശ്യത്തിനുമാത്രം കാണുക. ആക്രോശങ്ങളും അധിക്ഷേപങ്ങളും മാത്രം മുഴങ്ങുന്ന, കാമ്പില്ലാത്ത ചാനൽചർച്ചകൾ ഒഴിവാക്കുന്നതുതന്നെയാവും ഉത്തമം. അകലെയായിരിക്കുമ്പോഴും മനസ്സുകൊണ്ടു ചേർന്നിരുന്ന്, നമുക്കു പരസ്പരം കൈത്താങ്ങാവാം. മനോവീര്യം ചോർന്നുപോകാതെ, തളരാതെ, തകരാതെ, ഒരുമിച്ചുനിന്നു നമുക്ക് അതിജീവനത്തിന്റെ പുതുചരിത്രമെഴുതാം. □

---

കവിത | ജോർജുകുട്ടി താവളം

## ഫുട്ബോൾ

“അങ്ങോട്ടുമിങ്ങോട്ടുമെന്നെത്തൊഴിക്കുവാൻ
നിങ്ങളോടെന്തു ഞാൻ തെറ്റു ചെയ്തു
എന്നെച്ചവിട്ടിപ്പുറത്തേക്കെറിഞ്ഞുകൊ–
ണ്ടെന്തിനായാർത്തു ചിരിച്ചിടുന്നു?”

പന്തിന്റെ രോദനം കേൾക്കവേ ചൊന്നൊരാ–
“ളെന്താണു നിൻ വ്യഥയ്ക്കുള്ള ഹേതു
കണ്ണുകളൊക്കെയും നിന്റേമേലാകയാൽ
നീയാണു താരമെന്നോർത്തു കൊൾക.”

## ക്ഷമിക്കുന്ന സ്നേഹം

ജീവിതം ധന്യമാക്കിത്തീർത്തീടാനുതകുന്ന
ഭാവമായിടും സ്നേഹമെന്നു നാമറിയേണം
കോപത്തിന്നില്ലൊരല്പം സ്ഥാനവും ഹൃദയത്തിൽ
കാപട്യമില്ലാതുള്ള സ്നേഹമുണ്ടാകിൽ നൂനം

ക്ഷമയും കാരുണ്യവും സ്നേഹവും നിറഞ്ഞതാം
സന്മനമുള്ളോർ ഭൂവിൽ സ്വസ്ഥരായ് വസിച്ചിടും
മന്നിടം വിട്ടുപോയെന്നാകിലുമവരുടെ
ഉന്നതമാനസത്തെയേവരും പ്രകീർത്തിക്കും

## തുല്യപങ്കാളിത്തം

തുല്യമാം പങ്കാളിത്തം കുടുംബത്തിരുവർക്കും
ഇല്ലാതെ വന്നീടുകിൽ ബന്ധങ്ങളുലഞ്ഞിടാം
പാദങ്ങളിടറാതെ ജീവിതമാകും യാത്ര
കാതങ്ങൾ പിന്നിട്ടീടാനന്യോന്യം താങ്ങായ്ത്തീരാം

ഓരോരോ കാര്യങ്ങളുമിണയോടാലോചിക്കാം
തീരുമാനങ്ങളൊറ്റയ്ക്കെടുക്കാതിരുന്നിടാം
ഏതൊരു പ്രശ്നത്തെയുമേറ്റവും ക്ഷമയോടെ
ശാന്തമാം മനസ്സോടെ കേൾക്കേണമിരുവരും



മേരി സെബാസ്റ്റ്യൻ



# പിഴയ്ക്കാത്ത പ്രകൃതിപാഠങ്ങൾ

**ആ**ധുനികവൈദ്യശാസ്ത്രത്തിന്റെ ഉപജ്ഞാതാവായ ഹിപ്പോക്രാറ്റ്സ് സഹസ്രാബ്ദങ്ങൾക്കുമുമ്പേ ഇപ്രകാരം പറഞ്ഞു: "പ്രകൃതിയുടെ വരദാനങ്ങളായ ശുദ്ധവായു, ശുദ്ധജലം, ശുദ്ധഭക്ഷണം എന്നിവയാണ് ആരോഗ്യത്തിന്റെ അടിസ്ഥാനം. ഇവ മലിനമായാൽ സകല ജീവജാലങ്ങളും രോഗഗ്രസ്തമായിത്തീരും." പിന്നീടങ്ങോട്ട് എണ്ണമറ്റ ഋഷികളും ഭിഷഗ്വരരും ശാസ്ത്രജ്ഞരുമൊക്കെ ഇതുതന്നെ അടിവരയിട്ട് ആവർത്തിച്ചു. എന്നാൽ, മനുഷ്യബുദ്ധിയുടെ വികാസവും ശാസ്ത്രസാങ്കേതികവിദ്യകളുടെ വളർച്ചയും ഉപഭോഗസംസ്കാരത്തിന്റെ നീരാളിപ്പിടിത്തവും പ്രകൃതിയുടെ താളപ്പിഴകൾക്കും അന്തരീക്ഷമലിനീകരണത്തിനും കാരണമായിത്തീർന്നു. അതോടൊപ്പം മനുഷ്യന്റെ അതിമോഹവും അഹങ്കാരവും ആർത്തിയും ധൂർത്തും സുഖലോലുപതയും പരിസ്ഥിതിക്ക് ആഴത്തിലുള്ള മുറിവേല്പിക്കുക മാത്രമല്ല, മറ്റു ജീവജാലങ്ങളുടെ ആവാസകേന്ദ്രങ്ങൾക്കും ജീവന്റെ നിലനില്പിനും വരെ ഭീഷണിയായിത്തീരുകയും ചെയ്തു.

പരിസ്ഥിതിയെ അടിമുടി മുറിവേല്പിച്ചുകൊണ്ടുള്ള മനുഷ്യന്റെ പ്രവൃത്തികൾ ഭൂമിക്കു താങ്ങാവുന്നതിലധികമാണ്. ഒന്നിന്റെ നിലനില്പ് മറ്റൊന്നിനോടു ബന്ധപ്പെട്ടു കിടക്കുന്നുവെന്നത് ഒരു പരിസ്ഥിതിവ്യവസ്ഥയാണ്. പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കു കോട്ടംതട്ടുമ്പോൾ പ്രപഞ്ചശക്തികൾ പ്രതികരിക്കുകയും അവ ഭൂചലനം, പെരുമഴ, വേനലറുതി, ചുഴലിക്കാറ്റ്, ഉരുൾപൊട്ടൽ, സുനാമി തുടങ്ങിയ പ്രകൃതിദുരന്തങ്ങളായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. ഋതുഭേദങ്ങളിൽ വ്യതിയാനം സംഭവിക്കുകയും കാലാവസ്ഥ തകിടംമറിയുകയും ചെയ്യുന്നു. ഇവയെല്ലാം മനുഷ്യരെയും മൃഗങ്ങളെയും മാത്രമല്ല സകല ജീവജാലങ്ങളെയും സാരമായി ബാധിക്കുകയും ആവാസവ്യവസ്ഥകൾക്ക് ഇളക്കംതട്ടുകയും ചെയ്യുന്നു.

പരിസ്ഥിതിയെ സംരക്ഷിക്കുകയെന്നത് ദൈവസ്നേഹത്തിന്റെയും ആദരവിന്റെയും നന്ദിയുടെയും അടയാളംകൂടിയാണ്. ദൈവമാണ് ഈ പ്രപഞ്ചത്തിന്റെ ഉടയവൻ. മനുഷ്യർ കാര്യസ്ഥർ മാത്രമാണ്. ഏശയ്യാ പ്രവാചകനിലൂടെ ദൈവം ചോദിക്കുന്നു: "കൈക്കുമ്പിളിൽ ആഴിയെ അളക്കുകയും ആകാശവിശാലതയെ ചാണിൽ ഒതുക്കുകയും ഭൂമിയിലെ പൊടിയെ അളവുപാത്രത്തിൽ ഉൾക്കൊള്ളിക്കുകയും പർവ്വതങ്ങളുടെ ഭാരം വെള്ളിക്കോലിൽ നിശ്ചയിക്കുകയും കുന്നുകളെ തുലാസിൽ തൂക്കുകയും ചെയ്യുന്നവനാര്?" (ഏശയ്യ. 40:12)

സുവിശേഷത്തിലൂടെ കടന്നുപോകുമ്പോൾ, യേശു തന്റെ ശിഷ്യന്മാർക്കു നൽകിയ ഉപമകളിലും കഥകളിലും പ്രബോധനങ്ങളിലുമെല്ലാം പ്രകൃതിയിലെ ചരാചരങ്ങളിലേക്കു വിരൽചൂണ്ടുന്നതായി കാണാം. സൂര്യൻ, ചന്ദ്രൻ, ആകാശം, ഭൂമി, ഇരുട്ട്, വെളിച്ചം, ദീപം, കടൽ, മത്സ്യം, കാറ്റ്, തിരമാല, മഴ, വിളകൾ, കളകൾ, കൃഷിക്കാരൻ, ധനികൻ, ദരിദ്രൻ, ദാസൻ, കാര്യസ്ഥൻ, വ്യാപാരി, രോഗം, വൈദ്യൻ, സൗഖ്യം എന്നിങ്ങനെ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സമസ്തമേഖലകളെയും സമരസപ്പെടുത്തിയുള്ള ജീവിതക്രമങ്ങളുടെ നേർക്കാഴ്ചകളും ഉൾക്കാഴ്ചകളും എത്രയോ ചിന്തോദ്ദീപകവും അർത്ഥസംപുഷ്ടവുമായിട്ടാണ് യേശു പഠിപ്പിച്ചത്!

രണ്ടാം ക്രിസ്തുവെന്ന അപരനാമധാരിയായ പരിസ്ഥിതിയുടെ മദ്ധ്യസ്ഥൻ, അസ്സീസിയിലെ വി. ഫ്രാൻസീസ് പ്രകൃതിയിലെ സകലചരാചരങ്ങളെയും സഹോദരാ, സഹോദരീ എന്നാണു വിളിച്ചിരുന്നത്. തന്റെ ഗുരുവായ യേശുവിന്റെ കാല്പാടുകൾ പിന്തുടർന്ന വി. ഫ്രാൻസീസ് രചിച്ച 'സൂര്യസങ്കീർത്തനം' പ്രകൃതിയിലുള്ള സകലതിനെയും ദൈവ-മനുഷ്യബന്ധത്തിലേക്കടുപ്പിക്കുന്ന ഒരു സമ്യക്ദർശനമാണ് മാനവരാശിക്കു നൽകുന്നത്. പ്രപഞ്ചവസ്തുക്കളിലെല്ലാം ദൈവത്തെ കണ്ടെത്തിയ പ്രകൃതിസ്നേഹിയായ മഹാവിശുദ്ധന്റെ സർഗ്ഗചേതനയിൽനിന്നു തിർന്നുവീണ ഈ ഉണർത്തുപാട്ട് മാനവഹൃദയങ്ങളെ വി. ഗ്രന്ഥത്തോടു ചേർത്തുപിടിക്കുകയും 148 ഉം 150 ഉം സങ്കീർത്തനങ്ങളിലേക്കു ലയനസാന്ദ്രമാക്കുകയും ചെയ്യുന്നു.

21-ാം നൂറ്റാണ്ടിന്റെ പ്രവാചകനും ലോകാരാധ്യനും ഫ്രാൻസീസ് എന്ന ഔദ്യോഗികനാമധാരിയുമായ ഫ്രാൻസീസ് പാപ്പായുടെ 'അങ്ങേക്കു സ്തുതി' (ലൗദോത്താ സീ) എന്ന ചാക്രികലേഖനം ലോകജനത ഒന്നടങ്കം നെഞ്ചിലേറ്റി എന്നത് ഏറെ ശ്രദ്ധേയംതന്നെ. ഈ ഭൂമി എല്ലാവർക്കുമുള്ള പൊതുഭവനവും പൊതുസ്വത്തുമാണെന്നുള്ള ഓർമ്മപ്പെടുത്തൽ മാത്രമല്ല, പ്രകൃതിയോടും വരുംതലമുറകളോടുമുള്ള ധാർമ്മികോത്തരവാദിത്വത്തിലേക്കുംകൂടി ഇതു വെളിച്ചം വീശുന്നു. പുരാതനകാലംമുതൽ പ്രകൃതിസ്നേഹികളായ അനവധി കവികളും ചിന്തകരും ദാർശനികരും പ്രപഞ്ചത്തിന്റെ സുസ്ഥിതിക്കായി തൂലിക പടവാളാക്കിയിട്ടുണ്ട്.

പ്രകൃതിയാണ് മനുഷ്യന്റെ ഏറ്റവും വലിയ പാഠപുസ്തകം. മാനവകുലം കാലാകാലങ്ങളിൽ പലവിധ മഹാവ്യാധികളെ നേരിട്ടിട്ടുണ്ട്. പ്ലേഗ്, വസൂരി, കോളറ, ഫ്ളൂ, എയിഡ്സ്, എബോള തുടങ്ങി പലവിധ പകർച്ചവ്യാധികൾ ലോകം നേരിടുകയും കോടിക്കണക്കിനു മനുഷ്യജീവൻ പൊലിയുകയും ചെയ്തിട്ടുണ്ട്. ഈ നൂറ്റാണ്ടിൽ ലോകജനതയെ കീഴടക്കുന്ന പകർച്ചവ്യാധികളിൽ നല്ലൊരു ശതമാനവും ജന്തുജന്യരോഗങ്ങളാണെന്ന് ശാസ്ത്രം കണ്ടെത്തിയിരിക്കുന്നു. മനുഷ്യന്റെ അനീതിക്കും അക്രമത്തിനും ആർത്തിക്കും കിട്ടിയ തിരിച്ചടി!

എല്ലാ തിന്മയിലും ഒരു നന്മയെങ്കിലും മറഞ്ഞിരിപ്പുണ്ടാവും. മറുമരുന്നില്ലാത്ത കൊറോണ എന്ന മഹാമാരിയുടെ സംഹാരതാണ്ഡവത്തിൽനിന്നു മാനവരാശിക്കുള്ള ഏറെ ഗുണപാഠങ്ങളും ഉരുത്തിരിയുന്നുണ്ട്.കൊറോണ മനുഷ്യന്റെ ശത്രുവും നാശവുമാണെങ്കിൽ പ്രകൃതിയുടെ മിത്രവും രക്ഷയുമാണ്. വായു, ജലം, അന്തരീക്ഷം എല്ലാം ശുദ്ധീകരിക്കപ്പെടുന്നു. പരിസ്ഥിതിക്കു സുഖം പകരുന്നു. സാഹോദര്യവും സമത്വവും ശുചിത്വവും മിതത്വവും ആർജ്ജിക്കുവാൻ ഒരു പരിധിവരെ കൊറോണ സഹായകമായി. പണവും പ്രതാപവും നിലയും വിലയും സമ്പത്തും സൗഭാഗ്യവും ആഡംബരവും ധൂർത്തുമൊക്കെ നൈമിഷികമെന്ന തിരിച്ചറിവ് കൊറോണ ലോകത്തിനുനൽകിയ പാഠങ്ങളാണ്. മനുഷ്യന്റെ നിസ്സാരത ഈ വൈറസ് നമ്മെ ഓർമ്മപ്പെടുത്തുന്നു.

□

## പാട്ടിന്റെ പാലാഴി – 63

ളാക്കാട്ടൂർ പൊന്നപ്പൻ

### സംഗീതാചാര്യന്മാർ

### വീണ കുപ്പയ്യർ



ത്യാഗരാജശിഷ്യരിലെ ഏറ്റവും പ്രധാനിയാണ് കുപ്പയ്യർ. പ്രഗല്ഭനായൊരു സംഗീതജ്ഞനും വാഗ്ഗേയകാരനുമായിരുന്നു അദ്ദേഹം. വളരെ നന്നായി വീണ വായിച്ചിരുന്നതിനാൽ വീണ കുപ്പയ്യർ എന്നാണ് അറിയപ്പെട്ടിരുന്നത്. മദ്രാസിനു സമീപമുള്ള തിരുവൊറ്റിയൂർ എന്ന സ്ഥലമാണ് സ്വദേശം. ഗായകനും വൈണികനുമായിരുന്ന സാംബമൂർത്തി ശാസ്ത്രിയായിരുന്നു പിതാവ്. പിതാവിൽനിന്നാണ് സംഗീതത്തിന്റെ ആദ്യപാഠങ്ങൾ അഭ്യസിച്ചത്. ജന്മനാ ലഭിച്ച സംഗീതാഭിരുചി, ത്യാഗരാജസ്വാമികളുടെ ശിഷ്യത്വം സ്വീകരിച്ചതോടെ വർദ്ധിച്ചു.

ഇദ്ദേഹത്തിന്റെ അപേക്ഷപ്രകാരം ത്യാഗരാജസ്വാമികൾ തിരുവൊറ്റിയൂരിൽ സന്ദർശനം നടത്തുകയും അവിടെവച്ച് ത്രിപുരസുന്ദരീദേവിയെക്കുറിച്ച് 'തിരുവൊറ്റിയൂർ പഞ്ചരത്നം' എന്നറിയപ്പെടുന്ന അഞ്ചു കൃതികൾ രചിക്കുകയും ചെയ്തു.

സംഗീതത്തിലെ വിവിധ ശാഖകളിലുള്ള ഈ വൈദഗ്ധ്യം അദ്ദേഹത്തിന് ഗാനചക്രവർത്തി എന്ന കീർത്തിമുദ്ര ലഭിക്കുന്നതിനു കാരണമായി. കുപ്പയ്യർ ധാരാളം വർണ്ണങ്ങളും കൃതികളും തില്ലാനകളും രചിച്ചിട്ടുണ്ട്. പില്ക്കാലത്ത് ഇദ്ദേഹം കോവൂരിലെ ആസ്ഥാനവിദ്വാനായി മാറി. ഇദ്ദേഹത്തിന്റെ മകനായ തിരുവൊറ്റിയൂർ ത്യാഗയ്യ, പിതാവിനെപ്പോലെ മികച്ച സംഗീതജ്ഞനും വാഗ്ഗേയകാരനുമായിരുന്നു. മകനെക്കൂടാതെ, കൊത്തവാസൻ വെങ്കിടരാമയ്യർ, ഫിഡിൽ പൊന്നുസ്വാമി, സീതാരാമയ്യ എന്നീ പ്രഗല്ഭരും ശിഷ്യന്മാരായിരുന്നു. കുടുംബദൈവമായ വേണുഗോപാലസ്വാമിയുടെ കടുത്ത ഭക്തനായിരുന്നതിനാൽ തന്റെ കൃതികൾക്ക് 'ഗോപാലദാസ' എന്ന മുദ്രയാണു സ്വീകരിച്ചിരുന്നത്. 62-ാം വയസ്സിൽ വീണ കുപ്പയ്യർ മദ്രാസിൽ വച്ച് അന്തരിച്ചു.

ഇദ്ദേഹത്തിന്റെ മിക്കവാറും കൃതികൾ ഇപ്പോഴും ഗായകർ ആലപിക്കുന്നുണ്ട്. അവരിൽ ചിലത് ഇവിടെ കുറിക്കുന്നു. ബാഗുമീര (ശങ്കരാഭരണരാഗം) – രൂപകതാളം, സാമിനിന്നെ( വർണം) ശങ്കരാഭരണം, നന്നുബ്രോചു – സിംഹേന്ദ്രമധ്യമരാഗം – ആദി, പാലിംപവെ – ഹേമവതിരാഗം – ആദിതാളം, സാമിനിപൈ – വർണ്ണം – അടതാളം – ആനന്ദഭൈരവി, ചലമേല – ദർബാർ രാഗം – ആദിതാളം, നെരുംചി – ധന്യാസിരാഗം – അടതാളം, സാമഗാനലോല – സാളഗഭൈരവിരാഗം – ആദി, ബിരാനനുബ്രോവ – ഹംസധ്വനിരാഗം – ആദിതാളം ഇങ്ങനെ അനവധി.

# ഗുണമേന്മയ്ക്കും സുസ്ഥിരവികസനത്തിനും

1-ാം പേജ് തുടർച്ച

21-ാം നൂറ്റാണ്ടിൽ ലോകത്താദ്യമായി അവതരിപ്പിച്ച ഇന്ത്യയുടെ വിദ്യാഭ്യാസനയം ഈ പരിണാമങ്ങളുടെയെല്ലാം സത്തയും സാധ്യതയും ഉൾക്കൊണ്ടിട്ടുണ്ട്.

സ്കൂൾ-കോളജ് ഘടനയിൽ വന്ന പുതുമ, മന്ത്രാലയത്തിന്റെ പേരുമാറ്റം, യു.ജി.സി. യുടെ സംവിധാനത്തിൽ വന്ന വ്യതിയാനം എന്നിങ്ങനെ ബാഹ്യതലസ്പർശിയായ ചർച്ചകളാണ് ദേശീയവിദ്യാഭ്യാസനയത്തെ ചുറ്റിപ്പറ്റി പുരോഗമിക്കുന്നത്. എന്നാൽ, അടുത്ത പത്തു വർഷംകൊണ്ട് ഇന്ത്യയുടെ വിദ്യാഭ്യാസമേഖലയെ അന്തർദ്ദേശീയ നിലവാരത്തിലേക്കുയർത്തുന്ന ഗുണമേന്മയിലൂന്നിയുള്ള പ്രക്രിയയ്ക്ക് അടിത്തറ പണിയുകയാണ് കസ്തൂരിരംഗൻ സമിതി ചെയ്തിരിക്കുന്നത്.

2030 നകം എല്ലാവർക്കും സ്കൂൾപ്രവേശനം ഉറപ്പുവരുത്തുക, നൂറു ശതമാനം സാക്ഷരതയും അമ്പതു ശതമാനം പേർക്ക് ഉന്നതവിദ്യഭ്യാസവും യാഥാർത്ഥ്യമാക്കുക, അടിസ്ഥാനവിദ്യാഭ്യാസം മാതൃഭാഷയിൽത്തന്നെ ലഭ്യമാക്കുക, അഫിലിയേഷൻ രീതി ഒഴിവാക്കി എല്ലാ കോളജുകൾക്കും സ്വയംഭരണം ലഭ്യമാക്കുക, ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളെ മികച്ച ഗവേഷണകേന്ദ്രങ്ങളാക്കി ഉയർത്തുക, വിദേശസർവ്വകലാശാലകൾക്ക് ഇന്ത്യയിൽ പ്രവർത്തനനാനുമതി നല്ക്കുക, ഉപരിപഠനത്തിനായി ഇന്ത്യൻ വിദ്യാർത്ഥികളുടെ വിദേശത്തേക്കുള്ള ഒഴുക്ക് തടയുക, ഓൺലൈൻവിദ്യാഭ്യാസത്തിനു വിപുലമായ സംവിധാനം ഒരുക്കുക, അറിവിനോടൊപ്പം കഴിവിലും മൂല്യബോധത്തിലും ഊന്നിയുള്ള മൂല്യനിർണ്ണയം യാഥാർത്ഥ്യമാക്കുക എന്നിവയെല്ലാം പുതിയ വിദ്യാഭ്യാസനയത്തിന്റെ കാതലായ ഘടകങ്ങളാണ്.

1991 ലെ സാമ്പത്തികപ്രതിസന്ധിക്കു പരിഹാരമായി നരസിംഹറാവു ഗവൺമെന്റ് ഒരു 'ന്യൂ ഇക്കണോമിക് പോളിസി'ക്കു രൂപം നല്കി. ഉദാരവത്കരണം, ആഗോളവത്കരണം, സ്വകാര്യവത്കരണം എന്നിവയായിരുന്നു അതിന്റെ അടിസ്ഥാനശിലകൾ. സമാനമായ പ്രതിസന്ധി നമ്മുടെ വിദ്യാഭ്യാസമേഖല ഇന്ന് അഭിമുഖീകരിക്കുകയാണ്. അംഗനവാടികളിൽമുതൽ ഉന്നതഗവേഷണസ്ഥാപനങ്ങളിൽവരെ ഗുണമേന്മയിലും സുസ്ഥിരവികസനത്തിലും ഊന്നിയുള്ള മാറ്റം വിഭാവനം ചെയ്യുന്ന പുതിയ നയത്തെ വിദ്യാഭ്യാസ ഉദാരവത്കരണനയമായി കണക്കാക്കാം. വിപുലമായ ലക്ഷ്യവും ശ്രമകരമായ ദൗത്യവുമാണ് ഈ നയം മുന്നോട്ടുവയ്ക്കുന്നത്.

*(മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകളുടെ മുൻ വൈസ് ചാൻസലറാണ് ലേഖകൻ.)*




# അഗസ്ത്യായനം

ഗിരീഷ് കെ. ശാന്തിപുരം


നോവലിസ്റ്റ്

## ശിശിരാന്തം

**കു**ശിനിക്കാരൻ കൊച്ചേപ്പ് കൊണ്ടുവന്നുകൊടുത്ത ഉച്ചഭക്ഷണം അല്പം കഴിച്ച്, കുഞ്ഞച്ചൻ ഒരു മയക്കത്തിലേക്കു ചാരുകയായിരുന്നു. അപ്പോഴാണ് അവർ വന്നത്. ഒരു സ്ത്രീയും എട്ടോ പത്തോ വരുന്ന ഒരാൺകുട്ടിയും.

"ആരാ..." കുഞ്ഞച്ചൻ ചോദിച്ചു. അവർ കട്ടിലിനരുകിൽ വന്നു മുട്ടുകുത്തി. കുഞ്ഞച്ചൻ കട്ടിൽ തലയ്ക്കൽ കെട്ടിയിരുന്ന വളയത്തിൽ പിടിച്ചുവലിച്ചു. മണി മുഴങ്ങി. മറിയക്കുട്ടിയും കൊച്ചേപ്പും ഒരുമിച്ചാണ് ഓടിവന്നത്. അവർ കുഞ്ഞച്ചനെ കട്ടിൽതലയ്ക്കലേക്കു ചാരിയിരുത്തി.

"ഞാൻ കത്രീന. ഇത് എന്റെ മകൻ ജോസഫ്... പണ്ട് കുരിശിൻതൊട്ടിയിലെ ഓലപ്പുരയിൽ...?"

അവർ പൂർത്തിയാക്കിയില്ല. അതിനുമുൻപേ ഓർമ്മിക്കുന്നു എന്ന് കുഞ്ഞച്ചൻ തലയാട്ടി.

അതൊരു മഞ്ഞുകാലമായിരുന്നു. യേശുദേവന്റെ തിരുപ്പിറവി കഴിഞ്ഞ് ലോകം വിശുദ്ധിയുടെ സുഗന്ധം പ്രസരിപ്പിച്ചുനില്ക്കുന്ന കാലം.

അതിരാവിലെ പള്ളിയിൽ കുർബാനയ്ക്കെത്തിയ കൈക്കാരനാണ് വന്നു പറഞ്ഞത്:

"കുരിശിൻതൊട്ടിയിലെ ഓലപ്പുരയിൽ ഏതോ ഒരു സ്ത്രീ പ്രസവിച്ചുകിടക്കുന്നു."

കേട്ടപാടേ കുഞ്ഞച്ചൻ കുറച്ചുപേരെ വിളിച്ചുകൂട്ടി പള്ളിപ്പുരയിലെത്തി.

"കൃശഗാത്രിയായ ഒരു സ്ത്രീ. അവളാകെ വിളറിയിരുന്നു. അവളുടെ കണ്ണുകളിൽ മരണത്തിന്റെ ഒരു നിഴൽ കണ്ടു കുഞ്ഞച്ചൻ. അവളോടൊട്ടിക്കിടന്ന് അമ്മിഞ്ഞ നുകരുന്ന ഒരാൺകുട്ടി. അവൻ പുല്ത്തൊഴുത്തിലെ ഉണ്ണിയേശുവിനെ ഓർമ്മിപ്പിക്കുന്നു.

കുഞ്ഞച്ചന്റെ നിർദ്ദേശപ്രകാരം സഹായികൾ എവിടെനിന്നോ ഒരു ചാക്കുകട്ടിൽ സംഘടിപ്പിച്ചു. ആ സ്ത്രീയെയും കുഞ്ഞിനെയും ചാക്കുകട്ടിലിലെടുത്ത് ആശുപത്രിയിലെത്തിച്ചു. ആശുപത്രിവാസത്തിന്റെ ദിവസങ്ങളിലത്രയും അവർക്കു ഭക്ഷണവും വസ്ത്രങ്ങളും കുഞ്ഞച്ചൻ എത്തിച്ചുകൊടുത്തു.

ആശുപത്രിയിൽനിന്നു പുറത്തുവന്നപ്പോൾ അവളെക്കുറിച്ചുള്ള കാര്യങ്ങൾ മുഴുവൻ മനസ്സിലാക്കി, അവളുടെ വീട്ടുകാരുടെ സമ്മതത്തോടുകൂടി അമ്മയെയും മകനെയും സ്നാനപ്പെടുത്തുകയും ചെയ്തു. ആ കുഞ്ഞിനെ സ്കൂളിൽ ചേർത്തതും പഠിക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തതും കുഞ്ഞച്ചനാണ്.

കുഞ്ഞച്ചൻ തനിക്കുള്ള ശബ്ദംകൊണ്ട് അവരോടു സംസാരിക്കുകയും അവരെ അനുഗ്രഹിക്കുകയും ചെയ്തു. അവർക്ക് എന്തെങ്കിലും ആഹാരം കൊടുത്തുവിടണമെന്ന് മറിയക്കുട്ടിയെ പറഞ്ഞേല്പിച്ചു.

"എന്നാ പൊയ്ക്കോ പൊയ്ക്കോ..." കുഞ്ഞച്ചൻ പറഞ്ഞു.

അമ്മയും മകനും കുഞ്ഞച്ചനു സ്തുതിചൊല്ലി പിൻവാങ്ങി.

പുറത്ത് മഴ പെയ്യാൻ തുടങ്ങിയിരുന്നു. ജാലകത്തിലൂടെ കടന്നുവന്ന കാറ്റ് കുഞ്ഞച്ചനെ സ്നേഹപൂർവ്വം തലോടി. സണ്ണി കുഞ്ഞച്ചനെ കിടക്കയിലേക്കു ചായ്ച്ചു. കുഞ്ഞച്ചൻ കണ്ണുകൾ ചാരി.

അപ്പോൾ കുഞ്ഞച്ചൻ എന്തുകൊണ്ടോ ഇങ്ങനെ ചിന്തിച്ചു: ജാലകം കടന്നെത്തുന്ന കാറ്റിൽ മരിച്ചുപോയവരുടെ ആത്മാക്കളുടെ ഇലയനക്കങ്ങളുണ്ടോ....? ഉണ്ടെന്ന് കുഞ്ഞച്ചനു തോന്നി. അവയൊക്കെയും തന്റെ ശരീരത്തെ സ്നേഹപൂർവ്വം തലോടുന്നു. കുശലം പറയുന്നു.

ഒരർദ്ധമയക്കത്തിന്റെ നീലവെളിച്ചത്തിൽ കുഞ്ഞച്ചന്റെ സ്വപ്നദർശനങ്ങളുടെ നദി രണ്ടായി പിരിയുന്നു.

അപ്പോൾ കുഞ്ഞച്ചൻ പള്ളിമുറിയിലായിരുന്നു. രോഗബാധിതനായി. എഴുന്നേറ്റുനിൽക്കാൻ പോലുമാകാതെ...

കുഞ്ഞന്നാമ്മ മരിച്ചു. വിവരമറിഞ്ഞപ്പോൾ കുഞ്ഞച്ചനു കരൾ പിളരുന്നതുപോലെ തോന്നി. ഒരു വസന്തകാലം കഴിഞ്ഞിരിക്കുന്നു. കാലത്തിന്റെ രഥചക്രങ്ങൾ ഏതോ ചതുപ്പിൽ പുതഞ്ഞുപോകുന്നു.

ജ്യേഷ്ഠന്റെ ഭാര്യയായി കുഞ്ഞന്നാമ്മ തേവർപറമ്പിലേക്കു വന്നുകയറുമ്പോൾ കുഞ്ഞച്ചൻ തീരെ കുഞ്ഞായിരുന്നു. അന്നുമുതൽ കുഞ്ഞന്നാമ്മ കുഞ്ഞച്ചന് മറ്റൊരമ്മയായിരുന്നു.

കുഞ്ഞന്നാമ്മയെയും വഹിച്ചുകൊണ്ടുള്ള ശവസംസ്കാരയാത്ര പള്ളിയിലെത്തിയപ്പോൾ, കുഞ്ഞച്ചനെ ഒരു കസേരയിലിരുത്തി മുറിയുടെ വരാന്തയിലേക്കെത്തിച്ചു. ശവമഞ്ചം കൊണ്ടുവന്ന് താഴ്ത്തി ഏടത്തിയെ കാട്ടിക്കൊടുത്തു. ഒരുനിമിഷം. ഒരു വാൾവന്ന് കുഞ്ഞച്ചനെ പിളർന്നുകളഞ്ഞു. പിന്നെ ഏടത്തി യാത്രയായി. എല്ലാം വെടിഞ്ഞ് കാലത്തിന്റെ മറുതീരത്തേക്ക്.

അഷ്ടദിക്കുകളും നടുങ്ങുമാറുച്ചത്തിൽ ഉന്നതങ്ങളിൽനിന്ന് ഒരിടിമുഴക്കമുണ്ടായി. കുഞ്ഞച്ചൻ മയക്കംഞെട്ടി. സ്വപ്നദർശനങ്ങൾ എവിടെയോ ചിന്നി. തെല്ലൊരു വേപഥുവോടെ കണ്ണുതുറക്കുമ്പോൾ കുഞ്ഞച്ചൻ കണ്ടത് മറ്റൊരദ്ഭുതക്കാഴ്ച.

തനിക്കുമുന്നിൽ പാലാ രൂപയുടെ സഹായമെത്രാൻ ജോസഫ് പള്ളിക്കാപറമ്പിൽ. അഭിവന്ദ്യ തിരുമേനിയുടെ സന്ദർശനം കുഞ്ഞച്ചനെ അതീവ സന്തോഷവാനാക്കി. അദ്ദേഹം തിരുമേനിയുടെ കഴുത്തിൽ കിടന്നിരുന്ന കുരിശ് ചുംബിച്ചു. കുറെ നേരം സംസാരിച്ചിരുന്നതിനുശേഷം തിരുമേനി യാത്ര പറഞ്ഞു.

"എന്റെ ഒരാഗ്രഹം സാധിച്ചു." അടുത്തുനിന്നിരുന്ന പി.റ്റി. അഗസ്റ്റിനോട് കുഞ്ഞച്ചൻ പറഞ്ഞു.

പുറത്ത് മഴ തോർന്നിരുന്നു. കനം കുറഞ്ഞ വെയിൽ പരന്നു. കുഞ്ഞച്ചൻ ജാലകത്തിലൂടെ



കാഴ്ച പുറത്തേക്കു നട്ടു. പുറംകാഴ്ച അസ്പഷ്ടമായിരുന്നു. പിന്നെ മെല്ലെമെല്ലെ ജപമാല രഹസ്യങ്ങളിലൂടെ വീണ്ടുമൊരു മയക്കത്തിലേക്ക്...

ഒച്ചിഴയുന്നതുപോലെയായിരുന്നു ദിനരാത്രങ്ങൾ. കുഞ്ഞച്ചന്റെ ദിനരാത്രങ്ങൾ അർദ്ധമയക്കങ്ങളുടേതായിരുന്നു. ഉറക്കം സുഖകരമാകുന്നില്ല. ഡോക്ടർമാർ പറഞ്ഞതനുസരിച്ച് ഉറക്കഗുളികകൾ കൊടുത്തു.

പക്ഷേ, അപ്പോൾ ക്ഷീണവും ശാരീരികമായ അസ്വസ്ഥതകളും കലശലായി. അപ്പോഴും കുഞ്ഞച്ചൻ ആശ്വാസംകൊണ്ടു.

"ദൈവം സ്നേഹിക്കുന്നവനെ വേദനിപ്പിക്കുന്നു. ദൈവം വേദനിപ്പിക്കുന്നവനെ നിത്യതയിലേക്കുള്ള പാഠങ്ങൾ പഠിപ്പിക്കുന്നു." കുഞ്ഞച്ചൻ പ്രാർത്ഥനയെ മുറുകെപ്പിടിച്ചു. തുന്നലില്ലാതെ നെയ്തെടുത്ത വിശ്വാസത്തിന്റെ ഒരങ്കി കുഞ്ഞച്ചൻ സ്വമേധയാ എടുത്തണിഞ്ഞു.

ദിവസങ്ങൾക്കുശേഷം കടൽ കമിഴ്ത്തിയതുപോലെ മഴപെയ്ത ഒരു ദിവസമാണ് മഴ നീന്തി അവർ വന്നത്. കുഞ്ഞച്ചന്റെ പ്രിയ സുഹൃത്തുക്കൾ ഫാ. മറ്റത്തിൽ ദേവസ്യാ അച്ചനും ഫാ. മൂങ്ങാമറ്റത്തിൽ അവിരാ അച്ചനും.

തന്റെ ആത്മമിത്രങ്ങളുടെ ആഗമനം കുഞ്ഞച്ചനെ തരളിതനാക്കി. കുഞ്ഞച്ചന്റെ കൺകോണുകളിൽ നീർനിറഞ്ഞു.

സണ്ണി പാലുമായി വന്ന് കട്ടിലിൽ ഇരുന്ന് പതിവുപോലെ താങ്ങിയെഴുന്നേല്പിച്ച് പാൽ കുടിക്കുവാൻ കൊടുത്തു. രണ്ടുകവിൾ. മതിയെന്ന് ആംഗ്യം കാണിച്ചു. സണ്ണി സാവധാനം കുഞ്ഞച്ചനെ കട്ടിലിൽ കിടത്തി. പൊടുന്നനെ കുഞ്ഞച്ചനിൽ ചില ഭാവവ്യത്യാസങ്ങൾ കണ്ടു തുടങ്ങി. മുഖം വിവർണ്ണമാകുന്നു. നെഞ്ചിൻകൂട് ഉയർന്നു താഴുന്നു. തൊണ്ടയിൽ കഫം കുറുകുന്നു... കുഞ്ഞച്ചൻ അന്ത്യത്തോടടുക്കുന്നു.

കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി ആ വൈദികർ രണ്ടുപേരും ചേർന്ന് കുഞ്ഞച്ചന് അന്തിമാശീർവാദം നൽകി.

''ദൈവമേ, നിന്റെ മഹാദയ എന്നിൽ നിറയ്ക്കണമേ..." കുഞ്ഞച്ചൻ മനസ്സിൽ ഉദീരണം ചെയ്തു.

മഴ തോർന്നിരുന്നു. എങ്കിലും പോക്കുവെയിലിൽ നൂൽമഴ പൊഴിഞ്ഞുകൊണ്ടിരുന്നു. ആകാശം ശലഭമഴ പെയ്യിച്ചു.

അപ്പോൾ കുഞ്ഞച്ചന്റെ ശിരസ്സിനു മുകളിൽനിന്ന് ആകാശവും ഓർമ്മകളിൽനിന്ന് കാലവും പാദങ്ങൾക്കടിയിൽനിന്ന് ഭൂമിയും ചിന്നിപ്പോയി.

*(അവസാനിച്ചു)*





പ്രിൻസ്‌രാജ്




**ഭീ**തിയോടെ മാത്രം ജീവിക്കേണ്ട ഒരിടമായി കേരളം മാറിയോ? കഴിഞ്ഞ മൂന്നു നാലു വർഷത്തിനിടെ കേരളത്തിന്റെ കാലാവസ്ഥയിലും ഭൂമിയുടെ സ്വഭാവത്തിലും സാരവും പ്രകടവുമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ഒരുപക്ഷേ, അതു ദശാബ്ദങ്ങൾകൊണ്ടു സംഭവിച്ചതാകാം. പ്രകടമായ രൂപത്തിലേക്കുവന്നതു കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിലാണെന്നു മാത്രം. എന്നിരിക്കിലും, മുതിർന്ന തലമുറയ്ക്ക് ഉൾപ്പെടെ പരിചിതമല്ലാത്ത മുഖവും സ്വഭാവവുമാണ് ഈ കൊച്ചുഭൂഭാഗത്തിനിപ്പോൾ. 2018 ലെ പ്രളയവും അനുബന്ധപ്രകൃതിക്ഷോഭവും കേരളീയർക്ക് ആകമാനം ഭീതിദമായ അനുഭവമായിരുന്നു. അത്തരമൊരു പ്രതിസന്ധിഘട്ടം മുമ്പു തരണം ചെയ്യേണ്ടിവന്നിട്ടുണ്ടായിരുന്നില്ല. അതിന്റെ ആവർത്തനം 2019 ൽ ഉണ്ടായി. ആദ്യതവണത്തെ അത്രമാത്രം ഭീകരമായിരുന്നില്ല സ്ഥിതി എന്നു മാത്രം. ഈ വർഷവും ഇതാ സമാന സ്ഥിതിവിശേഷം.

**ഡാമുകൾ ജലബോംബുകൾ!**

പ്രഥമപ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഒരിക്കൽ ഡാമുകളെ വിശേഷിപ്പിച്ചത് 'വികസനത്തിന്റെ ക്ഷേത്രങ്ങൾ' എന്നായിരുന്നു. സ്വാതന്ത്ര്യാനന്തരം രാജ്യത്തെ വ്യാവസായിക-വാണിജ്യ-കാർഷികമേഖലകളിൽ ഉൾപ്പെടെ സമഗ്രവികസനം ഉണ്ടാവേണ്ടത് അനിവാര്യമായി മാറി. വികസനക്കുതിപ്പിന് ആവശ്യമായ ഘടകങ്ങളിൽ പരമപ്രധാനം വൈദ്യുതിയായിരുന്നു. വൈദ്യുതിയുത്പാദനത്തിനുള്ള മുഖ്യമാർഗ്ഗമാകട്ടെ ജലവൈദ്യുതപദ്ധതികളും. അതിനാൽ ജലവൈദ്യുതപദ്ധതികൾക്കായി രാജ്യത്ത് അങ്ങോളമിങ്ങോളം ഡാമുകൾ നിർമ്മിക്കപ്പെട്ടു. ആ പശ്ചാത്തലത്തിലാണ് ജവഹർലാൽ നെഹ്റു, ഡാമുകളെ വികസനത്തിന്റെ ക്ഷേത്രങ്ങൾ എന്നു വിശേഷിപ്പിച്ചത്. പിന്നീട് ഡാമുകൾ വ്യാപകമായെന്നോണം പണിതുയർത്തപ്പെട്ടതിനാൽ പല മേഖലകളിലും പരിസ്ഥിതി പ്രശ്നങ്ങൾ തലപൊക്കുകയും വെള്ളപ്പൊക്കമടക്കമുള്ള പ്രയാസങ്ങൾ ഉണ്ടാവുകയും ചെയ്തു. പരിസ്ഥിതിയുടെ സ്വാഭാവികതയ്ക്കും സന്തുലിതാവസ്ഥയ്ക്കും അപരിഹാര്യമായ ആഘാതമാണ് ഡാമുകൾ വരുത്തിവയ്ക്കുക എന്ന തിരിച്ചറിവ് നെഹ്റുവിനും ഉണ്ടായി. 'വികസനത്തിന്റെ ക്ഷേത്രങ്ങൾ' എന്ന ഡാമുകളെ സംബന്ധിച്ച അദ്ദേഹത്തിന്റെ പൂർവനിലപാടിലും മാറ്റമുണ്ടായി. ഇന്ന് കേരളത്തിലെ സാമാന്യജനം ഒരല്പം ഭീതിയോടെയാണു ഡാമുകളെ നോക്കിക്കാണുന്നത്.

**നന്നായൊന്നു പെയ്താൽ പിറ്റേന്നു പ്രളയം**

മഴ കൺകുളിർക്കെ, മനം നിറയെ ആസ്വദിച്ചിരുന്നു, മലയാളി പണ്ട്. എന്നാൽ, ഇപ്പോഴോ? മനസ്സിൽ ആധി നിറയ്ക്കുന്നതായി മഴ. ഏതാനും മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന നല്ലൊരു മഴ പെയ്താൽ വെള്ളക്കെട്ടുകളായി, വെള്ളപ്പൊക്കമായി, പ്രളയമായി. യെല്ലോ അലർട്ട്, റെഡ് അലർട്ട് തുടങ്ങി എത്രയോ പുതിയ കാലാവസ്ഥാപ്രയോഗങ്ങൾ മലയാളികളുടെ ദൈനംദിനജീവിതത്തിലേക്കെത്തി. ഈ മാസം 467 മില്ലീമീറ്റർ മഴ സംസ്ഥാനത്തു ലഭിക്കുമെന്നാണു കാലാവസ്ഥാവകുപ്പു പ്രവചിച്ചിരിക്കുന്നത്. എന്നാൽ, ആദ്യ പത്തു ദിവസംകൊണ്ടു ലഭിച്ചതാകട്ടെ 422 മില്ലീമീറ്റർ മഴയും. പ്രവചനാതീതമാണു കാലാവസ്ഥ എന്നു പ്രത്യേകം പറയേണ്ടല്ലോ. തീവ്രമഴയുടെയും അതിതീവ്രമഴയുടെയുമൊക്കെ നാടായി കേരളം മാറിക്കഴിഞ്ഞു.

**പതിവുതെറ്റിക്കാത്ത ഉരുൾപൊട്ടലുകൾ**

നമ്മുടെ നെഞ്ചിടിപ്പു കൂട്ടുന്ന മറ്റൊരു സ്ഥിതിവിവരക്കണക്ക് ഉരുൾപൊട്ടലുകൾ സംബന്ധിച്ചതാണ്. 2016 വരെയുള്ള 50 വർഷത്തിനിടെ കേരളത്തിൽ 295 പേർക്കാണ്, ഉരുൾപൊട്ടലിൽ ജീവൻ നഷ്ടമായത്. അതേസമയം കഴിഞ്ഞ രണ്ടുവർഷംകൊണ്ട് ഉരുൾപൊട്ടൽ അപഹരിച്ചതാകട്ടെ 230 ൽ പരം ജീവൻ. 2018 ൽ ചെറുതും വലുതുമായ അയ്യായിരത്തിലേറെ ഉരുൾപൊട്ടലുകൾ സംസ്ഥാനത്തുണ്ടായി എന്നു കണക്ക്. അതുവഴിയുള്ള മനുഷ്യജീവഹാനി 152. ഓരോ വർഷവും വ്യത്യസ്തയിടങ്ങളിലാണ് ഉരുൾപൊട്ടലുകൾ ഉണ്ടാവുന്നത്. സുരക്ഷിതം എന്നു കരുതിപ്പോന്ന കൂടുതൽ ഇടങ്ങളിൽ വലിയതോതിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ വർഷം മലപ്പുറം ജില്ലയിലെ കവളപ്പാറയും വയനാട്ടിലെ പുത്തുമലയുമാണു ദുരന്തഭൂമിയായും കേരളീയരുടെ ആകമാനം കണ്ണീരോർമ്മയായും മാറിയത്. ഇനിയൊരിക്കലും ആവർത്തിക്കരുതേ എന്നു നെഞ്ചുരുകി കേരളക്കര ഒന്നാകെ പ്രാർത്ഥിച്ച ആ ദുരന്തക്കാഴ്ച വീണ്ടും ഉണ്ടായിരിക്കുന്നു. ഇടുക്കിയിലെ പെട്ടിമുടിയാണ് ഇപ്രാവശ്യം ദുരന്തഭൂമിയായത്.

**40 ശതമാനത്തിലും ഉരുൾപൊട്ടൽ സാധ്യത**

ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ (ജി.എസ്.ഐ.) റിപ്പോർട്ടനുസരിച്ച് സംസ്ഥാനത്തെ 18000 ചതുരശ്രകിലോമീറ്ററിൽ കൂടുതൽപ്രദേശം ഉരുൾപൊട്ടൽ സാധ്യത ഏറെയുള്ളതാണത്രേ. 14 ജില്ലകളിലുമായി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലുള്ളതാണു റിപ്പോർട്ട്. 38,863 ചതുരശ്രകിലോമീറ്ററാണ് കേരളത്തിന്റെ ആകെ വിസ്തൃതി. അതായത്, ആകെ വിസ്തൃതിയുടെ 40 ശതമാനത്തിൽകൂടുതൽ ഉരുൾപൊട്ടൽ സാധ്യത ഉള്ളതാണത്രേ. പ്രസ്തുത റിപ്പോർട്ട് കഴമ്പുള്ളതാണെന്നും അതു സഗൗരവം എല്ലാവരും ഗൗനിക്കേണ്ടതാണെന്നും സംശയമേതുമില്ല.

'റീബിൽഡ് കേരള' ഉൾപ്പെടെയുള്ള ക്ഷേമ-വികസന പദ്ധതികൾ മുന്നേറട്ടെ. ഒപ്പം മാറിയ സാഹചര്യത്തിൽ കേരളത്തിന്റെ പരിസ്ഥിതിയും മണ്ണും സംരക്ഷിക്കാനുള്ള സമഗ്ര-സത്വര-ദ്രുത കർമപദ്ധതികളും ആവിഷ്കരിച്ചു പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു. കാലിനടിയിലെ മണ്ണ് ഒലിച്ചുപോകുന്നതിനെക്കാൾ വലിയ പ്രതിസന്ധിയും അപകടവും വേറൊന്നില്ല. □

# പാദപരിചരണം പ്രമേഹരോഗികളിൽ

## ആരോഗ്യവീഥി



ഡോ. ജിബിൻ കെ. തോമസ്

**പാ**ദത്തിലുള്ള വ്രണങ്ങൾ, അംഗച്ഛേദം എന്നിവ പ്രമേഹരോഗികളിൽ മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകളും സ്വതന്ത്രചലനത്തിനു തടസ്സവും സൃഷ്ടിക്കും. കൃത്യമായതും ശ്രദ്ധയോടുകൂടിയതുമായ പാദപരിചരണം ഇത്തരം അപകടസാദ്ധ്യതകൾ ഒഴിവാക്കാൻ സഹായകമാണ്. നമ്മുടെ രാജ്യത്തിൽ ഒരു വർഷം ഏകദേശം ഒരു ലക്ഷത്തിലധികം ആളുകളുടെ പാദഭാഗങ്ങൾ മുറിച്ചുമാറ്റേണ്ടി വരുന്നുവെന്നത് ഭീതിജനിപ്പിക്കുന്ന ഒരു കാര്യമാണ്. അതിനാൽ, കൃത്യമായ അപകടസാധ്യതനിർണയം അത്യന്താപേക്ഷിതമാണ്.



പത്തു വർഷത്തിലധികമായി പ്രമേഹമുള്ള പുരുഷന്മാരിൽ വ്രണങ്ങളുണ്ടാകാനുള്ള സാധ്യത കൂടുതലാണ്. ഗ്ലൂക്കോസ്നില നിയന്ത്രിക്കാൻ ബുദ്ധിമുട്ടുള്ളവർ, ഹൃദ്രോഗികൾ, വൃക്കരോഗികൾ തുടങ്ങിയവർക്ക് അപകടസാധ്യത കൂടുതലാണ്.

**പ്രമേഹരോഗികളുടെ പാദങ്ങളിൽ സാധാരണ കാണുന്ന ചില രോഗലക്ഷണങ്ങൾ**

- പെരുപ്പ്, മരവിപ്പ്, സ്പർശനശേഷിക്കുറവ്.
- രക്തസമ്മർദ്ദം, ചെമപ്പുനിറം, ആണി, തഴമ്പ്, എല്ലുകളുടെ രൂപമാറ്റം.
- കുറഞ്ഞതോ ഇല്ലാത്തതോ ആയ ഉപരിതല നാഡിയിടിപ്പ്.
- നഖങ്ങളിലെ കഠിനമായ രോഗബാധ.

**പാദനിരീക്ഷണം**

എല്ലാ പ്രമേഹരോഗികളും വർഷത്തിലൊരിക്കലെങ്കിലും പാദങ്ങൾ വൈദ്യപരിശോധനയ്ക്കു വിധേയമാക്കേണ്ടതാണ്.

സ്പർശനശേഷി, പാദഘടന, ഞരമ്പുകൾ, ത്വക്ക് എന്നിവയുടെ അവസ്ഥ പരിശോധിപ്പിക്കുക. ഒന്നോ അതിലധികമോ രോഗസാധ്യതയുള്ളവർ തുടർച്ചയായി പാദങ്ങളുടെ അവസ്ഥ പരിശോധിക്കേണ്ടതാണ്.

**മുൻകരുതലുകൾ**

- ഗ്ലൂക്കോസ്നില നിയന്ത്രിക്കുക
- പുകവലി, പുകയിലപദാർഥങ്ങൾ എന്നിവ ഉപേക്ഷിക്കുക
- ഉയർന്ന അപകടസാധ്യതയുള്ള രോഗികൾ ദിവസവും പാദങ്ങൾ പരിശോധിക്കുക
- നഖം വൃത്തിയായി വെട്ടി സൂക്ഷിക്കുക. നഖത്തിന്റെ കോണുകൾ തൊലിയോടു ചേർത്തു വെട്ടാതിരിക്കുക.
- നാഡിമരവിപ്പുള്ള രോഗികൾ കൃത്യമായ അളവിലുള്ള പാദരക്ഷകൾ, മൈക്രോസെല്ലുലാർ റബർ/ പ്ലാസ്റ്റിക് ചെരുപ്പുകൾ തുടങ്ങിയവ ഉപയോഗിക്കുക.
- കൂടുതൽ സൗകര്യപ്രദമായിരിക്കാൻ സ്ട്രാപ്പുള്ള ചെരിപ്പുകൾ ഉപയോഗിക്കുക.
- എല്ലുകൾക്കു രൂപമാറ്റം വന്നവർ അവർക്കു വേണ്ടുന്ന വിധത്തിൽ രൂപകല്പനചെയ്ത പാദരക്ഷകൾ ധരിക്കുക
- ഇളം ചൂടുവെള്ളവും സോപ്പും ഉപയോഗിച്ച് പാദങ്ങൾ ദിവസവും കഴുകുക.
- കാൽവിരലുകൾക്കിടയിലുള്ള ഭാഗവും പാദങ്ങളും ഈർപ്പമില്ലാതെ സൂക്ഷിക്കുക.
- മോയിസ്ചറൈസിങ് ലേപനങ്ങൾ ഉപയോഗിക്കുക. എന്നാൽ, അവ കാൽവിരലുകൾക്കിടയിൽ തേക്കരുത്.
- പാദങ്ങളിൽ കുരുക്കൾ, മുറിവുകൾ, ചുവപ്പുനിറം തുടങ്ങിയവയുണ്ടോ യെന്നു പരിശോധിക്കുക. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഡോക്ടറെ സമീപിക്കേണ്ടതാണ്.
- സോക്സുകൾ നിത്യവും മാറ്റുക. വൃത്തിഹീനവും ഇറുകിയതുമായ സോക്സുകൾ ധരിക്കരുത്.
- വീട്ടിനുള്ളിലും പുറത്തും നഗ്നപാദരായി നടക്കരുത്.

**നല്ല നടപ്പിനു വേണ്ടുന്നവ**

* മുറിവുകൾ, ചുവപ്പുനിറം, നീര്, നഖത്തിനു പ്രശ്നം എന്നിവയുണ്ടോ എന്ന് പരിശോധിക്കുക.
* മുറിവുകൾ, പോറലുകൾ എന്നിവയുണ്ടാവാതെ സൂക്ഷിക്കുക.
* കൃത്യമായ ഇടവേളകളിൽ ഡോക്ടറെ സമീപിച്ചു പരിശോധിപ്പിച്ചാൽ അംഗച്ഛേദത്തിനുള്ള സാധ്യത 45% മുതൽ 85% വരെ കുറയ്ക്കാം.
* ഇറുകിയതും കനമുള്ളതും ഇലാസ്റ്റിക് ഉള്ളതുമായ സോക്സുകൾ ധരിക്കരുത്.
* പാദങ്ങൾ നനഞ്ഞിരിക്കരുത്.

പാദങ്ങളിലേക്കുള്ള രക്തചംക്രമണം കൃത്യമായി നിലനിർത്തുക. ഇതിനായി കാൽവിരലുകളും കണങ്കാലുകളും ദിവസത്തിൽ രണ്ടോ മൂന്നോ തവണ അഞ്ചു മിനിറ്റുനേരം മടക്കുകയും നിവർത്തുകയും ചെയ്യുക.

ദിവസവുമുള്ള ലഘുനടത്തം ആരോഗ്യത്തിനു വളരെ നല്ലതാണ്.

**പ്രമേഹരോഗികൾക്കുള്ള ചില മുൻകരുതലുകൾ**

1. ചൂടാക്കാനുള്ള പാഡുകൾ, കുപ്പികൾ എന്നിവ ഒരിക്കലും ഉപയോഗിക്കരുത്. അവമൂലം പൊള്ളലുകൾ ഉണ്ടാവാം.
2. പാദങ്ങൾ നേരേ ചൂടുവെള്ളത്തിൽ മുക്കിവയ്ക്കരുത്. കൈകൾ ഉപയോഗിച്ച് ചൂടു പരിശോധിച്ചതിനുശേഷം മാത്രമേ അങ്ങനെ ചെയ്യാവൂ.
3. തഴമ്പ്, ആണി എന്നിവ സ്വയം നീക്കംചെയ്യരുത്, നിങ്ങളുടെ ഡോക്ടറെ അതിനുവേണ്ടി സമീപിക്കുക.

**ചാർക്കോട്ട് ഫുട്ട്**

നാഡിമരവിപ്പുള്ള രോഗികളിൽ എല്ലുകളും സന്ധികളും ബലഹീനമാകുന്ന അവസ്ഥയാണിത്. നീര്, ചുവപ്പുനിറം, ചെറുചൂട്, വേദനയോടെയോ അല്ലാതെയോ സ്പർശനശേഷി നഷ്ടപ്പെടുക എന്നിവയാണ് ലക്ഷണങ്ങൾ.

പാദങ്ങൾ ദിവസവും പരിശോധിക്കുക. എന്തെങ്കിലും മാറ്റം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ ഡോക്ടറെ സമീപിക്കുക.

നാഡീമരവിപ്പുണ്ടാകാതെ ശ്രദ്ധിക്കുക.

മുൻകരുതലുകൾ പരിചരണത്തെക്കാൾ മികച്ചതാണ്. അതിനാൽ നിങ്ങളുടെ പാദങ്ങൾ സൂക്ഷ്മതയോടെ സംരക്ഷിക്കുക.

***ലേഖകൻ പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ജനറൽ & ലാപ്രോസ്കോപിക് സർജറി വിഭാഗം കൺസൾട്ടന്റാണ്.***

# മാനിക്കപ്പെടാതെ പോകുന്ന മതേതരത്വം



ഫാ. റ്റോമി കാരംവേലി സി.എം.ഐ.

**പൗ**രാണികത കുടികൊള്ളുന്ന ഹാഗിയ സോഫിയ പിടിച്ചെടുക്കുന്നത് തുർക്കിയെ സംബന്ധിച്ചിടത്തോളം വിശ്വാസത്തെക്കാളുപരി രാഷ്ട്രീയപരമായ സാഹചര്യം കൂടിയാണ്. രാഷ്ട്രീയത്തിനുവേണ്ടി മതത്തെ ഉപയോഗിക്കേണ്ടിവരുന്ന നിർഭാഗ്യാവസ്ഥയിലാണ് തുർക്കി ഇപ്പോൾ. മുസ്ലീങ്ങളാണ് തുർക്കിയിൽ അധികമെങ്കിലും അവരെ തങ്ങളുടെകൂടെ ഉറപ്പിച്ചുനിർത്താൻ രാഷ്ട്രീയക്കാർക്കു സ്വസമുദായത്തിൽ പോലും യുക്തിസഹമായ സാഹചര്യങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. ലോകത്തിലും മനുഷ്യമനസുകളിലും സമാധാനവും ആനന്ദവും നല്കാൻ ഭൂമിയിൽ അവതരിച്ച ക്രിസ്തുവിന്റെ ദൈവാലയം മുസ്ലീങ്ങൾക്ക് ആശ്വാസവും അഭയവും നല്കുന്നുവെങ്കിൽ അങ്ങനെതന്നെ ആയിക്കൊള്ളട്ടെ. ക്രൈസ്തവസമൂഹം ക്രിസ്തുവിനുവേണ്ടി മരിക്കാനും ജീവിക്കാനും സന്നദ്ധമാണ്; 'ക്രിസ്തു ജീവിതവും മരണം നേട്ടവുമാണ്.'

ഒരുകാലത്ത് സീറോമലബാർസഭയുടെ ശിരസ്സായിരുന്ന മാന്നാനം, ഇന്നത്തെ രീതിയിൽ വളർന്നതിന്റെ പിന്നിൽ ഒരു ചരിത്രമുണ്ട്. പാലയ്ക്കലച്ചനും പോരുക്കരയച്ചനും കണിയാന്ത്ര യാക്കോബ് സഹോദരനുംകൂടി ആശ്രമസ്ഥാപനത്തിനുള്ള സ്ഥലം തേടിനടക്കുന്ന കാലം. വിവിധയിടങ്ങളിൽ ചുറ്റി കുമാരനല്ലൂരിനടുത്തുള്ള പുല്ലരിക്കുന്നിലെത്തി. വളരെ പ്രകൃതിരമണീയമായ ഒരു കുന്ന്. അവിടെത്തന്നെയാവട്ടെ ആദ്യ ആശ്രമം എന്നു കരുതി അക്കാര്യം വി. ചാവറയച്ചനെ അറിയിച്ചു. സന്തോഷത്തോടെ സ്ഥലമുടമ സ്ഥലം കൊടുക്കുകയും ചെയ്തു. എന്നാൽ, ഹിന്ദുസഹോദരങ്ങളിൽ ചിലർക്ക് അവിടെ കത്തോലിക്കാആശ്രമം വരുന്നതിനോട് എതിർപ്പുണ്ടായിരുന്നു; കുമാരനല്ലൂർ ക്ഷേത്രത്തിന്റെ മുഖദർശനം പുല്ലരിക്കുന്നാണ് എന്നതുകൊണ്ട്. എന്നിരുന്നാലും അക്രൈസ്തവ സഹോദരങ്ങളിൽ ഭൂരിഭാഗവും ആശ്രമം സ്ഥാപിക്കണമെന്ന പക്ഷക്കാരായിരുന്നു. മാത്രമല്ല, 'ഏറ്റുമാനൂർ ഒജനാര് മേത്തര വല്യകച്ചവടക്കാരനും' അവിടെത്തന്നെ ആശ്രമസ്ഥാപനത്തിനു വഴിയൊരുക്കിത്തരാമെന്നും പിതാക്കന്മാരെ അറിയിച്ചു. എന്നാൽ, ഇക്കാര്യം വി. ചാവറയച്ചന്റെ ചെവിയിലെത്തി. 'മറ്റു മതസ്ഥർക്ക് മാനസികബുദ്ധിമുട്ടുണ്ടാക്കി നമുക്ക് അതു വേണ്ട' എന്ന നിലപാടു സ്വീകരിച്ച വി. ചാവറയച്ചൻ അതു മുടക്കുകയും ചെയ്തു. ഇതൊരു ചരിത്രമാണ്, ഒപ്പം പാരമ്പര്യവും. ഇതാണ് ക്രിസ്തുവിൽനിന്ന് ശ്ലീഹന്മാരിലൂടെയും സഭാപിതാക്കന്മാരിലൂടെയും കൈമാറിവന്ന പാരമ്പര്യം.

സഭ, സഹജരെ സ്നേഹിച്ചും ആദരിച്ചും മാത്രമേ വളർന്നിട്ടുള്ളൂ. ഹാഗിയ സോഫിയ എന്ന ദൈവാലയത്തിനുപകരം മറ്റൊരു ദൈവാലയത്തെ രൂപപ്പെടുത്തുന്നു എന്ന വാർത്ത കേൾക്കുമ്പോഴും അവിടെ ഒരു കാരണവശാലും മനുഷ്യനോ പ്രകൃതിക്കോ ഒരു കോട്ടവും തട്ടരുത് എന്നതുതന്നെയാണ് സഭാമക്കളുടെ പ്രാർത്ഥന. 'ദൈവികജ്ഞാനത്തിന്റെ ദേവാലയത്തിൽ' കയറുമ്പോൾ തീവ്രവാദം ഒന്നിനും ഉപകരിക്കുന്നില്ല എന്ന തിരിച്ചറിവ് (ജ്ഞാനം) ഉണ്ടാകട്ടെ എന്നാണ് ക്രൈസ്തവലോകത്തിന്റെ പ്രാർത്ഥന.

ചുണ്ടിൽ പുഞ്ചിരിവിരിയിച്ചും പിറകിൽ കഠാര ഒളിപ്പിച്ചും കാത്തിരുന്നു ലഭിച്ച അവസരം ബ്രൂട്ടസ് നന്നായി വിനിയോഗിച്ചതുപോലെ, ഈ ക്രൂരസൗഹൃദത്തിന്റെ മറ്റൊരു മുഖമായി 'നന്മമരങ്ങൾ' സമൂഹത്തിൽ അവതരിപ്പിക്കുന്നു. ഒരു രോഗിയുടെ ചിത്രം നവമാധ്യമങ്ങളിലൂടെ പങ്കുവച്ച് ലക്ഷങ്ങളും കോടികൾവരെയും അക്കൗണ്ടുകളിൽ ശേഖരിക്കും. അതിൽനിന്ന് ചെറിയ ഒരു തുക രോഗിക്കു കൈമാറുന്നതുകൊണ്ട് അവർക്ക് ആശ്വാസമായി. എന്നാൽ, ബാക്കിവരുന്ന ഭീമമായ പണം ഏതു വിധേന ഉപയോഗിക്കുന്നു എന്നതാണ് ഉത്തരംകിട്ടാത്ത ചോദ്യം. ഈ അടുത്തകാലത്ത് 'നന്മമര'ത്തെക്കുറിച്ച് ഒരു പെൺകുട്ടി നല്കിയ പരാതിയാണ് വാർത്തയ്ക്ക് അടിസ്ഥാനം. നന്മമരങ്ങളുടെ പിന്നാമ്പുറങ്ങളിൽനിന്ന് ഉയർന്നുകേൾക്കുന്ന ഭീകരതയുടെയും ഭീഷണിയുടെയും ശബ്ദങ്ങൾ സമൂഹം കേൾക്കാതെ പോകുന്നുവെങ്കിൽ അത് വളരെ അപകടകരമാണ്. മനുഷ്യന്റെ ദൈന്യാവസ്ഥയെ മറയാക്കി ഒരു കൈയിൽ സഹായവും മറുകൈയിൽ തീവ്രവാദത്തിന്റെ കഠാരിയുമൊളിപ്പിച്ച് അവസരം കാത്തിരിക്കുന്ന ഒരു രീതിശാസ്ത്രം 'നന്മമരങ്ങളിലൂടെ' മുളച്ചുപൊന്തുന്നു. ഒരു പ്രത്യേകമതത്തിൽ ഇത്രയധികം നന്മമരങ്ങളുടെ വ്യാപനം ഭയാശങ്കകൾ സൃഷ്ടിക്കുന്നു. സാമൂഹികസേവനത്തിന്റെ പിന്നിൽ അടങ്ങിയിരിക്കുന്ന ചതി തിരിച്ചറിയാൻ സാധാരണക്കാർക്കു കഴിയാതെ വരുന്നു. ഇതു നിയന്ത്രണവിധേയമാക്കേണ്ടതും നിയമപരമാക്കേണ്ടതും ഭരണകൂടമാണ്. എന്നാൽ ഭരണത്തിന്റെ ഇടനാഴികളിൽ ഇത്തരം 'നന്മമരങ്ങളുടെ' വേരുകൾ ആഴ്ന്നിറങ്ങിയതാണെങ്കിൽ അതിനെ പിഴുതെറിയാൻ എളുപ്പമാകില്ല.

കള്ളപ്പണം വെളുപ്പിക്കുന്നതിനും തങ്ങളുടേതായ ആശയങ്ങളെ സാഹിത്യത്തിന്റെ പേരിൽ സമൂഹമധ്യേ അവതരിപ്പിക്കുന്നതിനും തിരഞ്ഞെടുക്കപ്പെടുന്ന ഒരു മേഖലയാണ് സിനിമ. സാധാരണക്കാരുടെ സാഹിത്യമാണ് സിനിമ. അവരെ ഏറെ സ്വാധീനിക്കുന്നതും സിനിമകളിലെ കഥാപാത്രാവിഷ്കാരമാണ്. സാമൂഹികപ്രതിബദ്ധതയോടെ ജീവിക്കുന്നവരെ, പ്രത്യേകിച്ച് മതപുരോഹിതരെയും മറ്റും സിനിമയിൽ ഹാസ്യാത്മകമായി അവതരിപ്പിക്കുന്നതിലൂടെ സമൂഹത്തിൽ വിഭജനം സൃഷ്ടിക്കപ്പെടുന്നു. ഇതു മതതീവ്രവാദികളുടെ പ്രവർത്തനങ്ങളുടെ ആദ്യപടിയാണ്. ഇത് രാഷ്ട്രത്തിന്റെ അഖണ്ഡതയെയും അഭിവൃദ്ധിയെയും സാരമായി ബാധിക്കുന്നു. മേലുദ്ധരിക്കപ്പെട്ടതുപോലെ അധികാരം തലയ്ക്കുപിടിച്ച രാഷ്ട്രീയപ്പാർട്ടികൾക്ക് ഇത്തരം ഭീകരവാദത്തെയും മതവർഗീയതയെയും കൂട്ടുപിടിച്ചേ മതിയാകൂ. അതിനായി മിക്ക രാഷ്ട്രീയപ്പാർട്ടികളും ഇതര മതന്യൂനപക്ഷങ്ങളെ തഴയുകയും, എണ്ണവും 'വണ്ണവും' നോക്കി ആനുകൂല്യങ്ങൾ വാരിക്കോരി നൽകുകയും ചെയ്യുന്നു. ഇതിന്റെ മറവിൽ തീവ്രവാദം പൊടിപൊടിക്കുന്നു.



സ്വർണ്ണക്കടത്തിലൂടെയും മറ്റും തീവ്രവാദികൾ നേടുന്ന പണമൊഴുകുന്ന മറ്റൊരു മേഖലയാണ് പരസ്യം. വിവിധ ചാനലുകളിലേക്കും പത്രങ്ങളിലേക്കും കോടിക്കണക്കിനു രൂപയുടെ പരസ്യങ്ങൾ ലഭിക്കുന്നത് സ്ഥാപനങ്ങൾക്കു ഗുണകരമാണ്. ഇതിലൂടെ തീവ്രവാദികൾ, തങ്ങൾക്കെതിരേയുള്ള വാർത്തകളുടെ റിപ്പോർട്ടിംഗിൽനിന്ന് ഒഴിവാക്കപ്പെടുന്നു, അഥവാ അവർക്കു 'പരിക്കേൽക്കാതെ' വാർത്തകൾ റിപ്പോർട്ടു ചെയ്യപ്പെടുന്നു. ചുരുക്കത്തിൽ, ഒരു പാലമിട്ട് അങ്ങോട്ടുമിങ്ങോട്ടും കടന്നുകയറുന്ന പ്രക്രിയയാണിത്. പല വാർത്താചാനലുകളും പത്രങ്ങളും തീവ്രവാദപ്രവർത്തങ്ങളെ അറിഞ്ഞും അറിയാതെയും 'രക്ഷപ്പെടുത്തുന്നു' എന്നതാണ് യാഥാർഥ്യം. ചുരുക്കത്തിൽ, തീവ്രവാദത്തിന് ഒരു മതമില്ല, അതിനു ജാതിയില്ല, അത്, മനുഷ്യനും ദേശത്തിനും എതിരാണ്. എന്നാൽ, പിടിക്കപ്പെടുന്ന തീവ്രവാദികളിൽ ഏറിയകൂറും ഒരു പ്രത്യേകസമുദായ ത്തിൽനിന്നാണ് എന്നത് യാഥാർത്ഥ്യമാണ്. അതിന്റെ നീരാളിപ്പിടിത്തത്തിന്റെ നൂതനശൈലികളെക്കുറിച്ച് നാം അതീവശ്രദ്ധാലുക്കളാകണം. എന്നാൽ, അതിന്റെ പേരിൽ നിരപരാധികളെ ഒറ്റപ്പെടുത്തുന്നതും ശരിയല്ല.

□

# തിരുസഭയെ കെട്ടിപ്പടുക്കുക ഓരോ അല്മായന്റെയും ധർമ്മം: ജസ്റ്റീസ് കുര്യൻ ജോസഫ്

ബിർമിങ്ഹാം: തിരുസഭാഗാത്രത്തോടുചേർന്ന് ദൃശ്യവും സ്പർശ്യവുമായ രീതിയിൽ ഓരോരുത്തരും ആയിരിക്കുന്ന ജീവിതസാഹചര്യങ്ങളിൽ ജീവിക്കുന്ന മാതൃകകളാകുക എന്നതാണ് ഓരോ അല്മായന്റെയും ദൗത്യവും കടമയുമെന്നു സുപ്രീം കോടതി റിട്ട. ജസ്റ്റീസ് കുര്യൻ ജോസഫ്. ഗ്രേറ്റ്ബ്രിട്ടൻ സീറോ മലബാർ രൂപതയിലെ വൈദികരെയും സന്ന്യസ്തരെയും അല്മായ പ്രതിനിധികളെയും ഉൾപ്പെടുത്തികൊണ്ടുള്ള പ്രഥമപാസ്റ്ററൽ കൗൺസിലിൽ മുഖ്യാതിഥിയായി ഓൺലൈനിലൂടെ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

തിരുസഭയെ കെട്ടിപ്പടുക്കുക എന്ന ദൗത്യമാണ് ഓരോ അല്മായന്റെയും ധർമ്മമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. സീറോ മലബാർ സഭയുടെ ആരാധനാക്രമത്തിലും, വിശ്വാസാചാരാനുഷ്ഠാനങ്ങളിലും, പാരമ്പര്യങ്ങളിലുമുള്ള അന്യാദൃശ്യമായ സൗന്ദര്യം മനസിലാക്കി വരുംതലമുറകളിലേക്ക് അതു കൈമാറി നൽകുവാനും അതിലൂടെ സഭയെ കെട്ടിപ്പടുക്കുവാനുമുള്ള വലിയ വിളി ഏറ്റെടുത്തു നടപ്പിലാക്കുക എന്നത് ഓരോ അല്മായന്റെയും അവകാശവും ഉത്തരവാദിത്വവും ആണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

കൊവിഡിന്റെ പശ്ചാത്തലത്തിൽ, വീഡിയോ കോൺഫെറൻസിലൂടെ രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കലാണ് അഡ്ഹോക് പാസ്റ്ററൽ കൗൺസിൽ നിലവിൽ വന്നതായുള്ള പ്രഖ്യാപനം നടത്തിയത്. സീറോമലബാർ സഭാംഗങ്ങൾ എന്ന നിലയിൽ ആഗോളസഭയെ ശക്തിപ്പെടുത്താനുള്ള വലിയ ഉത്തരവാദിത്വമാണ് യുകെയുടെ പ്രത്യേക സാഹചര്യത്തിൽ ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ രൂപതയിൽ നിക്ഷിപ്തമായിരിക്കുന്നതെന്ന് മാർ ജോസഫ് സ്രാമ്പിക്കൽ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു.



പ്രഥമ അഡ്ഹോക്ക് കമ്മറ്റിയുടെ സെക്രട്ടറിയായി റോമിൽസ് മാത്യുവിനെയും, ജോയിന്റ് സെക്രട്ടറിയായി ജോളി മാത്യുവിനേയും നിയമിച്ചു.




**ഓഗസ്റ്റ് 23**
**കൈത്താക്കാലം**
**ആറാം ഞായർ**



ലേവ്യ 19:1–4;9–14
ഏശയ്യ 29:19–24
1 തെസ 2:1–12
ലൂക്കാ 17:11–19

ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

# വിശുദ്ധി വിരിയും പാതകൾ



**ലേ**വ്യരുടെ പുസ്തകത്തിന്റെ കാതൽ വിശുദ്ധിയിലേക്കുള്ള വിളിയാണ്. ദൈവത്തിന്റെ സ്വന്തം ജനമായി തിരഞ്ഞെടുക്കപ്പെട്ടവർ വിശുദ്ധിയുള്ളവരായി ജീവിക്കണമെന്ന് പുസ്തകം പഠിപ്പിക്കുന്നു. പരിശുദ്ധനായ ദൈവവുമായുള്ള സമ്പർക്കമാണ് വിശുദ്ധി പ്രാപിക്കാനുള്ള പ്രധാന മാർഗമായി പുസ്തകം പറയുന്നത്. അതിനാൽത്തന്നെ ഈ പുസ്തകത്തിൽ പലവിധത്തിലുള്ള ആരാധനകളെക്കുറിച്ചും ബലിയർപ്പണങ്ങളെക്കുറിച്ചും തിരുനാളുകളെക്കുറിച്ചും പറയുന്നുണ്ട്. ശുദ്ധത നഷ്ടപ്പെട്ടുപോകുമ്പോൾ എപ്രകാരം അതു വീണ്ടെടുക്കാമെന്നും പരിഹാരക്രിയകൾ എന്തെല്ലാമാണെന്നും പുസ്തകം പറയുന്നു. ശാരീരികവും ആന്തരികവുമായ ശുദ്ധതയെക്കുറിച്ചും വിശുദ്ധി പാലിക്കാനുള്ള നിയമങ്ങൾ നഷ്ടപ്പെട്ടാൽ എങ്ങനെ വീണ്ടെടുക്കണമെന്നുമെല്ലാം ഈ പുസ്തകത്തിലൂടെ പഠിപ്പിക്കുന്നു. ഈ പുസ്തകത്തിൽ ആവർത്തിച്ചുകാണുന്ന ഒരു വചനമിതാണ്: "നിങ്ങളുടെ ദൈവമായ ഞാൻ പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ" (11,44.45; 19, 2; 20, 26; 21,8; 22, 32) വിശുദ്ധി, പരിശുദ്ധി എന്നീ പദങ്ങൾ പുസ്തകത്തിലുടനീളം കാണാം.

വിശുദ്ധിയുടെ നിയമങ്ങൾ പഠിപ്പിക്കുമ്പോഴും ആ വിശുദ്ധി ജീവിതകടമകളുടെ നിർവഹിക്കലും പരസ്നേഹപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും പഠിപ്പിക്കുന്നുണ്ട്. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം (19, 14). നിങ്ങളുടെ ഇടയിലെ പരദേശിയെയും നിങ്ങളെപ്പോലെതന്നെ സ്നേഹിക്കണം (19; 34). ലേവ്യരുടെ പുസ്തകത്തിൽനിന്നുള്ള വചനഭാഗവും, (19:1–4, 9–14) അനുദിനജീവിതത്തിന്റെ പ്രവർത്തനങ്ങളിലൂടെയാണ് ജീവിതവിശുദ്ധി പ്രാപിക്കുന്നത് എന്നു പഠിപ്പിക്കുകയാണ്. കർത്താവ് ഇസ്രായേൽസമൂഹത്തോട്, "നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ" എന്നു പറഞ്ഞിട്ട് അത് എപ്രകാരമായിരിക്കണമെന്ന് തുടർന്നു നിർദേശിക്കുന്നു. മാതാവിനെയും പിതാവിനെയും ബഹുമാനിക്കുവാനും കർത്താവിന്റെ ദിവസം ആചരിക്കുവാനും വിഗ്രഹങ്ങളുടെ പിന്നാലെ പോകാതിരിക്കുവാനും ധാന്യം കൊയ്യുമ്പോഴും കൃഷിയുടെ ഫലങ്ങൾ എടുക്കുമ്പോഴും പാവങ്ങളെയും പരദേശികളെയും ഓർക്കണമെന്നും പഠിപ്പിക്കുന്നു. അനുദിനപ്രവർത്തനങ്ങളിലെ നീതിബോധവും ധർമ്മനിഷ്ഠയുമാണ് ഒരുവന്റെ വിശുദ്ധിയുടെ അടയാളമെന്ന് തിരുവചനം നമ്മെ ഓർമിപ്പിക്കുന്നു.

എശയ്യാപ്രവാചകൻ വിശുദ്ധിയോടെ ജീവിക്കുന്നവരുടെ അവസ്ഥയാണ് എടുത്തുപറയുന്നത്. കർത്താവിൽ നവമായ സന്തോഷം ലഭിക്കും; ഇസ്രായേലിന്റെ പരിശുദ്ധനിൽ ആഹ്ലാദിക്കും. കൈത്താക്കാലം അഞ്ചാം ഞായറാഴ്ച എശയ്യാപ്രവാചകന്റെ വാക്കുകളിൽ നിഴലിച്ചുനിന്നത് തിന്മ ചെയ്യുന്നവർക്കുള്ള താക്കീതും ശിക്ഷണവുമായിരുന്നെങ്കിൽ ഇന്ന് പ്രത്യാശയുടെ വാക്കുകളാണ്. യാക്കോബ് ഇനിമേൽ ലജ്ജിതനാവുകയില്ല. അവന്റെ മുഖം വിവർണമാവുകയില്ല. തെറ്റിലേക്കു വഴുതിപ്പോയവർപോലും വിവേകത്തിലേക്കു മടങ്ങിവരുമെന്ന പ്രത്യാശ നല്കുന്നു. തെറ്റുകൾക്കു പരിഹാരം ചെയ്ത് വിശുദ്ധിയിലേക്കുള്ള ഇസ്രായേൽജനത്തിന്റെ തിരിച്ചുവരവാണ് പ്രവാചകൻ മുന്നിൽ കാണുന്നത്.

മാനുഷികമായ സംപ്രീതിക്കുവേണ്ടിയല്ല ഹൃദയങ്ങൾ പരിശോധിക്കുന്ന ദൈവത്തിന്റെ പ്രീതിക്കായി സുവിശേഷം പ്രസംഗിക്കുന്നുവെന്ന് പൗലോസ് ശ്ലീഹാ എഴുതുമ്പോൾ സുവിശേഷവേളയിലെ ആന്തരികവിശുദ്ധിയാണ് എടുത്തുകാട്ടുന്നത്. ജീവിതത്തിന്റെ ആധികാരികതയാണ് പൗലോസ് ലക്ഷ്യം വയ്ക്കുന്നത്. പവിത്രവും നീതിപൂർവകവും കുറ്റമറ്റതുമായ ജീവിതമാണ് യഥാർഥവിശുദ്ധിയെന്ന് പൗലോസ് ശ്ലീഹാ ഓർമിപ്പിക്കുന്നു.

സുവിശേഷഭാഗത്തു നാം കാണുന്നത് അശുദ്ധരായി കണക്കാക്കി മാറ്റിനിർത്തപ്പെട്ടവരുടെ അടുത്തേക്കു കടന്നുചെന്ന് അവരെ സുഖപ്പെടുത്തുന്ന ഈശോയെയാണ്. അശുദ്ധമാക്കപ്പെട്ടവരെ മാറ്റിനിർത്തുന്നവനല്ല; മറിച്ച്, ചേർത്തുനിർത്തി വിശുദ്ധീകരിക്കുന്നവനാണ് ഈശോ. ദൈവികകൃപ പരികർമ്മം ചെയ്തപ്പോഴും മാനുഷികമായ സാക്ഷ്യം ആവശ്യപ്പെടുന്ന ഈശോയെയാണ് കാണുന്നത്: "പോയി നിങ്ങളെത്തന്നെ പുരോഹിതനു കാണിച്ചുകൊടുക്കുവിൻ."

ഫലദായകകാലമായ കൈത്താക്കാലത്തു നമ്മിൽ നിന്ന് ദൈവം പ്രതീക്ഷിക്കുന്ന ഫലം നന്ദിയുടെ ജീവിതമാണ്. അനുഗ്രഹങ്ങൾക്കു നന്ദിയർപ്പിച്ചുകൊണ്ട്, ജീവിതത്തിൽ വിശുദ്ധി പാലിച്ചുകൊണ്ട് പ്രവർത്തനങ്ങളിൽ നീതിനിഷ്ഠയും സത്യസന്ധതയും പരസ് നേഹവും നിറച്ചുകൊണ്ട് യഥാർഥ ആരാധകരാകുവാനുള്ള ക്ഷണമാണ് കൈത്താക്കാലം ആറാം ഞായറാഴ്ച തിരുവചനം നല്കുന്നത്. □

---

കവിത | വി.പി. ജോൺസ്



## കാഴ്ചകൾ

ഘടികാരം പോൽ മിടിപ്പതോ
ഹൃദയം കഠിനഭാരത്താൽ
അദൃശ്യ ചക്രവാളത്തിൻ
ചെരുവിലേക്കാഴ്‌വൂ ദൃഷ്ടികൾ

മൗനമുദ്രയാൽ ഗ്രസ്തം
അഗതിയെൻ മനസ്സിൻ സാക്ഷി
ആത്മാവെന്നുമഴുക്കിനാൽ
ആഴത്തിൽ നിമഗ്നവും

നിജമായ് മാഴുകയാകുന്നോ
വ്യാജം കലികാലസന്ധിയിൽ
വ്യർത്ഥം ജീവിതമാമാങ്കം
വാനത്തിൻ കേളികൊട്ടുകൾ

നീലാകാശം തൊട്ടുതൊട്ടല്ലോ
നില്പൂ ഗിരിശൃംഗങ്ങൾ?
സ്മൃതിഭംഗത്തിൻ പാഴ്നിഴൽ
ചിത്തം പൂത്ത കാനനം

തുഷാരബിന്ദുക്കൾ തൂവുന്നു
നിരഹങ്കൃത പ്രപഞ്ചവും
ബിംബം അവിശാലമെന്നേലും
വിയത്തിൽ കാൺമു നേർച്ഛായ

നിയതം നീലിമയോലുന്ന
നീലസാഗരയക്ഷികൾ
ആഴിയിൽ നിന്നുയരുന്നുവോ
അശാന്തം കല്ലോലജാലങ്ങൾ?

---

# ഇലഞ്ഞി

കാർഷികം

ജോഷി മുഞ്ഞനാട്ട്



**നി**ത്യഹരിതവൃക്ഷമാണ് ഇലഞ്ഞി. ഇവയുടെ ശിഖരങ്ങളെല്ലാം പടർന്നുവളരുന്നതിനാൽ നല്ലൊരു തണൽ വൃക്ഷംകൂടിയാണ്. പാതയോരത്തും വീട്ടുവളപ്പുകളിലും സ്ഥാപനങ്ങളുടെ മുറ്റത്തുമെല്ലാം നട്ടുവളർത്തുവാൻ പറ്റിയ ഒരു വൃക്ഷം കൂടിയാണ് ഇലഞ്ഞി. 'സപ്പോട്ടേസിയേ' കുടുംബത്തിൽപ്പെട്ട ഇവയുടെ ശാസ്ത്രനാമം മൈമുസോപ്സ് ഇലഞ്ഞി എന്നാണ്.

ഇലഞ്ഞിയുടെ പൂക്കൾക്ക് നല്ല മണവും ഉണ്ട്. പ്രണയപുഷ്പങ്ങളിൽ പ്രധാനിയാണ് ഇലഞ്ഞിപ്പൂക്കൾ. ഒന്നിച്ചു പൊഴിയുന്നതാണീപ്പൂക്കൾ. പൊഴിഞ്ഞാലും ഉണങ്ങിയാലും നറുമണം പോകില്ലെന്ന ഒരു പ്രത്യേകതയും ഇവയ്ക്കുണ്ട്.

ഇലഞ്ഞിയുടെ ഇല, പൂക്കൾ, ഫലം, വിത്ത്, തണ്ട്, വേര് തുടങ്ങിയവയെല്ലാം തന്നെ വിവിധ രോഗങ്ങളെ ശമിപ്പിക്കാനായി ആയുർവേദത്തിൽ ഉപയോഗപ്പെടുത്തിക്കാണുന്നു.

പ്രമേഹം, രക്താതിമർദ്ദം, അൾസർ, വിരശല്യം, അണുബാധ, പല്ലുരോഗങ്ങൾ, മോണരോഗങ്ങൾ, വ്രണം, മൂത്രാശയസംബന്ധമായ രോഗങ്ങൾ, പനി, നീര്, വിഷം, ആസ്ത്മ, കുഞ്ഞുങ്ങളുടെ കഫക്കെട്ട്, തലവേദന, തൊണ്ടവേദന തുടങ്ങി ഒട്ടനവധി രോഗങ്ങൾക്കു പരിഹാരമായി ഇലഞ്ഞിയെ ഉപയോഗപ്പെടുത്തിവരുന്നു.

വേനൽക്കാലം ആരംഭിക്കുന്നതോടെ ഇലഞ്ഞി പൂത്തുതുടങ്ങും. ചിലയിടങ്ങളിൽ മഴക്കാലത്തും ഇലഞ്ഞി പൂവിടാറുണ്ട്. അപൂർവ്വമായി വർഷം മുഴുവൻ പൂക്കുന്നവയും ഉണ്ട്. മഞ്ഞകലർന്ന വെള്ളപ്പൂക്കൾക്കു നക്ഷത്രാകൃതിയാണ്.

ബലാധാത്ര്യാദിതൈലം, പരിശോഷണരസം ഇവയിൽ ഇലഞ്ഞി ഘടകമാണ്. ഒട്ടനവധി ഔഷധഗുണങ്ങൾ നിറഞ്ഞ ഈ വൃക്ഷത്തെ പാതയോരങ്ങളിലും സ്ഥാപനങ്ങളുടെയും മറ്റും മുറ്റങ്ങളിലും നട്ടുവളർത്തുന്നത് പ്രകൃതിക്കുതന്നെ നാം നൽകുന്ന ഒരു നന്മ ആയിരിക്കും.

# പ്രതീക്ഷയോടെ ലോകം



തോമസ് കുഴിഞ്ഞാലിൽ

**ലോ**കത്തെ മുഴുവൻ നിശ്ചലമാക്കിയ കൊവിഡ് 19 എന്ന മഹാമാരിക്കു പ്രതിരോധമരുന്നു കണ്ടുപിടിച്ചുവെന്ന വാർത്തകൾ പ്രചരിച്ചുതുടങ്ങിയിരിക്കുന്നു. വിനാശകാരികളായ കൊറോണവൈറസുകളുടെ പ്രഹരമേറ്റ ലോകജനതയ്ക്ക് ഇത്തരം വാർത്തകൾ പകർന്നുനൽകുന്ന ആശ്വാസം ചെറുതല്ല.

ചൈനയിലെ വുഹാൻ നഗരവാസികളുടെയിടയിൽ ഈ വർഷം ജനുവരിയോടെ വ്യാപകമായി പടർന്നുപിടിച്ച വൈറസുകളെ മെരുക്കാൻ ലോകരാജ്യങ്ങൾ തുടങ്ങിവച്ച ഗവേഷണങ്ങളാണിപ്പോൾ ഫലപ്രാപ്തിയോടടുക്കുന്നത്. കൊവിഡ് വാക്സിന് അംഗീകാരം നൽകുന്ന ആദ്യരാജ്യമായി റഷ്യ ചരിത്രത്തിൽ സ്ഥാനം നേടിയിരിക്കുന്നു. 1957ൽ സോവിയറ്റ് യൂണിയൻ വിക്ഷേപിച്ച ലോകത്തെ ആദ്യ കൃത്രിമ ഉപഗ്രഹം 'സ്പുട്നിക്കി'നെ അനുസ്മരിപ്പിച്ച് 'സ്പുട്നിക് 5' എന്നാണു വാക്സിന്റെ പേര്.

തദ്ദേശീയമായി വികസിപ്പിച്ച വാക്സിൻ പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകുന്നതായും പരീക്ഷണഡോസ് സ്വീകരിച്ചവരിൽ തന്റെ മകളുമുണ്ടെന്നും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ വ്യക്തമാക്കുകയുണ്ടായി. മുഴുവൻ നടപടിക്രമങ്ങളും പൂർത്തിയാക്കിയെന്നാണ് റഷ്യ അവകാശപ്പെടുന്നത്.

മോസ്കോ ഗമാലിയ ഗവേഷണസർവകലാശാലയും റഷ്യൻ പ്രതിരോധമന്ത്രാലയവും ചേർന്നാണ് വാക്സിൻ വികസിപ്പിച്ചിരിക്കുന്നത്.

ബ്രിട്ടനിലെ ഓക്സ്ഫോർഡ് സർവകലാശാലയിലെ ജെന്നർ ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത കൊവിഡ് വാക്സിൻ ആദ്യരണ്ടു പരീക്ഷണങ്ങളിലെ വിജയമാണ് ഗവേഷകരുടെ ആത്മവിശ്വാസം ഇരട്ടിപ്പിച്ചത്.

അമേരിക്കയിലെ പ്രമുഖ ബയോ-ടെക്നോളജി സ്ഥാപനമായ 'MODERNA' യും യു.എസ്. സർക്കാർ ഉടമസ്ഥതയിലുള്ള 'NIAID'യും (അലർജി-പകർച്ചവ്യാധി എന്നിവയെക്കുറിച്ചു പഠിക്കുന്ന കേന്ദ്രം) സംയുക്തമായി വികസിപ്പിച്ചെടുത്ത 'MRNA-1273' എന്ന വാക്സിൻ കുരങ്ങുകളിൽ പരീക്ഷിച്ചുവെന്ന വാർത്തയും ശുഭസൂചനയാണ്.

ഓക്സ്ഫോർഡ് സർവകലാശാലയുടെ രണ്ടാംഘട്ടപരീക്ഷണങ്ങൾ 18 നും 55 നും ഇടയിൽ പ്രായമുള്ള 1,077 പേരിലാണു നടത്തിയത്. ഇവരിൽ 90 ശതമാനം പേരിലും പ്രതിരോധശേഷി വർദ്ധിപ്പിക്കുന്ന ആന്റിബോഡികളും ടി-കോശങ്ങളും രൂപപ്പെട്ടുവെന്ന് ഗവേഷകർ കണ്ടെത്തി. ആന്റിബോഡികൾ വൈറസുകളെ നേരിട്ടു നശിപ്പിക്കുമ്പോൾ ടി-സെല്ലുകൾ വൈറസുകളെയും അവ ബാധിച്ച ശരീരകോശങ്ങളെയും നശിപ്പിക്കാൻ കെല്പുള്ളവയാണ്. ചെറിയതോതിലുള്ള പനിയും തലവേദനയുമല്ലാതെ മറ്റു പാർശ്വഫലങ്ങളൊന്നും വാക്സിൻ പ്രയോഗിച്ചപ്പോൾ പ്രത്യക്ഷപ്പെട്ടതുമില്ല. വിവിധ രാജ്യങ്ങളിൽനിന്നു തിരഞ്ഞെടുക്കുന്ന ആയിരക്കണക്കിന് ആളുകളിലായിരിക്കും



മൂന്നാംഘട്ട പരീക്ഷണങ്ങൾ നടത്തുക. പൂനയിലെ സിറം ഇൻസ്റ്റിറ്റ്യൂട്ടും വാക്സിന്റെ ഉത്പാദനത്തിൽ ഓക്സ്ഫോർഡ് സർവകലാശാലയോടു സഹകരിച്ചു പ്രവർത്തിക്കും. ഇന്ത്യയിലെ ആദ്യപരീക്ഷണം കൊവിഡ് 19 ഏറ്റവും കൂടുതൽ പടർന്നുപിടിച്ച മുംബൈ, പൂനെ നഗരങ്ങളിലായിരിക്കുമെന്ന് സിറം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സി.ഇ.ഒ. അദാർ പൂനവല്ലാ വെളിപ്പെടുത്തി. 'കോവിഷീൽഡ്' എന്നാണു വാക്സിനു പേരു നൽകിയത്.

ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത 'കൊവാക്സിൻ' ഡൽഹി എയിംസിൽ വച്ച് 30 വയസ്സുള്ള ഒരു യുവാവിൽ പരീക്ഷിക്കുകയുണ്ടായി. വിശദമായ പരിശോധനകൾക്കും സ്ക്രീനിംഗിനുംശേഷമാണ് യുവാവിൽ വാക്സിൻ കുത്തിവച്ചത്. ആദ്യഘട്ടത്തിൽ 375 വോളണ്ടിയർമാരിലും രണ്ടാംഘട്ടത്തിൽ 12 സ്ഥലങ്ങളിലായി 750 പേരിലുമാണ് വാക്സിൻ കുത്തിവയ്ക്കുക.

ക്ലിനിക്കൽ പരിശോധനകൾ ഒട്ടേറെ തവണ നടത്തിയതിനുശേഷമേ പ്രതിരോധമരുന്നുകൾ വിപണിയിൽ ഇറക്കാനാകൂവെന്ന് ഹൈദരാബാദിലുള്ള സെന്റർ ഫോർ സെല്ലുലാർ ആൻഡ് മോളിക്യൂളാർ ബയോളജി ഡയറക്ടർ രാകേഷ് മിശ്ര വെളിപ്പെടുത്തി. വിവിധ രാജ്യങ്ങളിൽ നടക്കുന്ന ഗവേഷണങ്ങൾ ഇന്നത്തെ രീതിയിൽ പുരോഗമിച്ചാൽ അടുത്തവർഷം ആരംഭത്തോടെ 'കൊവാക്സിൻ' യാഥാർത്ഥ്യമാകുമെന്നും അദ്ദേഹമറിയിച്ചു. പൂർണതോതിൽ ഉത്പാദനക്ഷമമാകുമ്പോൾ പ്രതിമാസം 100 ദശലക്ഷം ഡോസ് മരുന്നുകൾ പുറത്തിറക്കാനാകുമെന്നാണ് രാകേഷ് മിശ്രയുടെ പ്രതീക്ഷ.

ഐ.സി.എം.ആർ, ഭാരത് ബയോടെക് ഇന്റർനാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങൾ പങ്കാളിത്തം വഹിച്ചും പ്രതിരോധവാക്സിൻ വികസിപ്പിക്കുന്നുണ്ട്. ഇതിനുപുറമേ, ഇന്ത്യയിലെ തന്നെ സൈഡസ് കാഡില ഫാർമസ്യൂട്ടിക്കൽ കമ്പനിയുടെ നേതൃത്വത്തിൽ 'സൈക്കോവ് ഡി വാക്സിൻ' ഗവേഷണവും പുരോഗമിക്കുന്നു.

വാക്സിനുവേണ്ടിയുള്ള കാത്തിരിപ്പ് ഇനി അധികകാലം വേണ്ടിവരില്ല എന്ന ശുഭസൂചനയാണ് ഓരോ ഗവേഷണത്തിന്റെയും പരീക്ഷണത്തിന്റെയും വിജയം നമുക്കു നൽകുന്നത്. പ്രതിരോധമരുന്നുകൾ വൻതോതിൽ ഉത്പാദിപ്പിക്കുന്നതിനുമുമ്പ് മൂന്നു ഘട്ടങ്ങളിലായി നടത്തുന്ന പരീക്ഷണങ്ങളും വിജയിക്കണമെന്ന ലോകാരോഗ്യസംഘടനയുടെ നിബന്ധനയാണ് കാലതാമസം വരുത്തുന്നതെന്നാണ് പൊതുവേയുള്ള അഭിപ്രായം.

കർശനമായ അച്ചടക്കവും കരുതലും രോഗത്തെ പ്രതിരോധിക്കുന്നതിന് അനിവാര്യമാണ്. അശ്രദ്ധമൂലം രോഗം പകർന്ന സംഭവങ്ങൾ നിരവധിയാണ്. സമ്പർക്കത്തിലൂടെ രോഗബാധിതരാകുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നു. രോഗലക്ഷണങ്ങളില്ലാത്തവർപോലും പരിശോധനകൾക്കൊടുവിൽ പോസിറ്റീവായി മാറുന്നു. വ്യക്തിശുചിത്വവും പരിസരശുചിത്വവും രോഗം പടരാതിരിക്കുന്നതിന് അത്യാന്താപേക്ഷിതമാണ്. രോഗിയുടെ മൂക്കിലൂടെയും വായിലൂടെയും പുറത്തേക്കുവരുന്ന സ്രവങ്ങളിലൂടെയാണ് വൈറസുകൾ മറ്റുള്ളവരിലേക്കു പകരുക. ഇത്തരത്തിലുള്ള പകർച്ചകൾ തടയുന്നതിനാണ് മാസ്ക്ധരിക്കൽ നിർബന്ധമാക്കിയത്. മാസ്ക് ധരിക്കാൻ നിർബന്ധിക്കുന്നത് തങ്ങളുടെ സ്വകാര്യതയുടെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയുംമേലുള്ള കടന്നുകയറ്റമാണെന്നു ശഠിച്ച യൂറോപ്യൻരാജ്യങ്ങളിലെയും അമേരിക്കയിലെയും ജനങ്ങൾക്കിടയിലാണ് രോഗം അതിവേഗം പടർന്നത്. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുപോലും ഇത്തരം ചിന്താഗതിക്കാരനായിരുന്നു. മാസ്ക് ധരിച്ചു നടക്കുന്നവർ തന്നെ അംഗീകരിക്കാത്തവരാണെന്നും ട്രംപ് പറഞ്ഞുവച്ചു. യുഎസിൽ രോഗം നിയന്ത്രണാതീതമായതിനു പിന്നിൽ ട്രംപിന്റെ ദുശ്ശാഠ്യം പ്രധാന കാരണമാണ്. രോഗവ്യാപനം ട്രംപ് കൈകാര്യം ചെയ്ത രീതി ഈ വർഷം നവംബറിൽ നടക്കാനിരിക്കുന്ന പ്രസിഡന്റ് തിരഞ്ഞെടുപ്പിനെ സ്വാധീനിക്കും. ഏറ്റവും നല്ല പ്രതിരോധമാർഗ്ഗം മാസ്കു ധരിക്കുന്നതു തന്നെയെന്ന് തിരിച്ചറിഞ്ഞതോടെയാണ് ട്രംപും റിപ്പബ്ലിക്കൻപാർട്ടിക്കാരും തങ്ങളുടെ തെറ്റുതിരുത്താൻ തയ്യാറായത്. സ്പർശനത്തിലൂടെയും വൈറസുകൾ പടരുന്നതിനാൽ സാനിറ്റൈസറിനു ബദലായി കയ്യുറകൾ ധരിക്കണമെന്നു നിഷ്കർഷിക്കുന്നതും അഭിലഷണീയമാണ്.

ശ്വസനനാളിയെയും ശ്വാസകോശങ്ങളെയുമാണ് കൊറോണ വൈറസുകൾ ആക്രമിക്കുന്നത്. തലവേദനയും പനിയും ചുമയും ഉണങ്ങിവരളുന്ന തൊണ്ടയുമാണ് രോഗലക്ഷണങ്ങൾ. ഇത്തരം രോഗലക്ഷണങ്ങൾ നിസ്സാരമെന്നു കരുതി സ്വയംചികിത്സ തിരഞ്ഞെടുക്കുന്നതും വിദഗ്ധരായ ഡോക്ടർമാരെ സമീപിക്കാതെ മരുന്നുവാങ്ങി കഴിക്കുന്നതും അപകടമാണെന്നും അറിഞ്ഞിരിക്കണം. വൈറസുകൾക്കു ജീവിക്കാനും പെരുകാനും മനുഷ്യന്റെയോ മൃഗത്തിന്റെയോ ശരീരമാവശ്യമാണ്. ഭക്ഷ്യപദാർത്ഥങ്ങളിൽ ജീവിക്കാനും പെരുകാനും വൈറസുകൾക്കു ശേഷിയില്ലെന്നും തെളിയിക്കപ്പെട്ടിട്ടുണ്ട്.

കൊറോണവൈറസുകളുടെ വ്യാപനം തടയുന്നതിന് യൂറോപ്യൻ രാജ്യങ്ങളും, തയ്വാൻ, വിയറ്റ്നാം, തെക്കൻകൊറിയ, ജപ്പാൻ, ന്യൂസിലൻഡ് എന്നീ രാജ്യങ്ങളും സ്വീകരിച്ച ശക്തമായ നടപടികളും ബോധവത്കരണവും ഇവിടെയും നടപ്പാക്കിയേ തീരൂ. ഇക്കഴിഞ്ഞ മേയ് ഒന്നിനുശേഷം ഒരു കൊവിഡ് കേസുപോലുമില്ലാതെ നൂറു ദിവസം പിന്നിട്ട ന്യൂസിലൻഡിന്റെ പ്രധാനമന്ത്രി ജസീന്താ ആർഡേൻ സ്വീകരിച്ച നടപടികളാണ് ഏറ്റവും ശ്രദ്ധേയമായത്. സർക്കാർനിയങ്ങളോടുള്ള ജനങ്ങളുടെ സഹകരണം കൊവിഡ് മഹാമാരിയെ ഇല്ലായ്മ ചെയ്യാൻ അതിപ്രധാനവുമാണ്. □

---

കവിത

രാജു പാമ്പാടി

## സായാഹ്നവിചാരങ്ങൾ

ശങ്കിച്ചു വന്നെന്റെയുമ്മറവാതിലിൽ
എത്തിനോക്കുന്നു തണുപ്പുള്ള സന്ധ്യകൾ,
പടികളോരോന്നും ചവിട്ടിയെത്തീടുന്നു
നിഴൽ മറയത്തു ചിരിക്കും നിലാവുകൾ.

പുലരാതെ നീളും കറുത്തയിരവുകൾ,
കദനം കനംതൂങ്ങുമിരുളിൻ മറവുകൾ
വെറുതേ ചിരിക്കും പുൽനാമ്പു തലനീട്ടി
ഒരുപാടു കാര്യം പറയുന്ന മാത്രകൾ.

പുലരി കൊഴിച്ചിട്ടു വാടിക്കരിയുന്ന
നിറമേഴുമണിയുന്ന പൂവിന്റെ ചെണ്ടുകൾ
ഇലയിൽ, തളിരിൽ, പടരുന്ന ശാഖയിൽ
ഇടതൂർന്നു പെയ്തുനിന്നീടുന്ന വർഷങ്ങൾ.

ഹൃദയത്തിലെവിടെയോ കരയുന്ന കിളിയുടെ
ജഡമരഞ്ഞു തീർന്ന ഭീതമാം കാഴ്ചകൾ,
പഴയ ബന്ധങ്ങളിൽ സ്നേഹം കിനിയുന്ന
നിമിഷങ്ങൾ തന്നുടെ തൂമൊഴിമുത്തുകൾ

അരികിലാരോയെത്തി വന്നുനിന്നു കയ്യാൽ-
ത്തഴുകിത്തലോടിപ്പറയുന്ന വാക്കുകൾ,
തങ്ങളിൽ പങ്കിട്ടു തിന്നും കുടിച്ചും തി-
മിർത്തു ജീവിക്കുമയൽപ്പക്കക്കൂട്ടുകൾ

മുമ്പിലൂടെന്നും പ്രദക്ഷിണം വെക്കുന്ന
മുൻകാലജീവിതത്തിൻ ചലച്ചിത്രങ്ങൾ,
ഇന്നിവിടേകനായ് മൂകമിരിക്കുമ്പോൾ
വന്നുപോകുന്ന ഗതകാലദൃശ്യങ്ങൾ.

Deepanalam Weekly
RNI No : 16998/68
Vol. 53 No. 16 Date of Publication 13 August 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com